# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈക്കം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം പി17-177/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 19/03/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വൈക്കം മുനിസിപ്പാലിറ്റി

സർ,

**വിഷയം : വൈക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് കോട്ടയം
3.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.കെ.ടി.എം പി17-177/24 തീയ്യതി: 19/03/2024

## കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 25-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 24-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുലത ഡി,ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)

രതീഷ് സി ആർ,ഓഡിറ്റ് ഓഫീസർ

സുമേഷ് പി വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സജിമോൾ വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ആൽബിൻ സിറിയക്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ജ്യോതിലക്ഷ്മി ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേണുക രതീഷ് | ചെയർപേഴ്സൺ | 01-04-2022 | 05-07-2022 |
| പി റ്റി സുഭാഷ് | ചെയർമാൻ | 06-07-2022 | 24-07-2022 |
| രാധികാ ശ്യാം | ചെയർപേഴ്സൺ | 25-07-2022 | 31-03-2023 |
| രമ്യ കൃഷ്ണൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റെഹിയാനത്ത് ബീവി കെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ആതിര എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 06-01-2023 | 17-01-2023 |
| ശ്രീമോൾ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 18-01-2023 | 01-03-2023 |
| അഞ്ജന ആർ നായർ | ഐ സി ഡി എസ് സൂപ്പർവൈസർ | 02-03-2023 | 31-03-2023 |
| ജയകുമാർ ബി | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.സ്മിത രജിത്കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.അനിൽകുമാർ വി വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| കണ്ണൻ ബി | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| പ്രിയാമോൾ വി എസ്സ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| മായാ ഗോപാൽ | താലൂക്ക് വ്യവസായ ഓഫീസർ | 01-04-2022 | 31-03-2023 |
| ഷാലിമോൾ എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഷീലാ റാണി ആർ | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| സിബിമോൻ ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 28-06-2022 |
| റീബ തങ്കച്ചൻ | ഡയറി എക്സ്റ്റൻഷേൻ ഓഫീസർ | 29-06-2022 | 16-07-2022 |
| സിബിമോൻ ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-07-2022 | 16-10-2022 |
| റീബ തങ്കച്ചൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-10-2022 | 16-11-2022 |
| രാജി എസ് മണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2022 | 31-03-2023 |
| ഡോ.അനിതാ ബാബു | മെഡിക്കൽ ഓഫീസർ | 01-04-2022 | 24-08-2022 |

| | | | |
|---|---|---|---|
| | ഗവ.താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ | | |
| ഡോ ആരതി രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ ഗവ.താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ | 25-08-2022 | 27-02-2023 |
| ഡോ.ശ്രീകുമാർ എ ഡി | മെഡിക്കൽ ഓഫീസർ ഗവ.താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ | 28-02-2023 | 15-03-2023 |
| ഡോ.ടിങ്കിൾ പ്രഭാകരൻ | മെഡിക്കൽ ഓഫീസർ ഗവ.താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ | 16-03-2023 | 31-03-2023 |
| ഡോ. നിർമ്മലാ പ്രിയദർശിനി | വെറ്ററിനറി സർജൻ | 01-04-2022 | 31-07-2022 |
| ഡോ.ബിജു.കെ.വർഗീസ് | വെറ്ററിനറി സർജൻ | 01-08-2022 | 31-12-2022 |
| ഡോ.എസ് ശെങ്കോട്ടയ്യൻ | വെറ്ററിനറി സർജൻ | 01-01-2023 | 31-03-2023 |
| അജിത്ത് വി പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 31-08-2022 |
| ബിനു കെ ജോർജ്ജ് | ഹെൽത്ത് ഇൻസ്പെക്ടർ | 06-09-2022 | 19-02-2023 |
| പ്രേംചന്ദ് പി എൽ | ഹെൽത്ത് സൂപ്പർവൈസർ | 20-02-2023 | 31-03-2023 |

01/09/2022 മുതൽ 05/09/2022 വരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | നഗരസഭ ജനറൽ ഫണ്ട് - കൃത്യത ഉറപ്പാക്കാനായിട്ടില്ല. | 1-1-1 |
| 3 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത ഉറപ്പാക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. | 1-1-2 |
| 4 | Unsecured Loan ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. | 1-1-3 |
| 5 | നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല. | 1-1-4 |
| 6 | ഭവനനിർമ്മാണം - പ്രീപെയ്ഡ് എക്സ്പെൻസസ് കൃത്യമല്ല | 1-1-5 |
| 7 | ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. | 1-1-8 |
| 10 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. | 1-1-10 |
| 12 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-12 |
| 14 | ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-1-13 |
| 15 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ -വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-14 |
| 16 | വാഹനം ആസ്തിയിൽ ഉൾപ്പെടുത്തിയില്ല. | 1-1-15 |
| 17 | വേറിട്ട് സൂക്ഷിക്കേണ്ട ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്നത് മൂലമുള്ള തെറ്റായ അക്കൗണ്ടിങ്ങ്. | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | വാർഷികപദ്ധതി | 1-5 |
| 22 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണസംവിധാനം. | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | സാമ്പത്തിക അവലോകനം -വൈക്കം നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ - 17.5 കോടിയിലധികം രൂപയുടെ സാമ്പത്തിക ബാധ്യത - | 1-11 |
| 28 | അധികവിഭവസമാഹരണം | 1-12 |
| 29 | കെ-സ്മാർട്ട് അവലോകനം | 1-13 |
| 30 | എസ് സിപി ഫണ്ട് വിനിയോഗത്തിലെ കുറവ്- തുടർ വർഷത്തിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വന്നതുമൂലം 2023-24 പൊതുവിഭാഗം ഫണ്ടിൽ നിന്നും 36.54 ലക്ഷം രൂപ കുറയുന്നു. | 1-14 |
| 31 | പെർമിറ്റില്ലാതെ നഗരസഭാ പരിധിയിൽ നിർമ്മാണപ്രവൃത്തി നടക്കുന്നു | 1-15 |
| 32 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-16 |
| 33 | വസ്തുനികുതിയിൽ നിശ്ചിത പിരിവ് ശതമാനം കൈവരിക്കപ്പെടാത്തതിനാൽ വികസന ഫണ്ട് വിഹിതത്തിൽ നിന്നും 1% കുറവ് ചെയ്യപ്പെട്ടു. | 1-17 |

| | | |
|---|---|---|
| 34 | വസ്തുനികുതി നിർണ്ണയം - തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല. | 1-18 |
| 35 | വസ്തുനികുതി നിർണ്ണയം - റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല. | 1-19 |
| 36 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു. | 1-20 |
| 37 | സ്ഥാപന തൊഴിൽ നികുതി - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-21 |
| 38 | ലൈസൻസ് അനുവദിക്കൽ - അനുബന്ധ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. | 1-22 |
| 39 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-23 |
| 40 | മത്സ്യ മാർക്കറ്റ് ഫീസ് ലേല തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | 1-24 |
| 41 | വാടക ഇനത്തിൽ 15 ലക്ഷത്തിലേറെ രൂപ ഈടാക്കാനവശേഷിക്കുന്നു. | 1-25 |
| 42 | നഗരസഭ ടൗൺ ഹാൾ -വാടക കുടിശ്ശിക ഈടാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല. | 1-26 |
| 43 | വാടക – പൊതു അപാകതകൾ | 1-27 |
| 44 | ഇ ടെൻഡർ ഫീസിനത്തിൽ 2017-18 മുതലുള്ള 4 ലക്ഷത്തിലധികം രൂപ നഗരസഭാ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല. | 1-28 |
| 45 | അസറ്റ് മാനേജ്മെന്റും ആസ്തി സംരക്ഷണ പ്ലാനും സമഗ്രമല്ല | 1-29 |
| 46 | ആസ്തികളും അവകാശങ്ങളും വരുമാനവർദ്ധനവിനായി പ്രയോജനപ്പെടുത്തുന്നില്ല | 1-30 |
| 47 | വാഹനങ്ങളുടെ പരിപാലനചട്ടങ്ങൾ കൃത്യമായി പാലിക്കുന്നില്ല. | 1-31 |
| 48 | ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കുന്നില്ല -2012-2013 മുതലുള്ള കുടിശ്ശിക 52.69 ലക്ഷം രൂപ | 1-32 |
| 49 | സെൻട്രൽ പെൻഷൻ ഫണ്ട് വിഹിതം , പ്രോവിഡന്റ് ഫണ്ട് തുക എന്നിവ യഥാസമയം അടവാക്കുന്നില്ല. | 1-33 |
| 50 | ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക പി.എഫിൽ ലയിപ്പിക്കാതെ പണമായി നൽകി | 1-34 |
| 51 | എൻ.പി.എസ്. വിഹിതം ജീവനക്കാരന് തിരികെ നൽകി - നടപടിക്രമങ്ങളിൽ അപാകത. | 1-35 |
| 52 | വെള്ളക്കരം സമയബന്ധിതമായി ഒടുക്കാത്തതിനാൽ പിഴ ഇനത്തിൽ 5290 രൂപയുടെ അധികച്ചെലവ് | 1-36 |
| 53 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ തുക കുടിശ്ശിക ഇനത്തിൽ ബാധ്യത | 1-37 |
| 54 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ്- തനത് ഫണ്ടിന് ഭീമമായ നഷ്ടം. | 1-38 |
| 55 | മുൻവർഷങ്ങളിൽ അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-39 |
| 56 | തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി അനുവദിച്ച തുക റീ ക്ലപ്പ് ചെയ്യാനവശേഷിക്കുന്നു. | 1-40 |
| 57 | സിസിടിവി ക്യാമറയ്ക്കുള്ള ഒ.എഫ്.സി കേബിളുകൾ വലിച്ച ഇലക്ട്രിക് പോസ്റ്റിന്റെ വാടക നഗരസഭ യഥാസമയം ഒടുക്കുന്നില്ല. | 1-41 |
| 58 | മഴക്കാല പൂർവ്വ ശുചീകരണം- അനുബന്ധ രേഖകൾ ലഭ്യമായിട്ടില്ല. | 1-42 |
| 59 | പ്രവർത്തനം നിർത്തിയ കോലോത്തും കടവ് -ഐസ് പ്ലാന്റ് - നഗരസഭയ്ക്ക് ബാധ്യത | 1-43 |
| 60 | ഫീസൊടുക്കിയെങ്കിലും മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ലഭ്യമായിട്ടില്ല. | 1-44 |
| 61 | ഖരമാലിന്യപരിപാലനപദ്ധതി വിജയകരമായില്ല- 23 ലക്ഷത്തിലധികം രൂപയുടെ ധനസഹായം നഷ്ടമായി. | 1-45 |
| 62 | അങ്കണവാടി ആരംഭിക്കാൻ അനുമതി ലഭിച്ചില്ല. അനുമതി ലഭിക്കാതെ നിർമ്മിച്ച അങ്കണവാടി കെട്ടിടം വനിതാശിശുക്ഷേമവകുപ്പിന് കൈമാറി. | 1-46 |
| 63 | തീയേറ്റർ കോംപ്ലക്സ് - അനുമതി ഇല്ലാതെയുള്ള നിർമ്മാണപ്രവർത്തനം- കരാർവ്യവസ്ഥകളിൽ അവ്യക്തത. | 1-47 |
| 64 | മടിയത്തറ വിഎച്ച്.എച്ച് എസ് - ൽ ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-48 |
| 65 | കോവിലകത്തുകടവ് മാർക്കറ്റിൽ ശുചിത്വസമുച്ചയം - പദ്ധതി പൂർത്തീകരിച്ചില്ല - | 1-49 |

| | | |
|---|---|---|
| 66 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തീകരിച്ചിട്ടില്ല | 1-50 |
| 67 | താലൂക്ക് ആശുപത്രിയിൽ ഇമ്പൂർമൂഴി യൂണിറ്റ് - തുടർ പരിപാലനം സബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല | 1-51 |
| 68 | ലെഗസി വെയിസ്റ്റ് കൈമാറൽ– വെയിംഗ് ബ്രിഡ്ജ് രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-52 |
| 69 | വീട് പുനരുദ്ധാരണം പദ്ധതി - അപേക്ഷകളും രേഖകളും ഹാജരാക്കിയിട്ടില്ല | 1-53 |
| 70 | റോഡ് കണക്റ്റിവിറ്റി മാപ്പ് - പദ്ധതി നടപ്പാക്കിയിട്ടില്ല | 1-54 |
| 71 | വിനിയോഗവിവരം ലഭ്യമായില്ല. | 1-55 |
| 72 | മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച് | 1-56 |
| 73 | പി.എം.എ.വൈ - അവലോകനം. | 1-57 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്റ്റിനായി ചെലവഴിച്ച തുകയുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വൈക്കം നഗരസഭയുടെ 2023 മാർച്ച് 31–ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.07.2023 തീയതിയിലെ 2–ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 25.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വൈക്കം നഗരസഭയുടെ 2022–23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 നഗരസഭ ജനറൽ ഫണ്ട് - കൃത്യത ഉറപ്പാക്കാനായിട്ടില്ല.

ആസ്തി / ബാധ്യതാ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയാകാത്തതിനാൽ 31/03/2023 തീയതിയിലെ നഗരസഭ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

### 1-1-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത ഉറപ്പാക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

നഗരസഭയ്ക്ക് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. പ്രകാരം ആധികാരികമാക്കേണ്ടതായിരുന്നു.ബി-4 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. (ബി-4 ഷെഡ്യൂൾ പ്രകാരം 25.06 കോടി രൂപാ 31.03.2023 ൽ വിവിധയിനം ഗ്രാന്റുകളിൽ വിനിയോഗിക്കാതെ ബാധ്യതയായി അവശേഷിക്കുന്നു.

### 1-1-3 Unsecured Loan ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

ബി - 6 ഷെഡ്യൂളിൽ 331500100 ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയുടെ (Unsecured Loans) ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-4 നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല.

Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ (ഷെഡ്യൂൾ I-18) ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി വിശദമാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അന്തിമമായി സ്ഥിരീകരിക്കാതെ താൽക്കാലികമായി( പ്രൊവിഷണൽ) കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സംബന്ധിച്ച വെളിപ്പെടുത്തൽ നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ നടത്തിയിട്ടില്ല.

### 1-1-5 ഭവനനിർമ്മാണം - പ്രീപെയ്ഡ് എക്സ്പെൻസസ് കൃത്യമല്ല

ബി-5 ഷെഡ്യൂളിലെ സെക്യൂർഡ് ലോൺ - 33,218,905/-രൂപ ബി-16 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

.സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി നഗരസഭയുടെ അസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള ബസ് സ്റ്റാൻഡുകളുടെ (ദളവാക്കുളം ബസ് സ്റ്റാൻഡ്,പഴയ ബസ് സ്റ്റാൻഡ്) മൂല്യം ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

### 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേസ് റിട്ടെൻഷൻ (340100301), വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ്(340200300) എന്നീ നിക്ഷേപങ്ങളുടെ 2022-23 വർഷത്തെ മുന്നിരിപ്പ് വിശദാംശം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബി-7 ഷെഡ്യൂൾ പ്രകാരം ബാധ്യതയായി കണക്കാക്കിയിട്ടുള്ള ഡെപ്പോസിറ്റ് തുകയുടെ കൃത്യതയും (1.26 കോടി രൂപ) ബി-18 ഷെഡ്യൂൾ പ്രകാരം ആസ്തിയായി കണക്കാക്കിയിട്ടുള്ള നിക്ഷേപ തുകയുടെ (7.38 കോടി രൂപ) വിശദാംശങ്ങൾ ലഭ്യമല്ല.

**1-1-9 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് ഉൾപ്പെടെ മറ്റ് ബാധ്യതകൾ എന്ന ഇനത്തിൽ ബി-9 ഷെഡ്യൂൾ പ്രകാരം 2.73 കോടി രൂപ ബാധ്യത ചേർത്തിട്ടുള്ളതിന്റെയും കൃത്യത വ്യക്തമല്ല. നഗരസഭയ്ക്ക് വർഷങ്ങളായി മുൻസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുകയോ പെൻഷൻ അംശദാനം കൃത്യമായി ഒടുക്കുകയോ ചെയ്യുന്നില്ല. ഇക്കാരണത്താൽ മുൻസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കാനുള്ള അംശദാന ബാധ്യതയായി കാണിച്ചിട്ടുള്ള തുകയുടെ (കോഡ് നം 350110600 തുക 1.64 കോടി രൂപ ) കൃത്യത വ്യക്തമല്ല. മുൻസിപ്പൽ കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേയ്ക്കുള്ള ബാധ്യത തിട്ടപ്പെടുത്തി ബി 9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-10 ബി-9 ഷെഡ്യൂളിൽ ഉൾപെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.**

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പെൻഷൻഫണ്ട് ഉൾപ്പെടെയുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

**1-1-11 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപെട്ടിട്ടില്ല**

കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2011 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ കണക്കുകൾ സംബന്ധിച്ച് സെക്രട്ടറി സ്വമേധയാ നടത്തേണ്ട വെളിപ്പെടുത്തലുകൾ ലഭ്യമല്ല. (Non Disclosure Of Material Facts) . വിവിധ ധനകാര്യ സൂചകങ്ങളുടെ വിശകലനവും സാധ്യമായിട്ടില്ല.

**1-1-12 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

**1-1-13 ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.**

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| ട്രഷറി പി.ഡി. | 500 |
| ട്രഷറി MF(നം. 1-665) | 1 |

**1-1-14 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ -വിശദാംശങ്ങൾ ലഭ്യമല്ല.**

2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് അക്കൗണ്ടിൽആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

### 1-1-15 വാഹനം ആസ്തിയിൽ ഉൾപ്പെടുത്തിയില്ല.

ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (230/22-23) വാങ്ങൽ നടത്തിയ വാഹനം ആസ്തിയായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-16 വേറിട്ട് സൂക്ഷിക്കേണ്ട ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്നത് മൂലമുള്ള തെറ്റായ അക്കൗണ്ടിങ്ങ്.

നഗരസഭയുടെ തനത് ഫണ്ടുമായി ഇടകലർത്താതെ വേറിട്ട് സൂക്ഷിക്കേണ്ട പെൻഷൻ ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതുമായ പെൻഷൻ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ച് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നു. റഗുലർ/കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ അംശദാനം ഒടുക്കുന്ന ഇനത്തിലെ ചെലവ് കണക്കുകൾ അക്കൗണ്ട് ചെയുന്നതിനുള്ള അക്കൗണ്ട് ഹെഡുകൾ മാത്രമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ളത്. (പെൻഷൻ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കപ്പെടാവുന്ന ഒരിനമല്ലാത്തതിനാൽ).എന്നാൽ നഗരസഭയുടെ ശോചനീയമായ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ വർഷങ്ങളായി കൃത്യമായി പെൻഷൻ അംശദാനം ഒടുക്കുകയോ പെൻഷൻ ഫണ്ടുകൾ വേറിട്ട് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പെൻഷൻ ബാധ്യത തനത് ഫണ്ടിൽ നിന്നും നൽകി വരുന്നു. മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ളതായി കണക്കാക്കിയിട്ടുള്ള വിഹിതം ബാലൻസ് ഷീറ്റിൽ തനത് ഫണ്ടിലേയ്ക്കുള്ള റിസീവബിൾ ആയി ആസ്തിയിൽ ഉൾപ്പെടുത്താൻ കഴിയില്ല.( ആയത് പെൻഷൻ ഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുകയായതിനാൽ.) പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ള തുകയുടെ ബാധ്യത പെൻഷൻ ഫണ്ടിന്റെ ബാധ്യതയായി കണക്കാക്കപ്പെടേണ്ട തുക ആയതിനാൽ തനത് ഫണ്ടിന്റെ ബാധ്യതയായും കണക്കാക്കാൻ കഴിയില്ല. നഗരസഭയിൽ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്ന പെൻഷൻ ചെലവുകൾ പെൻഷൻ അംശദാനം ഇനത്തിലെ ചെലവ് കാണിക്കേണ്ട അക്കൗണ്ട് ഹെഡിലാണ് ഉൾപ്പെടുത്തി വരുന്നത്. ഇക്കാരണത്താൽ പെൻഷൻ അംശദാനം ഇനത്തിൽ മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കും നഗരസഭയിൽ തന്നെ സൂക്ഷിക്കേണ്ട മുനിസിപ്പൽ കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേയ്ക്കും ഒടുക്കാൻ അവശേഷിക്കുന്ന തുക കൃത്യമായി നിർണ്ണയിച്ച് ബാധ്യത കണക്കിൽ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടില്ല. സമാനമായ സാഹചര്യം മറ്റ് നഗരസഭകളിലും നിലനിൽക്കുന്നതിനാൽ ഇത് വൈക്കം നഗരസഭയിൽ മാത്രം നിലനിൽക്കുന്ന ഒരു ഒറ്റപ്പെട്ട അപാകതയായി കണക്കാക്കാനാവില്ലയെങ്കിലും ശരിയായ ശീർഷകങ്ങളിലുള്ള കണക്കുകളുടെ ക്രോഡീകരണത്തേയും ശരിയായ ആസ്തി ബാധ്യതാ നിർണ്ണയത്തെയും പ്രതികൂലമായി ബാധിക്കുന്ന അപാകതയായി തുടരുന്നു.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 23.03.2023 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം മേൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പരിഷ്കരിച്ച ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | യഥാർത്ഥ ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 34,40,857.00 | 12383811 |
| വരവ് | 31,97,86,300.00 | 301300759 |
| ആകെ | 32,32,27,157.00 | 313684570 |
| ചെലവ് | 31,97,50,000.00 | 302847165 |
| നീക്കിയിരിപ്പ് | 34,77,157.00 | 10837405 |

### 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 23,045,923.27/- |
| ഓഡിറ്റ് വർഷത്തെ വരവ് | 154,029,944/- |
| ആകെ | 177,075,867.27/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 139,151,604/- |
| നീക്കിയിരിപ്പ് | 37,924,263.27/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 184,739,808/- |
| ആകെ ചെലവ് | 186,293,275/- |
| പ്രവർത്തന നഷ്ടം | (1,553,467) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 8,606,351 |
| അറ്റ പ്രവർത്തന നഷ്ടം | (10,159,818) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4245117/- |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23385906 | 23385906 | 18551552 | 4834354 | 79 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11740374 | 11740374 | 4140753 | 7599621 | 35 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | ---- | ---- | -- | --- | |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 20020000 | 20020000 | 8925867 | 11094133 | 45 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 8963000 | 8963000 | 8636120 | 326880 | 96 |
| സെൻട്രൽ | 1471662 | 7592925** | 9064587 | 8035090 | 1029497 | 88.64 |

| | | | | | | |
|---|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 5586263 | 13598766 * | 19185029 | 13680260 | 5504769 | 71 |
| സ്വച്ഛ് ഭാരത് | 119003 | 1681348 | 1800351 | 1716624 | 83727 | |
| സാക്ഷരത | 39076 | 1509 | 40585 | 2000 | 38585 | |
| ഹെൽത്ത് ഗ്രാന്റ് | 0 | 8327096 | 8327096 | 0 | 8327096 | |

* (പലിശ 196104 രൂപ, മുൻവർഷചെലവായി കണക്കാക്കിയ തുകയിൽ നിന്നും ബനിഫഷറി അക്കൗണ്ട് നമ്പർ നൽകിയതിലെ അപാകത കാരണം അക്കൗണ്ട് ട്രാൻസ്ഫർ പൂർണ്ണമാകാതെ തിരികെ ക്രെഡിറ്റ് ചെയ്യപ്പെട്ട 18000 രൂപ എന്നിവ ഉൾപ്പെടെ.)

** (മുൻവർഷചെലവ് ആയ കണക്കാക്കിയ തുകയിൽ നിന്നും ബനിഫഷറി അക്കൗണ്ട് നമ്പർ നൽകിയതിലെ അപാകത കാരണം തിരികെ ക്രെഡിറ്റ് ചെയ്യപ്പെട്ട 42888 രൂപ ഉൾപ്പെടെ.)

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, വിഹിതത്തിൽ നിന്ന് 4580734 രൂപ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുക ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുക ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ നേരിട്ട് ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല.

2. 2021-22 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ ഉ (കൈ) നം 179/2022/ധന തീ. 18.10.2022) 267720/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തു.

3. മുൻവർഷത്തെ എസ്.സി.പി ഫണ്ടിന്റെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ തൻവർഷം 3118374 രൂപ എസ് സി പി പരിഹാരവകയിരുത്തലായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ക്രമീകരിച്ചിട്ടുണ്ട്.2022-23ലെ എസ്.സി.പി ഫണ്ടിന്റെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ 2023-24ൽ നടത്തേണ്ട പരിഹാരവകയിരുത്തൽ സംബന്ധിച്ച അനുബന്ധം 1 ഫോറം 1 പ്രകാരം നഗരസഭക്ക് 2022-23 വർഷം ലഭിച്ച യഥാർത്ഥ എസ് സി പി വിഹിതം 9742916 രൂ മാത്രമായാണ് പരിഗണിച്ചിട്ടുള്ളത്. എസ്.സി.പി ഫണ്ട് വിനിമയം സംബന്ധിച്ച കണക്കുകളിൽ ഗ്രാന്റ് വിനിയോഗ പത്രികയും മേൽ പരാമർശിച്ച അനുബന്ധം പ്രകാരമുള്ള കണക്കുകളും തമ്മിലുള്ള വ്യത്യാസത്തിന് കാരണം വിശദീകരിക്കേണ്ടതാണ്.

4. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

5 ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 196104/- രൂപ ടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല.

6. ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രിക, എ സി ആർ,

സുലേഖ ചെലവ് പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക തകരാർ മൂലം യഥാർത്ഥിൽ ചെലവായ 795959 രൂപ സുലേഖ പത്രിക ,ഗ്രാന്റ് പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ലെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

7.ട്രഷറിയിൽ യഥാർത്ഥത്തിൽ പാസ്സാകാത്ത ബില്ലുകൾ ചെലവായി രേഖപ്പെടുത്തൽ വരുത്തിയതിനാൽ വികസന ഫണ്ട്(ജനറൽ), ഫണ്ടിന്റെ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവിനേക്കാൾ 235000 രൂപ കൂടുതലായാണ് സാംഖ്യ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടുള്ളത്

മേൽ പരാമർശിച്ച അപാകതകൾക്കും പൊരുത്തക്കേടുകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) പുറപ്പെടുവിക്കുന്നത്.

## 1-5 വാർഷികപദ്ധതി

കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിലധിഷ്ഠിതമായ സുസ്ഥിരവികസനം സാധ്യമാക്കുക എന്നതും സാമ്പത്തികവികസനത്തിന് ഗതിവേഗം നൽകുക എന്നതുമാണ് 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളിൽ പ്രധാനമായിട്ടുള്ളത്. നഗരസഭയുടെ 22-23 ലെ വാർഷികപദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും പ്രസ്തുത ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയിട്ടുണ്ടെങ്കിലും ആയതനുസരിച്ചുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നിർവ്വഹണഘട്ടത്തിൽ ഉണ്ടായിട്ടില്ല. നഗരസഭകളും കോർപ്പറേഷനുകളും 2022-23മുതൽ 2026-27വരെയുള്ള കാലയളവിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിന് 19-4-22-ൽ തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖാ ഉത്തരവ് സ.ഉ.(കൈ) നം 86/2022 അനുസരിച്ചുള്ള പ്രവർത്തനഘട്ടങ്ങൾ പാലിച്ചാണ് വൈക്കം നഗരസഭ 2022-23-ലെ വാർഷികപദ്ധതി രൂപീകരിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവർത്തനഘട്ടങ്ങൾ വിലയിരുത്തുന്നതിന് ഇതിന്റെ ഭാഗമായി നടത്തിയിട്ടുള്ള യോഗങ്ങളുടേയും നടപടിക്രമങ്ങളുടേയും വിവരങ്ങൾ കൃത്യമായി എഴുതിച്ചേർത്ത് ബന്ധപ്പെട്ട മിനിറ്റ്സ് രേഖകൾ ആധികാരികമാക്കിയിട്ടില്ല. ലഭ്യമായ വിവരങ്ങൾപ്രകാരം നഗരസഭയുടെ പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് പ്രധാന അംഗങ്ങളുടേയും ആദ്യയോഗം | 23-12-21 |
| ആസൂത്രണസമിതിയോഗം | 10-1-22 |
| നിർവ്വഹണോദ്യോഗസ്ഥരുടേയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടേയും സംയുക്തയോഗം | 19-1-22<br>16/02/22 |
| പ്രത്യേകവാർഡുസഭ | 9-3-22 |
| ഘടകസ്ഥാപനമേധാവികളുടെ യോഗം | 11-3-22 |
| വികസനസെമിനാർ | 6-6-22 |
| പദ്ധതിരൂപീകരണ വാർഡുസഭകൾ | 17-5-22മുതൽ 23-5-22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 20-9-22 |
| കരട് പദ്ധതി അംഗീകാരം | 23.07.22ലെ I(1) തീരുമാനം |

ജില്ലാ ആസൂത്രണസമിതിയുടെ 01.03.23ലെ 81892/ DPO/DPC/KTM നമ്പർ നടപടി ഉത്തരവു പ്രകാരം വാർഷികപദ്ധതിക്ക് നിർവ്വഹണാംഗീകാരം ലഭിച്ചിരുന്നു. അംഗീകാരം കിട്ടിയ 260 പ്രോജക്ടുകൾക്കായി വിവിധ വിഭവ സ്രോതസ്സുകളിൽനിന്ന് ആകെ 13,39,11,265- രൂപ വകയിരുത്തിയിരുന്നെങ്കിലും 170 പ്രോജക്ടുകൾക്കായി ആകെ 6,30,16,871/- രൂപ മാത്രമേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ.

വാർഷികപദ്ധതിച്ചെലവ് അടങ്കലിന്റെ 47% മാത്രമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്ടിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 1550000 | 1550000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 450000 | 448276 | 99.6 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 6360000 | 810000 | 12.74 |
| കൃഷി ഓഫീസർ | 3 | 3 | 1986000 | 1677000 | 84.44 |
| സെക്രട്ടറി | 55 | 43 | 4,09,82,392 | 1,99,66,232 | 48.72 |
| ഹെഡ്മാസ്റ്റർ | 4 | 4 | 268380 | 265168 | 98.8 |
| വെറ്ററിനറി സർജൻ | 5 | 5 | 10,56000 | 7,37,493 | 69.84 |
| ഡെപ്യൂട്ടി ഡയറക്ടർ ,ക്ഷീരവികസനം | 1 | 1 | 800000 | 800000 | 100 |
| പ്രോജക്ട് ഓഫീസർ, പി.എ.യു | 32 | 28 | 1,52,68,233 | 90,56,871 | 59.22 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 10 | 9 | 49,23029 | 4145175 | 84.2 |
| മുനിസിപ്പൽ എഞ്ചിനീയർ | 141 | 69 | 5,51,18,814 | 2,00,22,021 | 36.33 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 38,89,889 | 25,97,107 | 66.77 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 12,58,528 | 9,41,528 | 74.81 |
| ആകെ | 260 | 170 | 13,39,11,265 | 6,30,16,871 | 47.06 |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല– 2.91 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു**

2022-23 കാലയളവിൽ വിവിധ വിഭാഗങ്ങളിലായി ലഭിച്ച സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും പൂർണ്ണമായി ഫലപ്രദമായില്ല. പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2 പ്രോജക്ടുകൾക്കായി 63.6 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 8.1 ലക്ഷം രൂപ മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ ( ചെലവുശതമാനം 12.7) .അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 141 പ്രോജക്ടുകളിൽ 69 പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിക്കാനായിട്ടുള്ളൂ. (ചെലവ് ശതമാനം 36%) . ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാകുന്നു. വിവിധ ഫണ്ടുകളുടെ വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ

എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 48,34,354 |
| എസ് സിപി | 75,99,621 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,10,94,133 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 3,26,880 |
| സിഎഫ് സി ഗ്രാന്റ് -ടൈഡ്(ട്രഷറി) | 3705663 |
| സിഎഫ് സി ഗ്രാന്റ് -അൺടൈഡ്(ട്രഷറി) | 1602887 |
| **ആകെ** | **2,91,63,538** |

മേൽവിവരിച്ച പ്രകാരം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുകയിൽ 80% എന്ന വിനിയോഗലക്ഷ്യത്തിൽ കുറവായ തുക നഗരസഭയ്ക്ക് ആത്യന്തികമായി നഷ്ടമായി. ( വികസന ഫണ്ട് -എസ്.സി.പി ഫണ്ടും ആസ്തി സംരക്ഷണ ഗ്രാന്റ-റോഡ് വിഹിതവും 50% പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.ഈ ഇനങ്ങളിൽ ഗണ്യമായ തുക ആത്യന്തികമായി നഷ്ടമായി.) മിനിമം 80% എന്ന വിനിയോഗലക്ഷ്യം കൈവരിച്ചിട്ടുള്ള ഫണ്ടുകളുടെ സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിക്കാൻ അർഹതയുണ്ടെങ്കിലും തുടർ വർഷത്തെ ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം ഉറപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 2.91 കോടി രൂ പൂർണ്ണമായി നഷ്ടമാകാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് . പതിനാലാം പദ്ധതി ലക്ഷ്യമിടുന്ന സുസ്ഥിരവികസനം സാധ്യമാക്കുന്നതിന് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വിവിധ ധനസ്രോതസ്സുകളിൽനിന്ന് ലഭ്യമാകുന്ന സാമ്പത്തികസഹായങ്ങൾ പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കപ്പെടുന്നതിലും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടേയും ബഹു. ഭരണസമിതിയുടേയും സജീവശ്രദ്ധയും ഇടപെടലും പ്രവർത്തനങ്ങളും ഉണ്ടാകേണ്ടത് അനിവാര്യമാണ്.

<u>പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭ്യമായ 2.5 കോടിയിലധികം രൂപ ചെലവഴിക്കാനവശേഷിക്കുന്നു.</u>

വാർഷികകണക്ക് B-4 ഷെഡ്യൂൾപ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച 2.5കോടിയിലധികം രൂപ ചെലവഴിക്കാതെ ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലവശേഷിക്കുന്നുണ്ട്. നഗരസഭയിൽ നിക്ഷിപ്തമായ പല അനിവാര്യ ചുമതലകളും നിർവ്വഹിക്കപ്പെടാത്ത സാഹചര്യത്തിലും ഇത്രയേറെ തുക വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നത് ആശാസ്യമല്ല.ഗ്രാന്റുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത ലക്ഷ്യങ്ങൾക്കായി ചെലവഴിക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതും ചെലവഴിക്കാൻ കഴിയാത്തപക്ഷം നിശ്ചിത ഫണ്ട് ശീർഷകങ്ങളിൽ സർക്കാർ/ബന്ധപ്പെട്ട സ്ഥാനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

<u>പട്ടികജാതി വികസനഓഫീസർക്ക് നിർവ്വഹണചുമതല നൽകിയിട്ടില്ല – എസ് .സി വിഭാഗത്തിന്റെ ക്ഷേമത്തിനായി ലഭ്യമായ 60 ശതമാനത്തിലധികം ഫണ്ട് നഷ്ടമായി</u>

നഗരസഭയുടെ 22-23 വാർഷികപദ്ധതിയിൽ പട്ടികജാതി വികസന ഓഫീസർക്ക് പ്രോജക്ടുകളുടെ നിർവ്വഹണചുമതല നൽകിയിരുന്നില്ല. എസ്.സി.പി.ഫണ്ട് വിനിയോഗിച്ച് നടപ്പാക്കേണ്ട പ്രോജക്ടുകൾ മരാമത്ത് വേലകളുടെ നിർവ്വഹണചുമതല വഹിക്കേണ്ട മുനിസിപ്പൽ എൻജീയർക്കുൾപ്പെടെ മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്കാണ് നൽകിയിട്ടുള്ളത്. ഉദാഹരണമായി എസ്.സി വിഭാഗം ഭവനനിർമ്മാണം, എസ്.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി തുടങ്ങിയ പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥൻ മുനിസിപ്പൽ എൻജിനീയറായിരുന്നു. ചുമതലാവിഭജനത്തിലെ പ്രസ്തുത അപാകതയും എസ്.സി.പി ഫണ്ടിന്റെ ചെലവുശതമാനം തീരെ കുറഞ്ഞുപോകുന്നതിനിടയാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

<u>വ്യവസായ വികസന ഓഫീസറുടെ പ്രോജക്ട് നിർവ്വഹണം നാമമാത്രം.</u>

സർക്കാർ സംരംഭകത്വവർഷമായി ആചരിച്ച വർഷമായിരുന്ന 2022-23. വ്യവസായ വികസനഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച രണ്ട് പ്രോജക്റ്റുകൾക്കായി ആകെ 6360000/-രൂപ വകയിരുത്തിയിരുന്നെങ്കിലും 810000/- രൂപ മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. നടപ്പാക്കിയ ഒരു പ്രോജക്റ്റിന്റെ ഗുണഭോക്താക്കളായി 20 പേരെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലുണ്ടായിരുന്നെങ്കിലും 9 പേർ മാത്രമേ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളൂ. സർക്കാർ നയത്തിനനുസൃതമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക സാമ്പത്തികവികസനം ലക്ഷ്യമാക്കിയും ആവിഷ്കരിക്കുന്ന പ്രോജക്റ്റുകൾ ഭാഗികമായി മാത്രം നടപ്പാക്കുന്നത് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സുസ്ഥിര സാമ്പത്തിക ലക്ഷ്യം കൈവരിക്കുന്നതിനും തടസ്സമുണ്ടാക്കുന്നു.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല**

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ളതും നഗരപ്രദേശത്ത് അധിവസിക്കുന്നതുമായ ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

**ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും**

പദ്ധതി പ്രകാരം ഓരോ നഗരസഭയും ഓരോ സാമ്പത്തിക വർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. വൈക്കം നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | 270839533 |
| വേതനം | 24948109 |
| സാധന വിഹിതം | 243006 |
| തൊഴിൽ ദിനങ്ങൾ | 101268 |
| ആകെ പ്രവൃത്തികൾ | 190 |

2022-23സാമ്പത്തിക വർഷം 522520തൊഴിൽ ദിനങ്ങളും 705 പ്രവൃത്തികളും നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നെങ്കിലും 101268 തൊഴിൽ ദിനങ്ങളും 190 പ്രവൃത്തികളും മാത്രമേ നടപ്പാക്കുവാൻ കഴിഞ്ഞുള്ളൂ. ചെലവിൽ ഭൂരിഭാഗവും മുൻവർഷം പൂർത്തിയായ പദ്ധതിയുടെ വേതനം കൊടുക്കുന്നതിന് വേണ്ടിയാണ് നീക്കിവെച്ചത്. ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം മുന്നിൽക്കണ്ട് പദ്ധതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

**സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 2022-23സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 678 |
| 2022-23സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1564 |

| | |
|---|---|
| ടി- വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1564 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1564 |
| നഗരസഭയിലെ ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 257 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 257 |
| നഗരസഭയിലെ ആകെ വാർഡുകളുടെ എണ്ണം | 26 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ വാർഡുസഭകളുടെ എണ്ണം | 26 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 705 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 190 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 190 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 101268 |

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.I14 പ്രകാരമുള്ള ചെലവുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവുകളുമായി പൊരുത്തപ്പെടുന്നുണ്ട്.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 855410.64 | 28662(ബാങ്ക് പലിശ) +24970745 | 25854817.64 | 25806333 | 48484.64 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2022-23 വർഷം പാലാ നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 3086400 | 2399 |
| വിധവാപെൻഷൻ | 6204200 | 4047 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 636600 | 418 |
| വികലാംഗപെൻഷൻ | 2217800 | 1498 |
| വാർദ്ധക്യകാലപെൻഷൻ | 22536200 | 2036 |
| വിവാഹ ധനസഹായം | 210000 | 7 |
| തൊഴിൽ രഹിത വേതനം | 720 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2024 ന് 3.30 പി എംന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

27634/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.01/01/2024 മുതൽ നഗരസഭയുടെ അക്കൗണ്ടിംഗ് സമ്പ്രദായം കെ സ്മാർട്ട് സംവിധാനത്തിലേയ്ക്ക് മാറിയതിനാൽ ഡേ ബുക്ക് ക്യാഷ് ബുക്ക് എന്നിവയുടെ സമ്മറി ലഭ്യമായില്ല.ചിട്ട പ്രകാരമാണ് ക്യാഷ് ബാലൻസ് പരിശോധിച്ചത്.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം.

**ധനമാനേജ്മെന്റ്, വിഭവസമാഹരണം, പൊതുജനസേവനം, പൊതുഭരണം , വിവിധ മേഖലകളിലെ വികസനപ്രവർത്തനങ്ങൾ, രേഖകളുടെ സൂക്ഷിപ്പും ഫയൽമാനേജ്മെന്റും ,ആസ്തിസംരക്ഷണം തുടങ്ങിയ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമതയും പോരായ്മകളും പൊതുവായി ചുവടെ ചേർക്കുംപ്രകാരം വിലയിരുത്തുന്നു.**

**1)ധനമാനേജ്മെന്റ്**

**ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർച്ചയായി പരാമർശിച്ചുപോന്നിട്ടും സെൻട്രൽ പെൻഷൻഫണ്ട് അടവാക്കാനുള്ളതും ലഭിക്കാനുള്ളതുമായ തുകകൾ, വെള്ളക്കരം കുടിശ്ശിക, വൈദ്യുതിചാർജ് കുടിശ്ശിക മുതലായ ബാധ്യതാകണക്കുകളുടെ കൃത്യമായ പരിശോധന നടത്തി യഥാർത്ഥ കണക്കുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ നിലവിലും നഗരസഭ സ്വീകരിച്ചിട്ടില്ല . ആയതിനാൽത്തന്നെ വാർഷികധനകാര്യപത്രികയും ഇവയുടെ കൃത്യമായ വിവരങ്ങൾ പ്രതിഫലിപ്പിക്കുന്നില്ല.**

**2)പൊതുനിയന്ത്രണം**

**നഗരസഭയിലെ ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥർക്ക് ജോലിവിഭജനം നടത്തുക എന്നീ കാര്യങ്ങളിൽ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

**3) അക്കൗണ്ടിംഗ് സംവിധാനം**

**സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായമാണ് ഓഡിറ്റ് വർഷത്തിലും സ്ഥാപനത്തിലുണ്ടായിരുന്നത്. 01.01.2024 മുതൽ കെ-സ്മാർട്ട് സംവിധാനം നഗരസഭയിൽ നടപ്പാക്കി തുടങ്ങി. ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ നിലവിലും പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ 1-1-1 മുതൽ 1-1-16 വരെയുള്ള ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.**

**4) ക്യാഷ്, ബാങ്ക് നിയന്ത്രണം**

**പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പണം സംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്.**

**5) പേ റോൾ നിയന്ത്രണം**

**ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു. ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.**

**6) നികുതി നികിതിയേതര ഇനങ്ങളിൽ വലിയ തുക കുടിശ്ശിക**

**തനത് ഫണ്ടിനത്തിൽ വരുമാനം തീരെ കുറവുള്ള നഗരസഭയ്ക്ക് വാടക കുടിശ്ശികയിനത്തിൽ വലിയ തുകകൾ വർഷങ്ങളായി പിരിഞ്ഞ് കിട്ടാനുണ്ട്. നഗരസഭയുടെ ഷോപ്പിംഗ് കോപ്ളക്സ്, റസ്റ്റ് ഹൗസ് എന്നിവടങ്ങളിലെ നിരവധി മുറികൾ ഒഴിഞ്ഞ് കിടക്കുന്നു. വാടക, ലേലം വരവുകൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് റവന്യൂവിഭാഗം ഉറപ്പാക്കുന്നില്ല. കുടിശ്ശികക്കാർക്ക് തന്നെ വീണ്ടും മുറി ലേലം ചെയ്യനൽകുന്ന സാഹചര്യവും നിലനിൽക്കുന്നു. ലൈസൻസ് ഫീ, തൊഴിൽ നികുതി തുടങ്ങിയവ കൃത്യമായി പിരിക്കാത്തതിനാൽ വരവുനഷ്ടമുണ്ടായിട്ടുണ്ട്. വസ്തു നികുതിയിനത്തിൽ പിരിവ് 90% ൽ കുറവായതിനാൽ വികസനഫണ്ടിനത്തിൽ ലഭിക്കേണ്ടിയിരുന്ന 1% തുക സ്രോതസ്സിൽ കുറവുചെയ്യപ്പെട്ടു.**

**7)രജിസ്റ്ററുകളുടെയും രേഖകളുടേയും സൂക്ഷിപ്പ്**

നഗരസഭയിലെ പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, ഡി ആൻഡ് ഓ ലൈസൻസ്, സംബന്ധിച്ച രജിസ്റ്ററുകൾ, ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമമായി നടപടികൾ സ്വീകരിച്ചിട്ടില്ലയെന്ന് വാടകയിനത്തിലുൾപ്പെടെ നിലനിൽക്കുന്ന കുടിശ്ശികകൾ വ്യക്തമാക്കുന്നു. തൊഴിൽനികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് മൂലം നികുതി ഒടുക്കേണ്ട സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഒടുക്കിയിട്ടുണ്ടോ എന്നകാര്യത്തിൽ വ്യക്തതയില്ല. അർദ്ധവാർഷിക റിട്ടേണുകളിൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉൾപ്പെടുത്താത്തവരെ ഉൾപ്പെടുത്തുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്നും ഒരു ശ്രമവും ഉണ്ടാകുന്നില്ല. ധനവിനിമയം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വസ്തുനികുതി ഒഴിവാക്കി നൽകുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (വിമുക്തഭടന്മാരുടേത് ഉൾപ്പെടെ). സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വാടക രജിസ്റ്റർ, വാഹനങ്ങളുടെ ലോഗ് ബുക്ക് തുടങ്ങിയവ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി പൂർണ്ണവും ആധികാരികവുമാക്കി സൂക്ഷിച്ചിട്ടില്ല.

ചെലവുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലും അപാകത കാണുന്നു. വൗച്ചറുകൾ മാസം തിരിച്ച് സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായി അടുക്കിയോ,അനുബന്ധരേഖകൾ പൂർണമായി ഉൾക്കൊള്ളിച്ചോ സൂക്ഷിയ്ക്കുന്നില്ല. ചില വൗച്ചറുകൾ പല മാസങ്ങളിലെ വൗച്ചറുകൾക്കൊപ്പം ഇടകലർത്തിയും സൂക്ഷിയ്ക്കുന്നു. തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ ഒഴികെയുള്ള പ്രോജക്ട്ചെലവുകൾ വൌച്ചർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹെൽത്ത് വിഭാഗത്തിൽ ചെലവുമായി ബന്ധപ്പെട്ട ആധികാരിക രേഖകളുടെ അഭാവം നിലനിൽക്കെതന്നെ നഗരസഭ പേമെന്റ് അനുവദിച്ചിട്ടുള്ളതായും കണ്ടു. മേൽവിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖകളുടെ സൂക്ഷിപ്പിൽ നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

8)വികസനപ്രവർത്തനങ്ങൾ

വാർഷികപദ്ധതിയിയിൽ ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കാൻ നഗരസഭയ്ക്ക് സാധിക്കുന്നില്ല. പശ്ചാത്തലമേഖലയിലുൾപ്പെടെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. മുനിസിപ്പൽ എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമാണ്. പദ്ധതി നിർവഹണത്തിൽ മോണിട്ടറിംഗ് ഉണ്ടായില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തികൾ യഥാസമയം മെയിന്റനൻസ് നടത്തി വാടകയ്ക്ക് നൽകുന്നതിന് ഉപയോഗയോഗ്യമാക്കുന്നതിൽ നഗരസഭ ശ്രദ്ധ ചെലുത്തുന്നില്ല. ആസ്തിയുടെ വിൽപനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

നഗരസഭയിലെ നിലവിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവും മനുഷ്യവിഭവശേഷിയുടെ ഉപയോഗവും മുൻകാലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ സമീപനത്തിലും ഗുണപരമായ മാറ്റം ദൃശ്യമാണ്.എങ്കിലും സമഗ്രമായ ഡാറ്റബേസിന്റെ അഭാവം മൂലം ഡാറ്റ വാലിഡേഷൻ കൃത്യമാക്കപ്പെടാത്ത അവസ്ഥയും കടുത്ത സാമ്പത്തിക പ്രതിസന്ധിയും വർഷങ്ങളായി പിന്തുടർന്ന് വരുന്ന തെറ്റായ ചില കീഴ്വഴക്കങ്ങളും ആഭ്യന്തര നിയന്ത്രണസംവിധാനത്തെയും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളുടെ ഗുണപരതയേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2010-11 | F520/09 |
| അക്കൗണ്ടന്റ് ജനറൽ | 11/12/2023-12/12/2023 | 2022-23 വരെ | Audit -1/AMG-1/(HQ)H111/11/ C-3/8A-15/23-24/125 Dated 22.08.2023 |

**1-11 സാമ്പത്തിക അവലോകനം -വൈക്കം നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ - 17.5 കോടിയിലധികം രൂപയുടെ സാമ്പത്തിക ബാധ്യത -**

വൈക്കം നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നത്. നഗരസഭയുടെ സാമ്പത്തിക പരാധീനത മൂലം കൊടുത്ത് തീർക്കേണ്ടതായ വലിയ തുകകൾ നഗരസഭയ്ക്ക് ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത്തരം ബാദ്ധ്യതകൾ സംബന്ധിച്ച ആധികാരികമായ രേഖകൾ നഗരസഭയിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് വാർഷികധനകാര്യപത്രികയിലും കൃത്യമായ കണക്കുകളില്ല. ലഭ്യമായ വിവരങ്ങൾ/ രേഖകൾ പരിശോധിച്ചതിൽ നഗരസഭയ്ക്ക് 17.5 കോടിയിലധികം രൂപയുടെ വൻ ബാദ്ധ്യത നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | തുക |
|---|---|
| പെൻഷൻ കോൺട്രിബ്യൂഷൻ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുവാനുള്ള തുക | 16,405,481.50 |
| കെ.യു.ആർ.ഡി.എഫ്.സി വായ്പ | 33,218,905.00 |
| തിരികെ നല്കേണ്ടിവരുന്ന ഡിപ്പോസിറ്റ് തുകകൾ ( ഭാവി ബാധ്യത - ബി 8 ഷെഡ്യൂൾ പ്രകാരം ) | 12,677,342.00 |
| ലൈബ്രറി സെസ് ഇനത്തിൽ ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാനുള്ള തുകകൾ | 5,269,799.75 |
| ഒ.എഫ്.സി കേബിളുകൾ വലിച്ച ഇലക്ട്രിക് പോസ്റ്റിന്റെ വാടക കുടിശ്ശിക | **2,43,932.00** |
| തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക | 68,42,564.00 |
| പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക | 10,0008225.00 |
| കോലോത്തും കടവ് -ഐസ് പ്ലാന്റ് - വൈദ്യുത ചാർജ്ജ് കുടിശ്ശിക | 523450.00 |
| കോലോത്തും കടവ് -ഐസ് പ്ലാന്റ് - വെള്ളക്കരം കുടിശ്ശിക | 113824 .00 |
| ആകെ | 17,53,03,523.25 |

നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിശോധിക്കുമ്പോൾ മുൻകാലങ്ങളിൽ നേരിട്ട സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കുറവുണ്ടായിട്ടുണ്ടെങ്കിലും നഗരസഭാ ഫണ്ടിൽ നിന്നും ദൈനംദിന ചെലവുകൾ നടത്തുന്നതിനുള്ള സാഹചര്യം ഇനിയും സംജാതമായിട്ടില്ല. 2020-2021 വർഷം നഗരസഭയ്ക്ക് രണ്ടുകോടിയോളം രൂപ ഗ്യാപ്പ് ഫണ്ട് ഇനത്തിൽ ലഭിച്ചത് വളരെയധികം കുടിശ്ശിക പേയ്മെന്റുകൾ നടത്തി ബാധ്യത കുറയ്ക്കുന്നതിന് സഹായകമായിരുന്നു. നിലവിൽ ശമ്പളവും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും പൊതു ആവശ്യ ഫണ്ടിനെയാണ് ആശ്രയിച്ച് വരുന്നത്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നഗരസഭ ആസൂത്രണം ചെയ്തു നടപ്പാക്കിയ പല പദ്ധതികളും

നിലവിൽ നഗരസഭയ്ക്ക് ബാധ്യതയായി മാറുകയാണുണ്ടായത്. നഗരസഭ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് , റസ്റ്റ് ഹൗസ് , ടൗൺ ഹാൾ തുടങ്ങിയവ പ്രതീക്ഷിച്ച രീതിയിൽ വാടകയ്ക്ക് നൽകുവാൻ സാധിച്ചില്ല. നിർമ്മാണത്തിലെ അപാകതകൾ , യഥാസമയം മെയിന്റനൻസ് നടത്താതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ ഇവ വാടകയ്ക്ക് എടുക്കുവാൻ ആരും തയ്യാറാകാത്ത സാഹചര്യമാണുള്ളത്.

കോവിഡ് അനന്തരസാഹചര്യവും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമാക്കി. ലോക്ക്ഡൗൺ നഗരസഭയുടെ വാടക, ലേലം മുതലായ തനത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തനത് ഫണ്ടിനത്തിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി വലിയൊരു സാമ്പത്തിക ബാദ്ധ്യതയും പ്രയത്നവും നഗരസഭയ്ക്ക് ഏറ്റെടുക്കേണ്ടി വന്നു.

നഗരസഭയുടെ തനത് വാർഷിക വരുമാനം 4.65 കോടി രൂപ മാത്രമാണ്. ലഭ്യമായ വിവരങ്ങൾ പ്രകാരം റഗുലർ വിഭാഗത്തിലും കണ്ടിജന്റ് വിഭാഗത്തിലുമായി 54 പെൻഷൻകാർ നഗരസഭയിലുണ്ട്. പെൻഷൻ ഇനത്തിൽ മാത്രമായി 6.2 ലക്ഷത്തോളം രൂപ നഗരസഭയ്ക്ക് പ്രതിമാസം ചെലവ് വരുന്നുണ്ട്. പെൻഷൻ ഫണ്ട് വേറിട്ട് സൂക്ഷിക്കാൻ കഴിയാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് കണ്ടെത്തേണ്ട ഗുരുതരമായ സാഹചര്യം വർഷങ്ങളായി നിലനിൽക്കുന്നു.വാർഷികകണക്കുകൾ പ്രകാരം തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളിലെ 31.03.2023 ലെ ആകെ നീക്കിയിരിപ്പ് 16,462,649 രൂപയാണ്. ഇതിൽ 12677342 രൂപ തനത് ഫണ്ട് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള വിവിധ പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ നീക്കിയിരിപ്പായതിനാൽ യഥാർത്ഥ തനത് ഫണ്ട് നീക്കിയിരിപ്പ് 3785307 രൂപ മാത്രമാണ്. ഇതിൽ നിന്നും തനത് വരുമാനം കൊണ്ട് മാത്രം നഗരസഭയുടെ ചെലവുകൾ പൂർണ്ണമായും നടത്തുവാൻ സാധിക്കുകയില്ലായെന്ന് വ്യക്തമാണ്.
നഗരസഭയുടെ സാമ്പത്തികസ്ഥിതി ഇത്രയും പ്രതികൂലമാകുവാൻ കാരണമായ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നവയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1.നികുതി പിരിവ് കാര്യക്ഷമമല്ല**

നികുതി വരവുകൾ പിരിച്ചെടുക്കുന്നതിന് ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും നിലവിലും വലിയ കുടിശ്ശിക തുക നിലനിൽക്കുന്നു. 2022-23 ലെ വാർഷികകണക്കുകൾ പ്രകാരം വസ്തുനികുതിയിനത്തിൽ 9360435/-രൂപയും തൊഴിൽ നികുതിയിനത്തിൽ 522810/-രൂപയും നഗരസഭയ്ക്ക് കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാനവശേഷിക്കുന്നു.2022-23 സാമ്പത്തിക വർഷത്തിൽ 21556870/- രൂപ വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തെങ്കിലും നിലിവിലും വൻതുക കുടിശ്ശികയായി നിലനിൽക്കുന്നു.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. അഡ്വക്കേറ്റുമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡേറ്റാബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യാത്തതുമൂലം തൊഴിൽ നികുതി ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ തയ്യാറാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽനികുതി അടയ്ക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ നഗരസഭയിൽ യാതൊരു സംവിധാനങ്ങളുമില്ല. കൂടാതെ ലൈസൻസ് പരിധിയിൽ നഗരസഭാ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുന്നില്ല.

**2.വാടക- വൻ തുക കുടിശ്ശിക-മുറികൾ ലേലത്തിൽ പോകാതെ ഒഴിഞ്ഞുകിടക്കുന്നു.**

വാടകയിനത്തിൽ 4120065 രൂപ മുൻകുടിശ്ശികയുൾപ്പെടെ നഗരസഭയ്ക്ക് ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട്. വാടക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ കുത്തകക്കാർക്ക് വീണ്ടും വാടകയ്ക്ക് നൽകുന്ന

സാഹചര്യവും നഗരസഭയിലെ വിവിധ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ ധാരാളം മുറികൾ ഒഴിഞ്ഞുകിടക്കുന്നതും നഗരസഭയിലെ തനത് വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ട്. എത്ര മുറികൾ ഒഴിഞ്ഞു കിടക്കുന്നുവെന്നതിന്റെ കൃത്യമായ കണക്ക് പോലും നഗരസഭയിലില്ല. കോവിഡ് അനന്തരസാഹചര്യത്തെത്തുടർന്ന് വാടക ലൈസൻസികൾ മുറികൾ ഒഴിഞ്ഞതിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുകകൾ തിരികെ നൽകേണ്ടി വന്നതും നഗരസഭയുടെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ലേലമിനത്തിലും ഏകദേശം 27ലക്ഷത്തോളം രൂപയുടെ കുടിശ്ശികയുണ്ട്.

3.**നിഷ്ക്രിയാസ്തികൾ**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ/ആസ്തികൾ 2022-23 വർഷം ലേലം ചെയ്തതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം ചെയ്യാത്ത ആസ്തികൾ |
|---|---|
| 1 | ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന വാഹനങ്ങളിൽ നിന്ന് ഫീസ് പിരിവ് നടത്തുന്നതിനുള്ള അവകാശം |
| 2 | നഗര സഭ ലോഡ്ജ് |
| 3 | ഐസ് പ്ലാന്റ് |
| 4 | നഗര സഭ ടൗൺ ഹാൾ |
| 5 | കച്ചേരി കവല ഷോപ്പിംപാലാഗ് കോംപ്ലക്സ് റൂം നം- 21 |
| 6 | ദളവകുളം ബസ് ടെർമിനൽ റൂം നം 1 |
| 7 | ദളവകുളം ബസ് ടെർമിനൽ എഫ്.എഫ് റൂം നം 5 |
| 8 | കോവിലകത്ത് കടവ് മാർക്കറ്റ് മാർക്കറ്റ് റൂം നം 4,5 |
| 9 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം 1 |
| 10 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 6,7,8,12,16,17,19,പാലാ20,21,22,23,29,30,31,32,3411,39,42,43 |
| 11 | ശ്രീ മൂലം മാർക്കറ്റ് റൂം നമ്പർ - 3,4 |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മേൽ ആസ്തികൾ നിഷ്ക്രിയമായി തുടരുന്നതും സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിഗമനങ്ങളും ശുപാർശകളും**

കാര്യക്ഷമമല്ലാത്ത ആഭ്യന്തരനിയന്ത്രണസംവിധാനം, കൃത്യമായ ധനകാര്യ മാനേജ്മെന്റിന്റെ അഭാവം, ദീർഘ വീക്ഷണമില്ലാതെയുള്ള പദ്ധതി ആസൂത്രണം, പദ്ധതി നിർവ്വഹണത്തിലും തുടർപ്രവർത്തനങ്ങളിലും ഉണ്ടായിട്ടുള്ള അലംഭാവം, വർദ്ധിച്ചു വരുന്ന റവന്യൂ ചെലവു ബാധ്യതകൾ , വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് തടസ്സമായിനിൽക്കുന്ന ഇച്ഛാ ശക്തിയില്ലായ്മ, പ്രാദേശിക സാമ്പത്തിക പിന്നാക്കാവസ്ഥ മുതലായവ സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാന കാരണങ്ങളായി ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കുന്നതിനും സ്വീകരിക്കാവുന്ന ശുപാർശകൾ പരിഗണനയ്ക്കായി ചുവടെ ചേർക്കുന്നു.

1. തനത് ഫണ്ട് വരുമാനം കുറവായ നഗരസഭയ്ക്ക് ആശ്വാസമാകുന്ന രീതിയിൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ പിരിവ് ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും കുടിശ്ശികയുടെ കൃത്യമായ കണക്കുണ്ടാക്കി പിരിച്ചെടുക്കുകയും ചെയ്യുക.
2. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് വൈക്കം നഗരസഭാ ഭരണസമിതി 28/04/2023 ലെ 4 നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ

ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്ത് അടിയന്തിരമായി പുതുക്കിയ നികുതി ഈടാക്കി തുടങ്ങുക.

3)നിഷ്ക്രിയമായി നിലനിൽക്കുന്ന എല്ലാ നഗരസഭാആസ്തികളും വരുമാനദായകമാക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ആയതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

4)നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ ,മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ അടിയന്തിരമായി ലേലം ചെയ്ത് നൽകി വാടകയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുക.

5)നഗരസഭ അടിയന്തിരമായി കൊടുത്ത് തീർക്കുവാനുള്ള ബാദ്ധ്യതകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തി ഇളവുകൾ നേടുകയോ സമയ പരിധി ദീർഘിപ്പിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുക

6) പുതിയ വിഭവസ്രോതസ്സുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തനതുവരുമാന വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കൗൺസിൽ യോഗങ്ങളിൽ അവതരിപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

7) സെൻട്രൽ പെൻഷൻഫണ്ട് വിഹിതമായി ലഭിക്കാൻ അവശേഷിക്കുന്ന തുകയും പെൻഷൻ വിഹിതമായി ഒടുക്കാൻ അവശേഷിക്കുന്ന തുകയും നിർണ്ണയിച്ച് ഇത് സംബന്ധമായ കണക്കുകൾ പെൻഷൻ ഫണ്ടിന്റെ കസ്റ്റോഡിയനെ ബോധ്യപ്പെടുത്തി ലഭിക്കാനുള്ള തുക അടിയന്തിരമായി ലഭ്യമാക്കുവാനുള്ള നടപടികളും പെൻഷൻ ഫണ്ട് വേറിട്ട് സൂക്ഷിക്കുന്നതിനുള്ള നടപടികളും ഭരണ തലത്തിൽ കൈക്കൊള്ളുക.

8)വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൊതുടാപ്പുകളുടെ എണ്ണം അടിയന്തിരമായി കുറവ് ചെയ്യുക.

9)കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുക.

10)ചെലവുകളിൽ കൃത്യമായ സാമ്പത്തിക മിതത്വം പാലിക്കുകയും അനാവശ്യചെലവുകൾ ചുരുക്കി സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുക. അധിക വിഭവ സമാഹരണം സംബന്ധിച്ച് ഖണ്ഡിക 1-12 കൂടി കാണുക

അവലോകന റിപ്പോർട്ടിന്മേലുള്ള വിശദമായ ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-12 അധികവിഭവസമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(V) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 08.01.2021 ലെ സർക്കാർ ഉത്തരവ് (പി) നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി വൈക്കം നഗരസഭാ ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പുതിയ വിഭവസ്രോതസ്സുകൾ കണ്ടെത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

തനതുവരുമാനമായ വസ്തു നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ

ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കൗൺസിൽ യോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു കാണുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ. 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 05.04.2023-ലെ സ.ഉ (അച്ചടി) നം 26/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 28/04/2023 ലെ 4 നമ്പർ തീരുമാനപ്രകാരം കൗൺസിൽ തീരുമാനമെടുക്കുകയുണ്ടായി. കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് നഗരസഭയുടെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 01.04.2023 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി 17/06/2023 ലെ ആർ 1/3464/2023പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആക്ഷേപങ്ങൾ ഇല്ലാത്തതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 10/11/2023 തീയതിയിലെ 16 നം. തീരുമാന പ്രകാരം അംഗീകരിച്ച് 10/11/2023 ൽ ആർ 1-3464/2023 പ്രകാരം അന്തിമ വിജ്ഞാപനം നടത്തി. നഗരസഭയുടെ പ്രധാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 9360435 രൂപ കുടിശ്ശികയുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയോ പിരിവ് നടത്തുകയോ ചെയ്തിട്ടില്ല.കുടിശ്ശിക ഉൾപ്പെടെ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ഊർജ്ജിതനടപടികൾ സ്വീകരിക്കേണ്ടതാണ്.ഭരണസമിതിയുടെ സവിശേഷശ്രദ്ധ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. അഡ്വക്കേറ്റുമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡേറ്റാബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യാത്തതുമൂലം തൊഴിൽ നികുതി ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. ലൈസൻസ് നൽകുന്നതിന് വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം 15 ലക്ഷത്തിലേറെ രൂപ വാടക കുടിശ്ശികയുണ്ട്. വാടകയിനത്തിൽ ദീർഘനാളായി അവശേഷിക്കുന്ന കുടിശ്ശിക നഗരസഭയ്ക്ക് ഈടാക്കാൻ സാധിക്കില്ല എന്ന് ഉത്തമബോധ്യപ്പെടുന്ന സംഗതികളിൽ ആയത് ഈടാക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. വാടക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ കുത്തകക്കാർക്ക് വീണ്ടും വാടകയ്ക്ക് നൽകുന്ന സാഹചര്യം ഒഴിവാക്കിയാൽ കുടിശ്ശിക വീണ്ടും ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിച്ചാൽ മുറികളുടെ ലേലത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് യഥാസമയം വാടക നിശ്ചയിച്ച് നൽകാത്തത് കാരണം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാൾ വാടകയ്ക്ക് നൽകാൻ സാധിക്കുന്നില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള

ഐസ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. റസ്റ്റ് ഹൗസും നിലവിൽ ആരും ലേലത്തിലെടുത്തിട്ടില്ല. വാടകയ്ക്ക് നൽകാവുന്ന മുകളിൽ സൂചിതമായതുൾപ്പെടെയുള്ള ആസ്തികൾ നിഷ്ക്രിയമായി അവശേഷിക്കുന്നത് നഗരസഭയ്ക്ക് വരുമാനചോർച്ച ഉണ്ടാക്കുന്നു.

കേരളസംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പ് തന്നെ രൂപീകരിച്ച വൈക്കം നഗരസഭ സാംസ്കാരികമായും ചരിത്രപരമായും ഏറെ പ്രാധാന്യമർഹിക്കുന്ന പ്രദേശമാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചരിത്രപരമായ പ്രാധാന്യവും ടൂറിസം മേഖലയിൽ നിരവധി സാധ്യതകളുണ്ട്. വേമ്പനാട്ട് കായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള നവീകരിച്ച ബീച്ചിൽ നിന്നും കാര്യമായ വരുമാനമില്ല. ജലഗതാഗത്തിന്റെ പ്രധാനകേന്ദ്രമായ വൈക്കം ബോട്ട് ജെട്ടി കൊല്ലം കോട്ടപ്പുറം ജലപാതയിൽ ഉൾപ്പെട്ടതാണ്. നഗരസഭയുടെ സമീപപ്രദേശമായ കൊച്ചിയിൽ നിലവിൽ രാജ്യത്തെ ആദ്യത്തെ ജലമെട്രോ ആരംഭിച്ചിട്ടുള്ളതാണ്. ജലമെട്രോ വൈക്കവുമായി ബന്ധപ്പെടുത്തുന്നത് നഗരസഭയുടെ ടൂറിസം/വാണിജ്യ സാധ്യതകൾ വർദ്ധിപ്പിക്കും. നിരവധി ആരാധനാലയങ്ങളും ചരിത്രസ്മാരകങ്ങളും ഉൾപ്പെടുന്ന നഗരത്തിന്റെ മേൽ പറഞ്ഞ സാധ്യതകൾ കൂടി കണക്കിലെടുത്ത് ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്. നഗരത്തിന്റെ സാംസ്കാരികോത്സവം എന്നുകൂടി വിശേഷിപ്പിക്കാവുന്ന വൈക്കത്തഷ്ടമിയോടനുബന്ധിച്ചുള്ള വാണിജ്യ,വിനോദസ്ഥാപനങ്ങൾ നിലവിൽ നഗരസഭയ്ക്ക് മികച്ച വരുമാനം നേടിത്തരുന്നുണ്ട്. നഗരസഭയുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തി വൈക്കത്തഷ്ടമിയോടനുബന്ധിച്ചുള്ള തീർത്ഥാടകർക്കും സന്ദർശകർക്കും മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതുമാണ്.ശബരിമല തീർത്ഥാടകരുടെ സുപ്രധാനമായ ഇടത്താവളമെന്നതും വൈക്കം നഗരസഭയുടെ മികച്ച ഒരു സാധ്യതയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, സംസ്ഥാന, കേന്ദ്ര സർക്കുരുകളുടെ സഹകരണവും ഉറപ്പാക്കാവുന്നതാണ്. ടൂറിസം മേഖലയെ സമീപസ്ഥപ്രദേശമായ കുമരകം മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-13 കെ-സ്മാർട്ട് അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനായി സംസ്ഥാന ഐടി വകുപ്പിന്റെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ആപ്ലിക്കേഷനാണ് കെ-സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആൻഡ് ട്രാൻസ്ഫോർമേഷൻ) . പൗരന്മാർക്കും ജീവനക്കാർക്കും തദ്ദേശ സ്ഥാപനങ്ങൾ വഴി സേവനങ്ങൾ തേടുന്ന ഏതൊരാൾക്കും മികച്ചതും കാര്യക്ഷമമായതുമായ സേവനം ഉറപ്പാക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സ്മാർട്ട് ഇ - ഗവേണൻസ് സംവിധാനം ഉപയോഗിക്കാൻ കെ - സ്മാർട്ട് ലക്ഷ്യമിടുന്നു. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെ ഏകീകരിക്കുകയും ലളിതമാക്കുകയും ചെയ്യുന്ന മൊബൈൽ ആപ്പ് അധിഷ്ഠിത സംവിധാനമായാണ് കെ-സ്മാർട്ട് വിഭാവനം ചെയ്തത്. എല്ലാ സേവനങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു മൊബൈൽ ആപ്പും വെബ്സൈറ്റും കെ - സ്മാർട്ടിൽ ലഭ്യമായിട്ടുണ്ട്. കെ-സ്മാർട്ടിൽ രജിസ്റ്റർ ചെയ്യുന്നതിനായി ആധാർ കാർഡ് മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കേണ്ടതാണ്. പ്രാരംഭ ഘട്ടത്തിൽ, ജനനം, മരണം, വിവാഹം എന്നിവയുടെ രജിസ്ട്രേഷൻ പോലുള്ള സേവനങ്ങൾ; കുറഞ്ഞ അപകടസാധ്യതയുള്ള നിർമ്മാണത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകൾ; വസ്തു നികുതി പേയ്മെന്റുകൾ; ലൈസൻസുകൾ; തൊഴിൽ നികുതി പേയ്മെന്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും നഗര ഗ്രാമ പ്രദേശങ്ങളിലേക്ക് അവർ നൽകുന്ന സേവനങ്ങളും കെ-സ്മാർട്ടിൽ 35 മോഡ്യൂളുകളിലായി ഏകീകരിച്ചിരിക്കുന്നു. ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ജിഐഎസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, വിവിധ സോഫ്റ്റ്‌വെയറുകളുടെ എ പി ഐ ഇന്റഗ്രേഷൻ, മെഷീൻ ലേണിങ്, ഡേറ്റ സയൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വെർച്വൽ റീഡിങ്, ഇന്റർനെറ്റ് എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന സാങ്കേതിക സംവിധാനങ്ങളുപയോഗിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്. പ്രാരംഭഘട്ടത്തിൽ കെ-സ്മാർട്ടിൽ 8 മൊഡ്യൂളുകൾ ആണ് ഉള്ളത്.

1. സിവിൽ രജിസ്ട്രേഷൻ (ജനനം, മരണം, വിവാഹം)

2. ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരത്തിനും വ്യവസായത്തിനുള്ള ലൈസൻസുകൾ)

3. വസ്തുനികുതി

4. ഉപയോക്തൃ മാനേജ്മെൻറ്

5. ഫയർ മാനേജ്മെന്റ് സിസ്റ്റം

6. സാമ്പത്തിക മോഡ്യൂൾ

7. ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ

8. പൊതുപരാതി പരിഹാരം

സംസ്ഥാനത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റത്തിൽ (ILGMS) നിന്നാണ് K-സ്മാർട്ട് വികസിച്ച വരുന്നത്. ആയതിനാൽ കെ-സ്മാർട്ടിനെ ഐ എൽ ജി എം എസിന്റെ രണ്ടാം പതിപ്പ് എന്നും വിളിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് ആദ്യഘട്ടത്തിൽ കെ-സ്മാർട്ട് സേവനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. തുടർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം വ്യാപിപ്പിക്കും ഐ എൽ ജി എം എസ് - ൽ നിന്നും കെ-സ്മാർട്ടിലേക്ക് സേവനങ്ങൾ ക്രമേണ മൈഗ്രേറ്റ് ചെയ്യപ്പെടും.

**പ്രധാന ഫീച്ചറുകൾ**

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാകുമെന്നതാണ് കെ-സ്മാർട്ടിന്റെ സവിശേഷത. അപേക്ഷിച്ച് 30 സെക്കൻഡ് സമയത്തിനുള്ളിൽ 3000 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് കെ - സ്മാർട്ട് വഴി ലഭ്യമാകുന്നതാണ്. ' Know Your Land ' എന്ന ഫീച്ചറിലൂടെ ഒരു സ്ഥലത്ത് എന്തെല്ലാം തരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സാധിക്കുമെന്ന വിവരം അറിയുവാൻ സാധിക്കും. പരിസ്ഥിതി ലോല പ്രദേശം, എയർപോർട്ട് സോൺ, റയിൽവേ സോൺ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് നിയന്ത്രണങ്ങളുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ മുൻകൂട്ടി അറിയുവാൻ സാധിക്കുന്നതിനാൽ ജനങ്ങൾക്ക് അറിവില്ലായ്മ മൂലം സംഭവിക്കാവുന്ന അബദ്ധങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. എത്ര ഉയരത്തിൽ കെട്ടിടം നിർമ്മിക്കാം, സെറ്റ് ബായ്ക്ക് എത്രവേണം തുടങ്ങിയ കാര്യങ്ങളും മുൻകൂട്ടി അറിയുവാൻ സാധിക്കും.

സിവിൽ രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ഡൗൺലോഡ് ചെയ്യാം എന്നുമാത്രമല്ല വാട്സാപ്പ് നമ്പർ കെ -സ്മാർട്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകൾ പി ഡി എഫ് ഫോർമാറ്റിൽ അയച്ചുകിട്ടുകയും ചെയ്യും. പരാതികൾ 9446300500 എന്ന വാട്സ്ആപ്പ് നമ്പരിലേക്ക് അയക്കാം. പരാതികൾ പരിശോധിക്കാൻ ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**നഗരസഭയിലെ കെ-സ്മാർട്ട് പ്രവർത്തനം**

വൈക്കം നഗരസഭയിൽ 01/01/2024 മുതൽ പ്രാരംഭ ഘട്ടത്തിൽ സജ്ജമായ 8 മൊഡ്യൂളുകളിലെ സേവനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ രജിസ്ട്രേഷൻ മൊഡ്യൂൾ മുഖേനയുള്ള സേവനങ്ങൾ മാത്രമാണ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. വസ്തുനികുതി ഡേറ്റാബേസിലെ ഡാറ്റ കെ-സ്മാർട്ടിലേക്ക് ഭാഗികമായി മാത്രമാണ് ലഭ്യമായിട്ടുള്ളത്. കെട്ടിട ഉടമകളുടെ ആധാർ നമ്പർ വസ്തുനികുതി ഡേറ്റാബേസിലേക്ക് ചേർക്കുന്ന നടപടികൾ പുരോഗമിക്കുന്നു.
വാടക, തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ ഡേറ്റാബേസ് വസ്തുനികുതി ഡേറ്റാബേസിനെ ആധാരമാക്കി സജ്ജമായിട്ടില്ല എന്നതിനാൽ ഇവ സംബന്ധിച്ച ഇടപാടുകൾ കെ സ്മാർട്ടിലൂടെ നിർവ്വഹിക്കാൻ നിലവിൽ സാധിക്കുന്നില്ല. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപനം-ട്രേഡർ ഡേറ്റാബേസിലെ വിവരം സോഫ്റ്റ്‌വെയറിലേക്ക് ഉൾപ്പെടുത്താനുള്ള ക്രമീകരണം IKM ന്റെ സഹായത്തോടെ നടത്തേണ്ടതാണ്. വരവിനങ്ങളുടെ ഡേറ്റാബേസ്, നഗരസഭ വിവിധ മേഖലകളിലെ അവസ്ഥ റിപ്പോർട്ട് ഡാറ്റ എന്നിവ

ഓൺലൈനായി ലഭ്യമാക്കി നഗരസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ കൈകാര്യം ചെയ്യുന്ന ഡേറ്റയിൽ നിന്ന് വിവിധ രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ജനറേറ്റ് ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.

**1-14 എസ് സിപി ഫണ്ട് വിനിയോഗത്തിലെ കുറവ്- തുടർ വർഷത്തിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വന്നതുമൂലം 2023-24 പൊതുവിഭാഗം ഫണ്ടിൽ നിന്നും 36.54 ലക്ഷം രൂപ കുറയുന്നു.**

തൻവർഷം എസ് സി പി ഫണ്ടിനത്തിൽ ബജറ്റ് വിഹിതമായി 8622000/-രൂപ വകയിരുത്തിയിരുന്നു. ഇതിൽ തൻവർഷം ലഭിച്ച തുകയായി കണക്കാക്കിയ 9742916/- രൂപയുടെ (പതിനാലാം പദ്ധതിയിലെ ഒന്നാം വാർഷിക പദ്ധതി കണക്കുകളും (2022-23) പരിഹാര വകയിരുത്തലുകളും ഫാറം 1 പ്രകാരമുള്ള വരവ്.ടി വരവ്, ബജറ്റ് വിഹിതത്തിൽ നിന്നും അധികമായി ലഭിച്ച 1120916/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല) 42.05% തുകയായ 4140753/-രൂപ മാത്രമാണ് തൻവർഷം വിനിയോഗിച്ചത്. ലഭിച്ച തുകയുടെ 80% എന്ന വിനിയോഗ ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽ തൻവർഷം കുറവ് വന്ന തുകയായ 3653580/-രൂ(7794333-4140753) തുടർ വർഷത്തേക്കുള്ള പരിഹാര വകയിരുത്തൽ എന്ന് കണക്കാക്കി 2023-24 വർഷത്തെ സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് എസ് സി പി വിഹിതത്തിൽ വർദ്ധിപ്പിച്ച വിഹിതമായി ഉൾപ്പെടുത്തേണ്ടി വന്നിരിക്കുന്നു. ഓരോ വർഷത്തെയും വിഭാഗം തിരിച്ചുള്ള തുകയുടെ വിനിയോഗ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ സാധാരണ വിഹിതത്തിൽ നിന്നാണ് (Normal Share) പരിഹാര വകയിരുത്തൽ നടത്തേണ്ടത്. മുൻവർഷത്തെ എസ്.സി.പി ഫണ്ട് വിനിയോഗം കുറവായതിനാൽ തൻവർഷം പൊതുവിഭാഗം ഫണ്ടിൽ നിന്നും 3118374രൂ പരിഹാര വകയിരുത്തലായി കുറവ് ചെയ്ത് എസ്.പി.പ്രോജക്ടുകൾക്കായി അധികം വകയിരുത്തിയിരുന്നു. ഇപ്രകാരം ആവർത്തിച്ചുള്ള വർഷങ്ങളിൽ പരിഹാര വകയിരുത്തൽ അടിസ്ഥാനമാക്കിയുള്ള വിഹിതം കൂടി പൊതുവിഭാഗത്തിൽ നിന്ന് കുറവ് ചെയ്ത് എസ് സി പി വിഭാഗത്തിൽ അധികമായി ഉൾപ്പെടുത്തി വിനിയോഗിക്കേണ്ടി വരുന്നതിനാൽ തുടർ വർഷങ്ങളിൽ ഈ വിഭാഗത്തിലെ പ്രോജക്ട് നിർവഹണത്തിലും വിനിയോഗ ലക്ഷ്യം കൈവരിക്കുന്നതിലും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ ജാഗ്രതാ പൂർണമായ സമീപനം പുലർത്തേണ്ടതാണ്. എസ് സി വിഭാഗത്തിൽ സേവനമേഖലയിലും പശ്ചാത്തല മേഖലയിലും (ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് /സോഷ്യൽ മാപ്പ് അടിസ്ഥാനമാക്കി ഏറ്റെടുക്കാവുന്നത്) ഏറ്റെടുക്കാവുന്ന നിരവധി പ്രൊജക്ടുകൾ അതാത് വർഷം നിർവഹിക്കപ്പെടാനാവാത്തതിന്റെ കാരണങ്ങൾ കൃത്യമായി വിശകലനം ചെയ്യേണ്ടതുണ്ട്. തൻവർഷം സേവന - പശ്ചാത്തല മേഖലകളിലായി 13271281/- രൂപ വകയിരുത്തി 28 പ്രോജക്ടുകൾ ഏറ്റെടുത്തുവെങ്കിലും 4140753/- രൂപ ചെലവഴിച്ച് 21 പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളുവെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

പ്രത്യേക പരിരക്ഷ അർഹിക്കുന്ന വിഭാഗത്തിന് വേണ്ടിയുള്ള പ്രോജക്ട് ലക്ഷ്യങ്ങൾ /ഭൗതിക നേട്ടങ്ങൾ അതാത് വർഷം തന്നെ കൈവരിക്കുന്നതിനും തുടർ വർഷങ്ങളിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വരുന്നതു മൂലമുള്ള വിഭാഗം തിരിച്ചുള്ള ഫണ്ട് വകയിരുത്തൽ / വിനിയോഗത്തിലെ അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 പെർമിറ്റില്ലാതെ നഗരസഭാ പരിധിയിൽ നിർമ്മാണപ്രവൃത്തി നടക്കുന്നു**

വൈക്കം നഗരസഭ പരിധിയിലെ വലിയ കവല ഭാഗത്ത് തമിഴ്നാട് സർക്കാരിന് സർക്കാർ അധീനതയിലുള്ള ഭൂമിയിൽ പെരിയോർ സ്മാരക നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നതായി കാണുന്നു. പ്രസ്തുത നിർമ്മാണത്തിന് മുൻകൂർ അനുമതി തേടിയിട്ടില്ല എന്ന ഒരു പരാതി ഓഡിറ്റിൽ ലഭിച്ചിരുന്നു. മേൽ നിർമ്മാണ പ്രവൃത്തികൾക്ക് നഗരസഭ ലഭ്യമാക്കിയ നിർമ്മാണാനുമതി, പെർമിറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (58/25.01.2024) ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റിനായുള്ള അപേക്ഷ ഓഫ് ലൈനായി ലഭിച്ചിരുന്നുവെങ്കിലും പ്രസ്തുത ആവശ്യത്തിനുള്ള ഓൺലൈൻ സംവിധാനമായ ഐ ബി പി എം എസ് (IBPMS)

വഴിയല്ലായിരുന്നുവെന്നും ഉചിതമാർഗ്ഗേണ പെർമിറ്റ് അപേക്ഷ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും അറിയിച്ചു. നഗരസഭയുടെ പൂർണ്ണമായ അനുമതിയോടെയല്ലാതെ നിർമ്മാണപ്രവൃത്തികൾ തുടരുന്ന അവസ്ഥയാണുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത് സംബന്ധമായി അർഹമായ മുഴുവൻ ഫീസും ഈടാക്കി ചട്ടപ്രകാരമുള്ള അനുമതികളോടുകൂടി മാത്രം നിർമ്മാണപ്രവൃത്തികൾ തുടരുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-16 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

22/03/2023 ല സ.ഉ.(കൈ)നം.77/2023/LSGD, 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD എന്നിവ പ്രകാരം നഗരസഭയിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് വൈക്കം നഗരസഭ ഭരണസമിതി 28/04/2023 ലെ 4 നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. നഗരസഭ ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 17/06/2023 ലെ ആർ 1/3464/2023 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ച് 10/11/2023 ലെ 16 നം. തീരുമാനത്തിൽ അംഗീകരിച്ച് 10/11/2023 ൽ ആർ 1-3464/2023 പ്രകാരം അന്തിമ വിജ്ഞാപനം നടത്തി.

വസ്തുനികുതി ഡേറ്റാബേസിൽ 31/03/2023 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി ആകെ നികുതിയുടെ 5% വർദ്ധനവായി അപ്ഡേഷൻ ആയിട്ടുണ്ടെങ്കിലും പുതിയ നോട്ടിഫിക്കേഷൻ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല. നിലവിലുള്ള വസ്തുനികുതിയിൽ 5% വർദ്ധനവ് വകരുത്തിയിട്ടുള്ളത് ഒരു താൽക്കാലിക നടപടി മാത്രമാണ്.കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/19.01.2024) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.01/04/2023 മുതലുള്ള നികുതി നിർണ്ണയം പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമാണ് നടത്തേണ്ടത്. 2023-24 വർഷത്തെ നികുതി ഡിമാന്റ് ജനറേറ്റ് ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായാൽ പുതുക്കിയ നികുതി പിരിച്ചെടുക്കുന്നതിനും പ്രാബല്യത്തിലാക്കുന്നതിലും ബുദ്ധിമുട്ടുകൾ നേരിടാൻ സാധ്യതയുണ്ട്.ഇപ്രകാരമുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

### 1-17 വസ്തുനികുതിയിൽ നിശ്ചിത പിരിവ് ശതമാനം കൈവരിക്കപ്പെടാത്തതിനാൽ വികസന ഫണ്ട് വിഹിതത്തിൽ നിന്നും 1% കുറവ് ചെയ്യപ്പെട്ടു.

2022-23വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ നഗരസഭയിൽ 9360435 രൂപ കുടിശ്ശികയുള്ളതായി കാണുന്നു.2021-22 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ ഉ (കൈ) നം 179/2022/ധന തീ. 18.10.2022) 267720/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്.തനത് വരുമാനം കുറവായ നഗരസഭയിൽ വസ്തുനികുതിയിൽ ഉൾപ്പെടെ നികുതി പിരിച്ചെടുക്കാത്തത് കാരണം വികസന ഫണ്ടിൽ നിന്നും തുക നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/19.01.2024) ലഭ്യമാക്കിയ മറുപടിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ 21556870/- രൂപ പിരിച്ചെടുത്തതായും നികുതി പിരവ് ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും

അറിയിച്ചു.കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 വസ്തുനികുതി നിർണ്ണയം - തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല. മേൽത്തരം വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച തറ എന്ന് അപേക്ഷകൻ ലഭ്യമാക്കിയ ഫാറം 2 ലെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം/ അടിസ്ഥാന നികുതി നിരക്ക് | വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|
| വാർഡ് 11 35/ B,അരുൺ എസ് കെ & സുധാകരൻ | പാർപ്പിടാവശ്യം/ 12 | 341.69 | 4100 | 615 |
| വാർഡ് 6,116/E ,D സുശീല എം നായർ,സൂരജ് കുമാർ,സുനിത എസ് നായർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ /85 | 898.20 | 76347 | 11452 |
| വാർഡ് 15/50,53,54,56,57 മാത്യു പാപ്പാടി ബംഗ്ലാവ് വൈക്കം | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ/85 | 963.45 | 81893 | 12284 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്കുള്ള (10/20.01.2024,41/24.01.2024) മറുപടിയിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു.നികുതി പരിഷ്കരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം നികുതി നിർണ്ണയത്തിൽ കുറവിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ ബാധ്യത ചുമത്തുന്നതാണ്.

**1-19 വസ്തുനികുതി നിർണ്ണയം - റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല.**

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20 % വർദ്ധന വരുത്താവുന്നതാണ്.നഗരസഭയിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | വാർഡ് / കെട്ടിട | കെട്ടിടം സ്ഥിതി | വിസ്തീർണ്ണം(ച മീ),കെട്ടിടത്തിന്റെ | നിലവിൽ ഈടാക്കുന്ന | അടിസ്ഥാന വസ്തുനികുതിയിൽ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | നമ്പർ/ ഉടമ | ചെയ്യുന്ന റോഡിന്റെ പേരും തരവും | തരം/നിരക്ക് | അടിസ്ഥാന വസ്തുനികുതി | വരുത്തേണ്ടിയിരുന്ന വർദ്ധന |
| 1 | 20/204 A/ ജയചന്ദ്രൻ ആർ | കച്ചേരികവല കൊച്ചുകവല റോഡ് (5 മീറ്റർ) | 180.35/ പാർപ്പിടാവശ്യം/ 12 | 2164 | 433 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/24.01.2024) മറുപടി ലഭ്യമാക്കിയില്ല.നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം നികുതി നിർണ്ണയത്തിലെ കുറവിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ ബാധ്യത ചുമത്തുന്നതാണ്.

## 1-20 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഒടുക്കാനവശേഷിക്കുന്ന അർദ്ധ വർഷം |
|---|---|---|
| 1 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | II |
| 2 | താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി | I |
| 3 | ഖാദി ഗ്രാമ സൗഭാഗ്യ | I & II |
| 4 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | II |
| 5 | സെന്റ് ലിറ്റിൽ തെരേസാസ് എച്ച്.എസ്.എസ് | II |
| 6 | അക്കൗണ്ട്സ് ഓഫീസർ, ദേവസ്വം ഓഫീസ്, വൈക്കം | I & II |
| 7 | വിജിലൻസ് ഓഫീസർ, ടി.ഡി.ബി, വൈക്കം | I & II |
| 8 | അസി.എൻജിനീയർ, പി.എച്ച് സെക്ഷൻ, കെ.ഡബ്ല്യൂ.എ , വൈക്കം | I & II |
| 9 | വാർഡൻ, പ്രീമെട്രിക് ഹോസ്റ്റൽ വൈക്കം | I & II |
| 10 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | I & II |

| | | |
|---|---|---|
| 11 | ഇൻഫർമേഷൻ കേരള മിഷൻ | III |
| 13 | ഡി.വൈ.എസ്.പി ഓഫീസ് വൈക്കം | I & II |
| 14 | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വൈക്കം | II |
| 15 | അസി.എക്സിക്യൂട്ടീവ് എൻജിനീയർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | I & II |
| 16 | അസി. പബ്ലിക് പ്രോസിക്യൂട്ടർ, വൈക്കം | I |
| 17 | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് , വൈക്കം | II |
| 18 | പ്രോഗ്രാം മാനേജർ, ASAP | I & II |
| 19 | മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം- 1075 | I & II |
| 20 | സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് , ആറാട്ട് കുളങ്ങര | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (05/18.01.24) മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 247 പ്രകാരം നഗരസഭ പ്രദേശത്ത് തൊഴിൽ ചെയ്യുന്ന ജീവനക്കാർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. ഇത്രയേറെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കപ്പെടാത്തതിന്റെ നിജസ്ഥിതി വ്യക്തമല്ല. ഏതെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടും രജിസ്റ്ററിൽ ചേർക്കാത്തതാണെങ്കിൽ ആയത് സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കേണ്ടി വരും . ഇക്കാര്യത്തിൽ കൃത്യമായ വിവരം ശേഖരിച്ച് തൊഴിൽ നികുതി പരിധിയിൽ വരുന്ന ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി Prior Period Tax ആയി നഗരസഭാ ഫണ്ടിൽ അടവാക്കിയ ശേഷം കുടിശിക നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റ്, നികുതി ഒടുക്കിയ രസീതുകൾ തുടങ്ങിയ അനുബന്ധരേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

**1-21 സ്ഥാപന തൊഴിൽ നികുതി - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

നഗരസഭയിലെ സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭ പരിധിയിലുള്ള ട്രേഡേഴ്സ്, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, ബാങ്കുകൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
2. നഗരസഭ പരിധിയിലുള്ള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ, കയർ വ്യവസായ സംഘങ്ങൾ, എന്നിവയുടെ സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഒടുക്കുന്നില്ല 228860 രൂപ ടി ഇനത്തിൽ ഈടാക്കുവാൻ അവശേഷിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | രണ്ടർദ്ധ വർഷങ്ങളിലേക്ക് ഡിമാന്റ് ചെയ്ത തുക | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | വഞ്ചിനാട് ഫിനാൻസ് | 2500 | 1250 |
| 2 | അച്ചു ഗ്രാഫിക്സ് | 600 | 600 |
| 3 | വെളിയിൽ സ്റ്റോഴ്സ് | 900 | 900 |
| 4 | ചേലപ്പുറത്ത് എൻജിനിയറിംഗ് | 1200 | 1200 |
| 5 | ശ്രീകുമാർ ഡ്രൈവിംഗ് സ്കൂൾ | 2000 | 2000 |
| 6 | ഏഴുപറ ഇൻവെസ്റ്റ്മെന്റ് | 1200 | 1200 |
| 7 | സാൻജോസ് കൺസൾട്ടൻസി | 2000 | 1000 |
| 8 | കെ.എൽ.എം ഫിനാൻസ് | 1500 | 1500 |
| 9 | രേവതി ഫിനാൻസ് | 2500 | 1250 |
| 10 | മറ്റപ്പള്ളി ഫിനാൻസ് | 2500 | 2500 |
| 11 | ഗോകുലം ഫിനാൻസ് | 2500 | 1250 |
| 12 | ബിന്ദു ഡ്രൈവിംഗ് സ്കൂൾ | 2000 | 2000 |
| 13 | ഗൗരീശങ്കരം ഓഡിറ്റോറിയം | 2500 | 2500 |
| 14 | ശ്രീമഹാദേവ ഫിനാൻസ് | 2000 | 2000 |
| 15 | രാമനാട്ട് മോട്ടേഴ്സ് | 2500 | 2500 |
| 16 | ടോഡി ഷോപ്പ് നം. 29 | 2500 | 2500 |
| 17 | റേഷൻ കട ARD No.7 | 360 | 360 |
| 18 | ടോഡി ഷോപ്പ് നം. 31 | 1500 | 1500 |
| 19 | കയർ വ്യവസായ സംഘം | 360 | 360 |
| 20 | ടോഡി ഷോപ്പ് നം. 30 | 2500 | 2500 |
| 21 | ഐ.സി.ഐ.സി.ഐ ബാങ്ക് | 2500 | 2500 |
| 22 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് | 2500 | 2500 |
| 23 | സ്ഥായിക ചിറ്റ് | 900 | 900 |

| | | | |
|---|---|---|---|
| | ഫണ്ട്സ് | | |
| 24 | കാലാക്കൽ ഫിനാൻസ് | 2500 | 1250 |
| 25 | അക്ഷയകേന്ദ്രം | 600 | 600 |

3. ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ക്ഷീരോത്പാദക സഹകരണസംഘം - K232, മടിയത്ര |
| 2 | ക്ഷീരോത്പാദക സഹകരണസംഘം - K 84D, വല്ലകം |
| 3 | ക്ഷീരോത്പാദക സഹകരണസംഘം - K 208D, വൈക്കം |

4. സ്വകാര്യ ഡോക്ടർമാർ, കരാറുകാർ, ആധാരം എഴുത്തുകാർ എന്നിവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കാനവശേഷിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നികുതിദായകന്റെ വിശദാംശങ്ങൾ | രണ്ടർദ്ധ വർഷങ്ങളിലേക്ക് ഡിമാന്റ് ചെയ്ത നികുതി |
|---|---|---|
| 1 | ഡോ. പങ്കജവല്ലി, ഹോമിയോ ഡിസ്പെൻസറി | 2500 |
| 2 | ഡോ. ഇന്ദു.ബി.എസ്, പ്രകൃതി ആയുർവേദ | 900 |
| 3 | പി.പി.ഭദ്രൻ, ആധാരം എഴുത്ത് | 1200 |
| 4 | വേണുഗോപാൽ, ആധാരം എഴുത്ത് | 1200 |
| 5 | വിജയ് ശങ്കർ, ആധാരം എഴുത്ത് | 1200 |
| 6 | കൃഷ്ണകുമാർ, കോൺട്രാക്ടർ | 2500 |
| 7 | മനോജ്, കോൺട്രാക്ടർ | 2500 |
| 8 | മത്തായി, കോൺട്രാക്ടർ | 2500 |
| 9 | സന്ദീപ്.എസ്.നായർ, കോൺട്രാക്ടർ | 2500 |
| 10 | വിൻസൺ ആന്റണി, കോൺട്രാക്ടർ | 2500 |

ഡി.സി.ബി രജിസ്റ്റർ പ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശിക തുക ഉൾപ്പെടെ 522810 രൂപ ടി ഇനത്തിൽ കുടിശ്ശികയുണ്ട്. സ്ഥാപന തൊഴിൽ നികുതിയിനത്തിൽ തൻവർഷ നികുതി ഉൾപ്പെടെയുള്ള കുടിശ്ശിക തുക ഈടാക്കുവാൻ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (06/18.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഡേറ്റാ ബേസ് കൃത്യമായി തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളുടേയും സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 1-22 ലൈസൻസ് അനുവദിക്കൽ - അനുബന്ധ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

1. വാർഡു തിരിച്ചുള്ള ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നുണ്ടോയെന്ന് വ്യക്തമല്ല.
2. ഡിമാന്റ് ചെയ്ത ലൈസൻസ് ഫീസ് പൂർണ്ണമായും ഈടാക്കിയിട്ടില്ല.
   രജിസ്റ്റർ പ്രകാരം നഗരസഭയിലെ 26 വാർഡുകളിലുമുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 945000 രൂപ ലൈസൻസ് ഫീസിനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 16516 രൂപ വിവിധ വാർഡുകളിൽ നിന്നും ടി ഇനത്തിൽ ലഭ്യമാകാനവശേഷിക്കുന്നു.
3. മോട്ടോർ ഫീസ് ഈടാക്കുന്നില്ല. സപ്ലിമെന്ററി അപേക്ഷകൾ പരിശോധിച്ചതിൽ പുതുതായി ആരംഭിച്ച ഉമാമി ഫുഡ് വൈബ് എന്ന സ്ഥാപനത്തിൽ 2HP മോട്ടോർ പ്രവർത്തിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.
4. റേഷൻകടകൾ, ക്ഷീരോത്പാദക സഹകരണസംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (55/25.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 443, 2011 ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു മുനിസിപ്പാലിറ്റിയുടെ അതിർത്തിക്കുള്ളിലെ ഏതൊരു വ്യാപാര സ്ഥാപനവും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തും വാർഷികമായി ലൈസൻസ് പുതുക്കിയുമാണ് പ്രവർത്തിക്കുന്നതെന്ന് ഭരണസമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതാണ്.ഇക്കാര്യത്തിൽ നഗരസഭയിൽ നിക്ഷിപ്തമായ റഗുലേറ്ററി ഫങ്ക്ഷൻ കൃത്യമായി നിർവ്വഹിക്കേണ്ടതും അർഹമായ ഫീസ് പൂർണ്ണമായി ഈടാക്കേണ്ടതുമാണ്.

## 1-23 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു നഗരസഭയുടെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. നിലവിൽ ലൈസൻസ് അപേക്ഷകളോടൊപ്പമാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ അപേക്ഷകളും സൂക്ഷിച്ചിട്ടുള്ളത്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ രജിസ്ട്രേഷൻ ആവശ്യമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയോ, രജിസ്ട്രേഷൻ എടുത്തതോ പുതുക്കിയതോ ആയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഫാറം 2 രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ നഗരസഭ പരിധിയിലെ എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും മുൻകൂട്ടി രജിസ്റ്റർ ചെയ്താണോ പ്രവർത്തിക്കുന്നതെന്നും മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നുണ്ടോയെന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല. സ്ഥാപനങ്ങളുടെ ലിസ്റ്റ്, രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 56/ 25.01.24) രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഓഡിറ്റ് വേളയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. സ്ഥാപനങ്ങളുടെ ഡേറ്റാ ബേസ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 മത്സ്യ മാർക്കറ്റ് ഫീസ് ലേല തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല

ഫയൽ നം R- 315/2022

കോവിലകത്തും കടവ് മത്സ്യ മാർക്കറ്റ് ഫീസ് പിരിവിനുള്ള കുത്തകാവകാശം മൂന്ന് തവണ ലേലം ചെയ്തിട്ടും ആരും ലേലം വിളിക്കാത്തതിനാൽ പ്രസ്തുത കുത്തകാവകാശത്തിനായി 390000 രൂപയുടെ ഓഫർ നൽകിയിരുന്ന ശ്രീ സി.എസ്. നാരായണൻ കുട്ടിയുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നെഗോഷ്യേറ്റ് ചെയ്തതിൽ 401000 + ജി.എസ്.ടി രൂപക്ക് കുത്തകാവകാശം ഏറ്റെടുക്കുന്നതിന് ടിയാൻ സമ്മതിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 17.05.2022 ലെ കത്ത് മുഖേന 401000 രൂപക്ക് കുത്തകാവകാശം ഏറ്റെടുക്കുന്നതിന് സമ്മതമാണെന്ന് സി.എസ് നാരായണൻ കുട്ടി നഗര സഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ശ്രീ സി.എസ് നാരായണൻ കുട്ടിയും നഗര സഭ സെക്രട്ടറിയുമായി 16.06.2022 തീയതിയിൽ ചമച്ച കരാറിൽ കുത്തക തുക 5 തുല്യ ഗഡുക്കളായി ഡിസംബർ മാസത്തിനകം അടക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ലേല രജിസ്റ്റർ പ്രകാരം ശ്രീ സി.എസ് നാരായണൻ കുട്ടി ഈയിനത്തിൽ നഗര സഭയിൽ ഒടുക്കിയിട്ടുള്ളത് 345606 രൂപയാണ്. 55394 രൂപ + ജി.എസ്.ടി + ഫൈൻ കൂടി ഒടുക്കാനുള്ളതായി കാണുന്നു. (401000-345606= 55394 ) . ലേല തുക പൂർണ്ണമായി ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല തുക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-25 വാടക ഇനത്തിൽ 15 ലക്ഷത്തിലേറെ രൂപ ഈടാക്കാനവശേഷിക്കുന്നു.

വൈക്കം മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളിൽ താഴെ പറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | മുറി നമ്പർ | കുത്തകക്കാരൻ | മാസ വാടക | വാടക രജിസ്റ്റർ പ്രകാരം 2022-23 വർഷം | | |
|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | കുടിശ്ശിക |
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 1 A | ചന്ദ്രശേഖരൻ നായർ | 1124 | 13488 | 0 | 13488 |
| 2 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 4 | ലീന ജോമി | 2389 | 28668 | 26279 | 2389 (03/23 മാസത്തെ വാടക) |
| 3 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 14 | ശശി വി ജി | 1794 | 21528 | 19734 | 1794 (03/23 മാസത്തെ വാടക) |
| 4 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 15 | വി.എസ് നടരാജൻ | 1794 | 21528 | 19734 | 1794 (03/23 മാസത്തെ വാടക) |
| 5 | കച്ചേരിക്കവല | ഉലഹന്നാൻ യു | 1794 | 21528 | 0 | 21528 |

| | | | | | | |
|---|---|---|---|---|---|---|
| | ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 17 | | | | | |
| 6 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം- 1 | സീന ഷാജി | 1421 | 17052 | 0 | 17052 |
| 7 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം- 3 | കെ.വി ഷാജി | 1251 | 15012 | 0 | 15012 |
| 8 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം- 4 | കോട്ടയം ജില്ല മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 284 | 3408 | 0 | 3408 |
| 9 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 1 | സീന ഷാജി | 6064 | 72768 | 0 | 72768 |
| 10 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 4 | അജിമോൻ | 1746 | 20952 | 0 | 20952 |
| 11 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 5 | പി.ഡി സലീം | 431 | 5172 | 0 | 5172 |
| 12 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 6 | ദേവരാജൻ കോട്ടപ്പള്ളിൽ | 1815 | 21780 | 19965 | 1815 |
| 13 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 7 | മാനേജർ, കെ.പി.ബി.ഓ.എ | 405 | 4860 | 0 | 4860 (03/23 മാസത്തെ വാടക) |
| 14 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 8 | എം.എസ് ശിവകുമാർ | 2812 | 33744 | 30932 | 2812 (03/23 മാസത്തെ വാടക) |
| 15 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 9 | ഗൗരി കൊച്ചനിയൻ | 670 | 8040 | 0 | 8040 |
| 16 | ഓഫീസ് കോംപ്ലക്സ് റൂം നം- 1 | സെക്രട്ടറി, KISCO ഡയഗണോസ്റ്റിക് സെന്റർ | 15759 | 189108 | 47277 | 141831 (07/22 മുതൽ 03/23 വരെ) |
| 17 | ഓഫീസ് കോംപ്ലക്സ് റൂം | ജോയിന്റ് ആർ.ടി.ഓ , വൈക്കം | 14388 | 172656 | 100716 | 71940 (11/22 |

| | | | | | | |
|---|---|---|---|---|---|---|
| | നം- 2 | | | | | മുതൽ 03/23 വരെ) |
| 18 | ഓഫീസ് കോംപ്ലക്സ് റൂം നം- 3A | വൈക്കം താലൂക്ക് അർബൻ കോപ്പറേറ്റീവ് സൊസൈറ്റി | 3990 | 47880 | 11970 | 35910 (07/22 മുതൽ 03/23 വരെ) |
| 19 | ദളവകുളം ബസ് ടെർമിനൽ റൂം നം-1 | അനിൽ കുമാർ | 1156 | 13872 | 12716 | 1156 (03/23 മാസത്തെ വാടക) |
| 20 | ദളവകുളം ബസ് ടെർമിനൽ റൂം നം-4 | പി.രാജൻ | 1239 | 14868 | 0 | 14868 |
| 21 | ദളവകുളം ബസ് ടെർമിനൽ റൂം നം-6 | പ്രസിഡന്റ്, K.P.P.B.O.A | 443 | 5316 | 0 | 5316 |
| 22 | ദളവകുളം ബസ് ടെർമിനൽ എഫ്.എഫ്- റൂം നം-4 | കെ.എസ് ബാബു | 705 | 8460 | 0 | 8460 |
| 23 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ് റൂം നം -1 | ഉൾനാടൻ മത്സ്യ തൊഴിലാളി സഹകരണ സംഘം | 1034 | 12408 | 0 | 12408 |
| 24 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ് റൂം നം -2 | ഹെഡ് ലോഡ് മസ്ദൂർ സംഘം | 1034 | 12408 | 0 | 12408 |
| 25 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ് റൂം നം -3 | കൺവീനർ , ഐ.എൻ.ടി.യു.സി | 1034 | 12408 | 0 | 12408 |
| 26 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം -7 | പ്രിൻസ് കറുത്തേടൻ | 4930 | 59160 | 0 | 59160 |
| 27 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം -8 | മോനിഷ കെ.എം | 4012 | 48144 | 0 | 48144 |

| | | | | | | |
|---|---|---|---|---|---|---|
| 28 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം -11 | അനിൽ കുമാർ.എ | 4012 | 48144 | 0 | 48144 |
| 29 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം -12 | ലക്ഷ്മികുട്ടിയമ്മ | 4012 | 48144 | 0 | 48144 |
| 30 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം -19 | ലെനിൻ സി.പി | 4012 | 48144 | 0 | 48144 |
| 31 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 1 | അമൽ ഓമനക്കുട്ടൻ | 5424 | 65088 | 10848 | 54240 (06/22 മുതൽ 03/23 വരെ) |
| 32 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 2 | ടോമി കെ.ടി | 4200 | 50400 | 0 | 50400 |
| 33 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 4 | പി.വി സാബു | 5488 | 65856 | 0 | 65856 |
| 34 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 5 | പി.ആർ കുമാരൻ | 3191 | 38292 | 0 | 38292 |
| 35 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 11 | ജൻ ജീവൻ സേവ കേന്ദ്ര | 4631 | 55572 | 13893 | 41679 |

| | | | | | | |
|---|---|---|---|---|---|---|
| 36 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 13 | രാജേഷ് ആർ | 4631 | 55572 | 0 | 55572 |
| 37 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 14 | ജ്യോതി കെ എസ് | 4631 | 55572 | 0 | 55572 |
| 38 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 18 | ബൈജു കെ പി | 4631 | 55572 | 0 | 55572 |
| 39 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 24 | പി.ആർ സുമതിയമ്മ | 3686 | 44232 | 0 | 44232 |
| 40 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 26 | സെക്രട്ടറി വൈക്കം ടൗൺ കോപ്പറേറ്റീവ് ബാങ്ക് | 5361 | 64332 | 21444 | 42888 (08/22 മുതൽ 03/23 വരെ) |
| 41 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 27 | Dr. ഷാന്റി പി കെ | 4200 | 50400 | 46200 | 4200 (03/23 മാസത്തെ വാടക) |
| 42 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 28 | Dr. ഷാന്റി പി കെ | 4200 | 50400 | 46200 | 4200 (03/23 മാസത്തെ വാടക) |

| | | | | | | |
|---|---|---|---|---|---|---|
| 43 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 33 | അതുല്യ മുരളി | 4200 | 50400 | 21000 | 29400 (09/22 മുതൽ 03/23 വരെ) |
| 44 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 35 | മനോജ് ടി | 4631 | 55572 | 0 | 55572 |
| 45 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 36 | പ്രസിഡന്റ്, പ്രസ് ക്ലബ് | 1549 | 18588 | 0 | 18588 |
| 46 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 45 | സൽജ്ജ മോൻ | 4343 | 52116 | 47773 | 4343 (03/23 മാസത്തെ വാടക) |
| 47 | ശ്രീമൂലം മാർക്കറ്റ് റൂം നം-1 | ബിജ്ജമോൻ പി.വി | 3528 | 42336 | 0 | 42336 |
| 48 | ശ്രീമൂലം മാർക്കറ്റ് റൂം നം-2 | ബിജ്ജമോൻ പി.വി | 3528 | 42336 | 0 | 42336 |
| 49 | ശ്രീമൂലം മാർക്കറ്റ് റൂം നം-5 | പോൾ സേവ്യർ | 3418 | 41016 | 0 | 41016 |
| | ആകെ | | | | | 1507619 |

വാടക കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 131 മുറികളിൽ 49 മുറികളുടെയും കുത്തകക്കാർ വാടക പൂർണ്ണമായി ഒടുക്കുന്നില്ലയെന്നത് ഗുരുതരമായ സാഹചര്യമാണ്. കൂടാതെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ Rent Receivables From Buildings (Arrears) എന്ന ശീർഷകത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന 2542645 രൂപയുടെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-26 നഗരസഭ ടൗൺ ഹാൾ -വാടക കുടിശ്ശിക ഈടാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിൽ വൈക്കം പടിഞ്ഞാറേ നടയിലുള്ള ടൗൺ ഹാളിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ബാർ അസോസിയേഷൻ ,ക്ലർക്ക് അസോസിയേഷൻ , ലീഗൽ സർവീസ് സൊസൈറ്റി എന്നിവയും , ഒന്നാം നിലയിൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി , രണ്ടാം നിലയിൽ മുൻസിഫ് കോടതി എന്നിവയും വിവിധ കാലയളവുകളിൽ പ്രവർത്തിച്ചിരുന്നു. ബഹു . JFMC കോടതി (06.07.2015 മുതൽ – മുറി ഒഴിഞ്ഞതിന്റെ കൃത്യമായ തീയതി ഫയലിൽ ലഭ്യമല്ല ), മുൻസിഫ് കോടതി (04.01.2017 മുതൽ – 15.05.2018 വരെ ) , എന്നീ കാലയളവുകളിലാണ് പ്രവർത്തിച്ചിരുന്നത്. ഗ്രൗണ്ട് ഫ്ലോറിലെ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച കാലയളവ് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. യഥാസമയം വാടക നിശ്ചയിച്ച് കുടിശ്ശിക രഹിതമായി ഈടാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ടി കെട്ടിടത്തിന്റെ വാടക നൽകുന്നതിന് വേണ്ടി PWD വിഭാഗം നൽകുന്ന പ്രതിമാസ വാടക നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുവാൻ ബഹു. കോടതിയിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നഗരസഭ ആയത് ലഭ്യമാക്കി വാടക ഈടാക്കിയതായി കാണുന്നില്ല. വാടക നിശ്ചയിക്കുന്നതിനായി നഗരസഭ PWD ക്ക് കത്ത് നൽകിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ഫലപ്രദമായ മറ്റ് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ PWD യിൽ നിന്നും വാടക നിരക്ക് നിശ്ചയിച്ച് ലഭിച്ചിട്ടുണ്ടോയെന്നും ടി കാലയളവിലെ വാടക കുടിശ്ശിക ലഭിച്ചിട്ടുണ്ടോയെന്നും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (No.59/27.01.2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സാമ്പത്തിക പ്രതിസന്ധിയിലുള്ള നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വാടക വർഷങ്ങൾക്ക് ശേഷവും ഈടാക്കുന്നതിൽ നഗരസഭ പരാജയപ്പെട്ടിരിക്കുന്നു.ഇതിനുള്ള തുടർ നടപടികൾ സ്വീകരിക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.കൃത്യമായ വാടക നിരക്ക് നിശ്ചയിക്കാത്തതിനാൽ കുടിശ്ശിക കണക്കുകളിൽപ്പോലും ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം ഒട്ടും തന്നെ ആശാസ്യമല്ല. ഈ വിഷയത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് ബഹു. കോടതി ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി വാടക കുടിശ്ശിക നഗരസഭയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-27 വാടക – പൊതു അപാകതകൾ

2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7, 8 പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ നൂറിലേറെ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വളരെ കുറച്ച് വാടകക്കാരുമായി മാത്രമാണ് നിയമാനുസൃത കരാറിലേർപ്പെട്ടിട്ടുള്ളത്. കരാറിൽ ഏർപ്പെടാത്തതിനാൽ നിയമപരമായ നടപടി സ്വീകരിക്കുന്നതിൽ പരിമിതി ഉണ്ടാകുന്നുവെന്ന് മാത്രമല്ല സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് നഷ്ടവുമുണ്ടാകുന്നു. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 567 പ്രകാരമുള്ള ബൈലോ തയ്യാറാക്കുകയോ സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

നിലവിൽ വാടകയുമായി ബന്ധപ്പെട്ട സെക്ഷനുകൾ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും മുൻ വർഷങ്ങളിൽ കൃത്യമായി കുത്തകക്കാരുമായി കരാർ ചമക്കുന്നതിനോ ഒഴിവായ കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനോ ആവശ്യമായ നടപടികൾ കൈക്കൊണ്ടില്ലയെന്നത് മുൻ വർഷ വാടക രജിസ്റ്ററുകളും രേഖകളും പരിശോധിക്കുമ്പോൾ വ്യക്തമാകുന്നുണ്ട്. നഗര സഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ മൂലം നഗര സഭക്ക് വാടകയിനത്തിൽ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) വൈക്കം നഗര സഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കം റസ്റ്റ് ഹൗസിലെ 14,15 മുറികൾ വാടകക്കെടുത്ത മോഹൻദാസ് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് വാടക കുടിശ്ശിക കുറച്ച്

ബാക്കി തുക ലഭ്യമാക്കുന്നതിന് 24.02.2015 ൽ മുനിസിപ്പാലിറ്റിയിൽ അപേക്ഷ കൊടുത്തിരുന്നതായും അത് പരിഗണിക്കാതെ കുടിശ്ശിക ഒടുക്കുന്നതിന് 2016 ഫെബ്രുവരിയിൽ മുനിസിപ്പാലിറ്റിയിൽ നിന്ന് രജിസ്റ്റേഡ് നോട്ടീസ് നൽകിയതായും മോഹൻദാസ് നഗര സഭക്ക് നൽകിയ 03.03.16 ൽ നൽകിയ അപേക്ഷയിൽ പരാമർശിക്കുന്നു. 25.08.2009 തീയതിയിലെ 45,46 രസീതുകൾ പ്രകാരം യഥാക്രമം 300000 രൂപയും 400000രൂപയും വൈക്കം മുനിസിപ്പാലിറ്റിയിൽ ഒടുക്കിയിട്ടുള്ളതായും പ്രസ്തുത രസീതുകൾ നഷ്ടപ്പെട്ട് പോയതായും മോഹൻദാസ് അപേക്ഷക്കൊപ്പം ഹാജരാക്കിയ 17.04.21 തീയതിയിലെ നോട്ടറിയുടെ അഫിഡവിറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2009-10 ലെ വാടക രജിസ്റ്ററിലും 2008-09 ലെ ഡെപ്പോസിറ്റ് രജിസ്റ്ററിലും പരാമർശിത രസീതുകൾ പ്രകാരം മോഹൻദാസ് 7000000 രൂപ ഒടുക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത രേഖപ്പെടുത്തലുകൾ ഉത്തരാവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. 2009-10 മുതൽ 2015-16 വരെയുള്ള വാടക രജിസ്റ്ററുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് കം റസ്റ്റ് ഹൗസിലെ 14,15 മുറികളുടെ കുത്തകക്കാരനായി മോഹൻദാസിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 മുതൽ 2018-19 വരെയുള്ള രജിസ്റ്ററുകളിൽ പ്രസ്തുത മുറികൾ ഒഴിഞ്ഞ് കിടക്കുന്നതായി കാണുന്നു. 2019-20 രജിസ്റ്റർ പ്രകാരം ഷീല എസ് എന്ന വ്യക്തിയുടെ പേരിലാണ് പരാമർശിത മുറിയുടെ കുത്തകാലകാശം രേഖപ്പെടുത്തിയിരിക്കുന്നത്. 2016-17 മുതൽ 2018-19 വരെ പ്രസ്തുത മുറിയുടെ കുത്തകാവകാശം ലേലം ചെയ്യാത്തതിനാൽ വാടകയിനത്തിൽ നഷ്ടം സംഭവിച്ചിരിക്കുന്നു.

2) 2009-10 സാമ്പത്തിക വർഷം മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 25-ാം നമ്പർ മുറി 400000 രൂപക്ക് ലേലത്തിൽ കൊണ്ടിരുന്ന സീനിയ റഫീക്ക് 200000 രൂപ ഒടുക്കിയതിന് ശേഷം (ഇതിൽ 90000 രൂപയുടെ അടവ് വിവരങ്ങൾ ഇല്ല) വിദേശത്ത് പോകേണ്ടി വന്നതിനാൽ പ്രസ്തുത മുറി ഉപയോഗിക്കാനോ എഗ്രിമെന്റ് വയ്ക്കാനോ സാധിച്ചിട്ടില്ലയെന്നും ഒടുക്കിയ തുക തിരികെ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ടിയാരി 05.05.23 തീയതിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ സീനിയ റഫീക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തില് 110000 രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളതെന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഭാഗികമായി മാത്രം ഒടുക്കിയും വാടക ഒടുക്കാതെയും തുടരുന്നത് നഗര സഭക്ക് വലിയ സാമ്പത്തിക നഷ്ടത്തിന് കാരണമാകുന്നതിനാൽ തുക പൂർണ്ണമായി ഒടുക്കിയില്ലെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കിയ തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്നും തുക തിരികെ ലഭിക്കുന്നതിനുള്ള ടിയാരിയുടെ 18.11.13 ലെ അപേക്ഷ തള്ളുകയാണെന്നും നഗര സഭ സെക്രട്ടറി സീനിയ റഫീക്കിനയച്ച 07.01.14 തീയതിയിലെ R3-7842/13 നമ്പർ കത്തിൽ വ്യക്തമാക്കുന്നു. എന്നാൽ തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. 2012-13 മുതൽ 2020-21 വരെയുള്ള വാടക രജിസ്റ്ററുകളിൽ മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 25-ാം നമ്പർ മുറി ഒഴിഞ്ഞ് കിടക്കുകയാണെന്ന് കാണുന്നു. 2021-22 മുതൽ ശരത് സി.എസ് എന്ന വ്യക്തയാണ് പ്രസ്തുത മുറിയുടെ കുത്തകക്കാരനായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മുറിയുടെ കുത്തകാവകാശം ലേലം ചെയ്തു കൊടുക്കാത്തതിനാൽ നഗര സഭക്ക് 2021-22 വരെ വാടകയിനത്തിൽ വലിയ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ച മൂലം നഗര സഭക്ക് വാടക വരവിനത്തിൽ വലിയ നഷ്ടമാണ് ഉണ്ടാകുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും വാടക ബൈലോ തയ്യാറാക്കേണ്ടതും കുത്തകക്കാരുമായി കരാർ ചമക്കേണ്ടതും ഒഴിവാകുന്ന മുറികൾ യഥാസമയം ലേലം ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-28 <u>ഇ ടെൻഡർ ഫീസിനത്തിൽ 2017-18 മുതലുള്ള 4 ലക്ഷത്തിലധികം രൂപ നഗരസഭാ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല.</u>**

ഇ ടെണ്ടർ ഫീസിനത്തിൽ 2017-18 മുതലുള്ള 4 ലക്ഷത്തിലധികം രൂപ നഗരസഭാ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല.

നഗരസഭ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷൻ, കോട്ടയത്തിന്റെ അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. ടി ഇനത്തിൽ 2012-13 മുതൽ 2022-23 വരെ വർഷങ്ങളിൽ നഗരസഭയുടെ അക്കൗണ്ടിൽ ലഭിക്കേണ്ടതും എന്നാൽ ലഭിച്ചിട്ടില്ലാത്തതുമായ തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തികളുടെ എണ്ണം | ടെൻഡർഫീ തുക ലഭിച്ചത് |
|---|---|---|
| 2017-18 | 17 | 36432 |
| 2018-19 | 90 | 176660 |
| 2019-20 | 33 | 38906 |
| 2020-21 | 21 | 41147 |
| 2021-22 | 31 | 63250 |
| 22-23 | 71 | 108971 |
| ആകെ | 263 | 465336 |

2017-18മുതൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 263 പ്രവൃത്തികളുടെ ടെൻഡർഫീസിനത്തിലുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള പലിശരഹിത അക്കൗണ്ടിൽത്തന്നെ നിലനിൽക്കുന്നു. നഗരസഭയുടെ തനതുഫണ്ടിലേക്ക് ലഭ്യമാകേണ്ട തുക ഇപ്രകാരം പലിശരഹിത അക്കൗണ്ടിൽ നിലനിൽക്കുന്നതിനാൽ പലിശയിനത്തിലും വരുമാനനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഓഡിറ്റ് വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ നഗരസഭാ അക്കൗണ്ടിൽ ലഭ്യമായ തുകയുടെ വിവരം സംബന്ധിച്ചും ഈയിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതിനായി ആരംഭിച്ച അക്കൗണ്ട് വിവരം സംബന്ധിച്ചും രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 2017-18 മുതൽ 22-23 വരെ വർഷങ്ങളിലെ ടെണ്ടർ ഫീസിനത്തിലുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതെന്നും തുക തിരികെ ലഭ്യമാക്കാനാവശ്യപ്പെട്ട് ലഭ്യമാകാനുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് സഹിതം എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി കോട്ടയത്തിനും, ഡയറക്ടർ കേരള സ്റ്റേറ്റ് ഐറ്റി മിഷനും പലതവണ കത്ത് നൽകിയെങ്കിലും നാളിതുവരെ തുക അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടില്ല എന്നറിയിച്ചു. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യതകൾ ഉള്ള നഗരസഭയ്ക്ക് ലഭിക്കേണ്ട 4.5 ലക്ഷത്തിലധികം രൂപ പലിശരഹിത അക്കൗണ്ടിൽ നിലനിൽക്കുകയാണ്.

ഓരോ പ്രോജക്ടിന്റേയും ടെൻഡർ ഐഡി ഉൾപ്പെടെയുള്ള വിവരങ്ങൾ സഹിതം ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട ആകെത്തുക വർഷം തിരിച്ച് കണക്കാക്കി പ്രസ്തുത രേഖകൾ സഹിതം എക്സിക്യൂട്ടീവ് എൻജിനീയർക്ക് അപേക്ഷ നൽകുന്നതിനും ഈയിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക നഗരസഭയുടെ അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 അസറ്റ് മാനേജ്മെന്റും ആസ്തി സംരക്ഷണ പ്ലാനും സമഗ്രമല്ല

### 1) ആസ്തിരജിസ്റ്റർ അപൂർണ്ണം

നഗരസഭയിൽ നിലവിലുള്ള ആസ്തിരജിസ്റ്റർ അപൂർണ്ണമാണ്. നഗരസഭയുടെ കൈവശാവകാശത്തിലും ഉടമസ്ഥതയിലുമുള്ള എല്ലാ സ്ഥാവര ജംഗമ ആസ്തികളുടെയും വിവരം കൃത്യമായും പൂർണ്ണമായും ആസ്തിരജിസ്റ്ററിൽ അതാതിന്റെ മൂല്യം സഹിതം ഉൾപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.കൂടാതെ ആസ്തികളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. സചിത്ര സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഭൂമി സംബന്ധമായി നേരത്തെ ലഭ്യമായ രേഖകളിൽനിന്നും വിവരങ്ങൾ സചിത്രസോഫ്റ്റ് വെയറിൽ പകർത്തുകമാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടു. കെട്ടിടങ്ങൾ, കുളങ്ങൾ,

മരങ്ങൾ, ഭൂമിയിൽ നടത്തിയ ഏതെങ്കിലും സംരക്ഷണപ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ സംഗതികളിൽ കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം,കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ, വർഷം, നിർമ്മാണച്ചെലവ്, കെട്ടിടത്തിലെ സൗകര്യങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. റോഡുകൾക്ക് നിർമ്മാണച്ചെലവും വർഷവും രേഖപ്പെടുത്തിയിട്ടില്ല. ജലവിതരണവുമായി ബന്ധപ്പെട്ട ആസ്തികളായ ജലസ്രോതസ്സുകളുടെ വിവരങ്ങളും , സംഭരണസൗകര്യം പൈപ്പ് ലൈനുകൾ,കണക്ഷനുകളുടെ എണ്ണം, നിർമ്മാണച്ചെലവ് തുടങ്ങിയ വിശദാംശങ്ങളും സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

2) അസറ്റ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ നടക്കുന്നില്ല

നഗരസഭാപരിധിയിൽ വിവിധ മാർഗ്ഗങ്ങളിൽ നഗരസഭ സ്വന്തം നിലയിൽ ആർജ്ജിച്ചിട്ടുള്ളതും, സർക്കാരിൽനിന്നും പതിച്ചുകിട്ടിയിട്ടുള്ളതും കൂടാതെ സൗജന്യമായി വിട്ടുകിട്ടിയിട്ടുള്ളതുമായ വസ്തുവകകളുടെ കൃത്യവും സമഗ്രവുമായ ഡേറ്റാബേസ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അസറ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ആയതിനാൽത്തന്നെ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഭൂമികൾ കണ്ടെത്തുന്നതിനും അവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ ശരിയായ രീതിയിൽ നടക്കുന്നില്ല. ആസ്തിരജിസ്റ്റർ പ്രകാരമുള്ള എല്ലാ ഭൂമിയും ഭൗതീകമായി ലഭ്യമാണോ എന്ന കാര്യത്തിലും അവ്യക്തത നിലനിൽക്കുന്നു. കൂടാതെ ഏറ്റെടുത്തതോ കൈമാറ്റം ചെയ്തതോ ആയ ഭൂമിയുടെ ഉടമസ്ഥാവകാശരേഖകളും നഗരസഭയുടെ കൈവശമില്ല.

അസറ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും കമ്മിറ്റിയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നഗരസഭയുടെ എല്ലാ ആസ്തികളുടേയും സമഗ്രമായ ഡേറ്റാബേസ് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ അസറ്റ്മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി , അസറ്റുകളുടെ അവസ്ഥ വാർഷികമായി വിലയിരുത്തേണ്ടതും, ആസ്തികൾ സംരക്ഷിക്കുന്നതിനും അവസ്ഥ മെച്ചപ്പെടുത്തുന്നതിനും ഇതനുസരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ആസ്തി സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം ക്രമപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-30 ആസ്തികളും അവകാശങ്ങളും വരുമാനവർദ്ധനവിനായി പ്രയോജനപ്പെടുത്തുന്നില്ല**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ/ആസ്തികൾ/വിവിധ അവകാശങ്ങൾ എന്നിവ 2022-23 വർഷം സുതാര്യമായ നടപടിക്രമങ്ങളിലൂടെ ലേലം ചെയ്യുന്നതിലും ഇതിലൂടെ വരുമാനം ആർജ്ജിക്കുന്നതിലും വീഴ്ച്ച ഉണ്ടായതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം ചെയ്യാത്ത ആസ്തികളും അവകാശങ്ങളും |
|---|---|
| 1 | ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന വാഹനങ്ങളിൽ നിന്ന് ഫീസ് പിരിവ് നടത്തുന്നതിനുള്ള അവകാശം |
| 2 | നഗര സഭ ലോഡ്ജ് |
| 3 | ഐസ് പ്ലാന്റ് |
| 4 | നഗര സഭ ടൗൺ ഹാൾ |
| 5 | കച്ചേരി കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21 |
| 6 | ദളവകുളം ബസ് ടെർമിനൽ റൂം നം 1 |
| 7 | ദളവകുളം ബസ് ടെർമിനൽ എഫ്.എഫ് റൂം നം 5 |
| 8 | കോവിലകത്ത് കടവ് മാർക്കറ്റ് മാർക്കറ്റ് റൂം നം 4,5 |
| 9 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം 1 |

| | |
|---|---|
| 10 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 6,7,8,12,16,17,19,20,21,22,23,29,30,31,32,34,39,42,43 |
| 11 | ശ്രീ മൂലം മാർക്കറ്റ് റൂം നമ്പർ - 3,4 |

നഗര സഭയുടെ ആസ്തികൾ നിഷ്ക്രിയാസ്തികളായി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സൂചിത ആസ്തികളും അവകാശങ്ങളും സമയബന്ധിതമായി സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് ലേലത്തിൽ നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭാവിയിൽ നഗരസഭയുടെ ആസ്തികൾ ഒഴിഞ്ഞ് കിടക്കുവാനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**1-31 വാഹനങ്ങളുടെ പരിപാലനചട്ടങ്ങൾ കൃത്യമായി പാലിക്കുന്നില്ല.**

വൈക്കം നഗരസഭയുടെ അധീനതയിലുള്ള KL-36 E 6611 (എറ്റിയോസ് കാർ), KL -36 A 9595 (ബൊലേറോ ജീപ്പ്), KL -5U 6697 (ടിപ്പർ) എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 2022-23 കാലയളവിൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതായി രേഖപ്പെടുത്തലുകളില്ലയെന്ന് വ്യക്തമായി. ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (32/23.01.24) ക്ലീൻ സിറ്റി മാനേജറുടെ ഉടമസ്ഥതയിലുള്ള KL -5U 6697 നമ്പർ വാഹനത്തിന് 2022-23 കാലയളവിൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലായെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം 8, 9 എന്നിവ പ്രകാരം ആറുമാസത്തിലൊരിക്കൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തേണ്ടതും ഇന്ധന ഉപയോഗത്തിന്റെ കൃത്യത കസ്റ്റോഡിയൻ ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.

കൂടാതെ എം.പി ഫണ്ട് 1700000 (ഫയൽ നമ്പർ- H1/ 9166/21) രൂപയും തനത് ഫണ്ടിൽ നിന്നും 23523 രൂപ ചെലവഴിച്ച് ഫോർബ്സ് മോട്ടോഴ്സിൽ നിന്നും വാങ്ങിയ ആംബുലൻസിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (32/23.01.24) മറുപടി ലഭ്യമാക്കിയില്ല. വാഹനത്തിന്റെ തുടർപരിപാലനം സംബന്ധിച്ചും വ്യക്തതയില്ല.പ്രസ്തുത ആമ്പുലൻസ് രോഗികൾക്കും അടിയന്തിര ചികിൽസ വേണ്ടവർക്കും പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുന്നതിന്റെയും ബൈലാ തയ്യാറാക്കി ഫീസ് നിശ്ചയിച്ചിട്ടുള്ളതിന്റെയും വിവരം ലഭ്യമായില്ല.

വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പാലിക്കാനും അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

**1-32 ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കുന്നില്ല -2012-2013 മുതലുള്ള കുടിശ്ശിക 52.69 ലക്ഷം രൂപ**

1989 ലെ Kerala Public Libraries (Kerala Grandhasala Sanghom) Act, ഖണ്ഡിക 48ന് വരുത്തിയ ഭേദഗതി പ്രകാരം ( The Kerala Decentralisation Of Powers Act – 2000 ഖണ്ഡിക 35പ്രകാരം) ലൈബ്രറി സെസ്സ് ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതും അല്ലാത്ത പക്ഷം കാലതാമസത്തിന് 2% നിരക്കിൽ പ്രതിമാസം പിഴ ഒടുക്കേണ്ടതുമാണ്. കൂടാതെ ഇപ്രകാരം പിഴ ഒടുക്കേണ്ടി വരികയാണെങ്കിൽ ആയത് സെക്രട്ടറി, ചെയർമാൻ / ചെയർപേഴ്സൺ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി അവരിൽ

നിന്നും ഈടാക്കേണ്ടതുമാണെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വൈക്കം നഗരസഭ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക യഥാസമയം കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ തുക ബാദ്ധ്യതയുള്ളതായി കാണുന്നു. ടി വിഷയം സംബന്ധിച്ച് സംസ്ഥാന ലൈബ്രറി കൗൺസിലിൽ നിന്നും നിരവധി കത്തുകളും, ഓർമ്മക്കുറിപ്പുകളും നല്കിവരുന്നുണ്ടെങ്കിലും നാളിതുവരെ നഗരസഭയ്ക്ക് തുക അടവാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ 10012022 ലെ എ 3 / 4775 / 21 നമ്പർ കത്ത്, 31102022 ൽ കോട്ടയം ജില്ലാ ലൈബ്രറി കൗൺസിലിൽ നിന്നും നൽകിയ KDLC / 12 / 2020 നമ്പർ കത്ത്, എന്നിവ പ്രകാരം നഗരസഭ 2012-2013 ഒന്നാം അർദ്ധവർഷം മുതലുള്ള കാലയളവിലെ ലൈബ്രറി സെസ്സ് തുക അടയ്ക്കുവാൻ അവശേഷിക്കുന്നതായി വ്യക്തമാക്കുന്നുണ്ട്. നഗരസഭയുടെ 2022-2023 വർഷത്തെ ബാലൻസ് ഷീറ്റ് - ബി 9 ഷെഡ്യൂൾ പ്രകാരം 5,269,799.75 രൂപ നഗരസഭ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. നഗരസഭ തുകയൊന്നും അടയ്ക്കാത്തതിനാൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഡ്വ. അരുൺ കുമാർ മുഖേന നഗരസഭയ്ക്ക് 18/07/2023 ൽ നോട്ടീസ് അയച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി വിഷയം 10/11/2023 ൽ നടന്ന കോൺസിൽ യോഗത്തിൽ ചർച്ച ചെയ്യുകയും 11/1 നമ്പർ തീരുമാനപ്രകാരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 5 ലക്ഷത്തിൽ കുറയാത്ത തുക അടവാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതുമാണ്. ഭീമമായ തുക കുടിശ്ശിക ഉണ്ടായിരിക്കെ സംസ്ഥാന ലൈബ്രറി കൗൺസിൽ നിയമനടപടികളുമായി മുന്നോട്ടുപോയാൽ പലിശ ഇനത്തിലും നഗരസഭ തുക അടയ്ക്കേണ്ടതായ സാഹചര്യം ഉണ്ടാകാനിടയുണ്ട്. ആയതിനാൽ ഈ വിഷയം അടിയന്തിരമായി സംസ്ഥാന ലൈബ്രറി കൗൺസിലുമായി ചർച്ച നടത്തി തീരുമാനം എടുക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-33 സെൻട്രൽ പെൻഷൻ ഫണ്ട് വിഹിതം , പ്രോവിഡന്റ് ഫണ്ട് തുക എന്നിവ യഥാസമയം അടവാക്കുന്നില്ല.**

**1. റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിതരണം**

1997 -ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം&കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു.

2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ മുൻസിപ്പൽ പെൻഷൻ ഫണ്ടിലും പൂർണ്ണമായി അടവാക്കുന്നില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് 2010-11 വർഷം മുതൽ കുടിശ്ശിക തുക ലഭിക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. തനത് വരുമാനം കുറവായ നഗരസഭയ്ക്ക് ഈ ഇനത്തിൽ അധികച്ചെലവുണ്ടാകുന്നത് സാമ്പത്തിക ബാദ്ധ്യതയ്ക്ക് വഴിതെളിക്കും. എന്നാൽ നഗരസഭയിൽ നിന്നും വർഷങ്ങളായി (08/ 2009 മുതൽ ) പെൻഷൻ കോൺട്രിബ്യൂഷൻ തുക അടയ്ക്കുന്നതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച ഫയൽ (A 2 / 2827 / 97 ) പരിശോധിച്ചതിൽ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക , തൻ വർഷം അടയ്ക്കേണ്ട തുക എന്നിവ അടയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് പൂർണ്ണമായും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ ഫണ്ട് വേറിട്ട് സൂക്ഷിക്കാതെ തനത് ഫണ്ടിൽ നിന്നും നേരിട്ട് ഫണ്ടിന്റെ ലഭ്യതയക്ക് അനുസരിച്ച് പെൻഷൻ

ആനുകൂല്യങ്ങൾ നൽകുന്ന അവസ്ഥ ആത്യന്തികമായി വലിയ പ്രതിസന്ധിയിലേയ്ക്ക് നയിക്കും. മാത്രമല്ല അനാവശ്യമായി നിരവധി വ്യവഹാരങ്ങളും നേരിടേണ്ടിവരുകയും ചെയ്തേക്കാം. പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട സാമ്പത്തിക വിനിമയങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനും സെൻട്രൽ പെൻഷൻ ഫണ്ടിന്റെ കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുത്തി ലഭിക്കാനുള്ള ഫണ്ട് വിഹിതം പൂർണ്ണമായും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**2. പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ , ലോൺ തുക , ഡി എ കുടിശ്ശിക തുകകൾ യഥാസമയം പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നില്ല.**

നഗരസഭയിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ , ലോൺ തുക , എന്നിവ നഗരസഭാ ഫണ്ട് ലഭ്യമല്ലയെന്ന കാരണത്താൽ യഥാസമയം പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ അടയ്ക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. ടി തുക യഥാസമയം അടയ്ക്കാത്തതിനാൽ ജീവനക്കാർക്ക് ലഭിക്കേണ്ട പലിശ നഷ്ടപ്പെടുന്നതായും കാണുന്നു. കൂടാതെ സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ഡി എ കുടിശ്ശിക തുകകൾ , ശമ്പള പരിഷ്കരണ കുടിശ്ശിക തുകകൾ എന്നിവയും യഥാസമയം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നില്ല. ഇത് നഗരസഭ ജീവനക്കാർക്ക് വലിയ തോതിലുള്ള സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നതായി കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13/04/2023 ലെ LSGD/PD/ 12808/2023 /CPF 2 നമ്പർ കത്ത് പ്രകാരം ജീവനക്കാരുടെ 01/2022 ലെ പി എഫ് വിഹിതം ഒടുക്കിയത് 24/03/2022 ലും , 02/2022 ലെ വിഹിതം ഒടുക്കിയത് 24/03/2022 ലും 03/2022 ലെ വിഹിതം 14/12/2022 ലുമാണ് ഒടുക്കവരുത്തിയത് . തുടർന്നുള്ള മാസങ്ങളിലും ആറു മുതൽ ഏഴ് മാസം വരെ കാലതാമസം പി എഫ് വിഹിതം അടയ്ക്കുന്നതിന് നഗരസഭ വരുത്തിയിരുന്നു. ടി ഇനത്തിൽ ജീവനക്കാർക്ക് പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം 76177/- രൂപ നഗരസഭയ്ക്കുള്ള പി.എഫ്. വിഹിതത്തിൽ കുറവ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇപ്രകാരം അടയ്ക്കുവാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ, നിലവിൽ എല്ലാ മാസത്തെയും പി എഫ് തുക കൃത്യമായി അടയ്ക്കുന്നതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 52/25.01.24) മറുപടിയിൽ നിലവിൽ പി എഫ് , ഇൻഷുറൻസ് റിക്കവറികൾ കൃത്യമായി അടയ്ക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുകകൾ യഥാസമയം അടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-34 ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക പി.എഫിൽ ലയിപ്പിക്കാതെ പണമായി നൽകി**

ഫയൽ നമ്പർ -R4-5682/ 2021

08.02.21 ലെ ജി.ഒ( പി) 25/21 ഫിൻ പ്രകാരം 2019 ജനുവരി മുതൽ 2021 ഫെബ്രുവരി (23% മുതൽ 36%) വരെയുള്ള ക്ഷാമബത്ത കുടിശ്ശിക തുക വിരമിച്ചവർക്കും പി.എഫ് ക്ലോസ് ചെയ്ത ജീവനക്കാർക്കും പണമായി നൽകുന്നതിനും നിലവിൽ സർവ്വീസിൽ തുടരുന്ന ജീവനക്കാർക്ക് പി.എഫിലേക്ക് ഒടുക്കുന്നതിനും അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ വൈക്കം നഗരസഭയിലെ നിലവിലും സർവ്വീസിൽ തുടരുന്ന 3 ജീവനക്കാർക്ക് ടി തുക പി.എഫിലേക്ക് ഒടുക്കാതെ വിരമിച്ച ജീവനക്കാർക്കൊപ്പം പണമായി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | പണമായി നൽകിയ ക്ഷാമബത്ത കുടിശ്ശിക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | രജനീഷ്.പി.പി | ഡ്രൈവർ | 32728 | 22201085/ |

| | | | | |
|---|---|---|---|---|
| | | | | 28.03.23<br>ചെക്ക് നം. –<br>2077993/<br>28.03.23<br>തുക –<br>207134 |
| 2 | അഞ്ജു. പി.എം | ക്ലർക്ക് | 22243 | |
| 3 | നിഷമോൾ.എസ് | ഓഫീസ് അറ്റൻഡന്റ് | 38012 | |
| | ആകെ | | 92983 | |

20.04.21 ലെ സർക്കുലർ നമ്പർ 36/21/ ധന പ്രകാരം വിരമിച്ചവർക്കും പി.എഫ് ക്ലോസ് ചെയ്തവർക്കും മാത്രമേ ക്ഷാമബത്ത കുടിശ്ശിക പണമായി നൽകുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും വിരമിച്ച ജീവനക്കാരോടൊപ്പം ടി പട്ടിക പ്രകാരമുള്ള തുക നിലവിൽ സർവ്വീസിൽ തുടരുന്ന ജീവനക്കാർക്ക് പണമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 16/ 19.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ജീവനക്കാരുടെ പി.എഫിൽ ഒടുക്കി വിവരം അറിയിക്കുകയോ ഉചിതമായ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-35 എൻ.പി.എസ്. വിഹിതം ജീവനക്കാരന് തിരികെ നൽകി – നടപടിക്രമങ്ങളിൽ അപാകത.**

ഫയൽ നമ്പർ – 332/18

വൈക്കം നഗരസഭയിൽ 17.02.2020 ൽ ഡ്രൈവർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ രജനീഷ്.പി.പി 17.08.21 ൽ നഗരസഭയിൽ നിന്നും വിടുതൽ വാങ്ങി ഇൻഷുറൻസ് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. ടിയാളുടെ ഫെബ്രുവരി 2020 മുതൽ ആഗസ്റ്റ് 21 വരെ പങ്കാളിത്ത പെൻഷൻ വിഹിതം ഇനത്തിൽ പിടിച്ച തുക 40143 രൂപ ചെക്ക് നമ്പർ 575501/30.08.22 പ്രകാരം ജീവനക്കാരന് തിരികെ നൽകിയതായി കാണുന്നു. 17.02.2020 മുതൽ 17.08.21 വരെയുള്ള ശമ്പള ബിൽ, ടി കാലയളവിലെ എംപ്ലോയർ വിഹിതം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിസ്റ്റ് (33/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ജീവനക്കാരന് നഗരസഭയിലെ സേവനകാലയളവിൽ എൻ.പി.എസ് അക്കൗണ്ടില്ലാത്തതിനാൽ ഒടുക്കുവാൻ സാധിക്കാത്ത തുക തിരികെ നൽകുന്നതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് ശരിയായ നടപടി ക്രമമല്ല. പുതിയ വകുപ്പിൽ എൻ.പി.എസ് അക്കൗണ്ട് തുടങ്ങിയ ശേഷം ടി അക്കൗണ്ടിലേക്ക് എംപ്ലോയർ വിഹിതം ഉൾപ്പെടെയുള്ള തുക തിരികെ നൽകുന്നതായിരുന്നു ശരിയായ രീതി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും നടപടികൾ കൃത്യമായി പാലിക്കുന്നതിനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

**1-36 വെള്ളക്കരം സമയബന്ധിതമായി ഒടുക്കാത്തതിനാൽ പിഴ ഇനത്തിൽ 5290 രൂപയുടെ അധികച്ചെലവ്**

ഫയൽ നമ്പർ – R4- E1-9385/03

വൈക്കം നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സ്, അംഗൻവാടി, കംഫർട്ട് സ്റ്റേഷൻ, ഡംബിംഗ് യാർഡ്, മാർക്കറ്റ് എന്നിവിടങ്ങളിലെ വെള്ളക്കരം സമയബന്ധിതമായി ഒടുക്കാത്തതിനാൽ പിഴയിനത്തിൽ 5290 രൂപ ഒടുക്കിയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക ഒടുക്കിയ ചെക്ക് നം/ | കൺസ്യൂമർനം. | കെട്ടിടം | ഡിമാന്റ് നോട്ടീസ് പ്രകാരം |
|---|---|---|---|---|

| | തീയതി | | | ഈടാക്കിയ പിഴ |
|---|---|---|---|---|
| 1 | 373878/ 31.03.23 | VMC/3/ N-3272102281 | ഷോപ്പിംഗ് കോംപ്ലക്സ് പടിഞ്ഞാറേ നട | 442 |
| 2 | 373878/ 31.03.23 | VMCN/6418/N | ശ്മശാനം | 358 |
| 3 | 373878/ 31.03.23 | VMCN/5788/N | കംഫർട്ട് സ്റ്റേഷൻ, പടിഞ്ഞാറേ നട | 272 |
| 4 | 373878/ 31.03.23 | VMCN/6419/N | ഡംബിംഗ് യാർഡ് | 148 |
| 5 | 373879/ 31.03.23 | VMCN/5788/N | കോലകത്തും കടവ് മാർക്കറ്റ് | 3918 |
| 6 | 373835/ 02.03.23 | VMCN/868/N | കിഴക്കേ നട പൊതു ശൗചാലയം | 152 |
| | **ആകെ** | | | **5290** |

വെള്ളക്കരം സമയബന്ധിതമായി ഒടുക്കാതെ പിഴ ഒടുക്കേണ്ടിവന്ന സാഹചര്യത്തിനും കംഫർട്ട് സ്റ്റേഷൻ, മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ വെള്ളക്കരം ടി സ്ഥലങ്ങൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ ഒടുക്കാതെ നഗരസഭ ഒടുക്കിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (47/ 24.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ അവയുടെ വൈദ്യുത ചാർജ്ജ്, വെള്ളക്കരം എന്നിവ ടി കെട്ടിടം വാടകയ്ക്ക് എടുത്തവർ ഒടുക്കുന്നതിനായി കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ നടപടി സ്വീകരിക്കേണ്ടതുമാണ്. നഗരസഭയുടെ ബാധ്യതകൾ സമയബന്ധിതമായി തീർക്കേണ്ടതും ബാധ്യതയിന്മേൽ പിഴ അടവാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഇത്തരം അപാകതൾ മൂലമുള്ള അധികച്ചെലവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാധ്യതയായി പരിഗണിക്കപ്പെടുന്നതാണ്.

## 1-37 പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ തുക കുടിശ്ശിക ഇനത്തിൽ ബാധ്യത

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 142/23 |
| ചെലവ്, ഫണ്ടിനം | 24,21,936/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നമ്പർ, തീയതി | 335,336,337,338,339/19.3.23 = 2000000/-<br>334/19.3.23 = 421936/- |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വൈക്കം നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വലിയ കുടിശ്ശിക നിലനിൽക്കുന്നു. 31.3.23 ലെ ബിൽ പ്രകാരം ( ബിൽ നമ്പർ 73204/10.4.23) വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത വെള്ളക്കരത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നമ്പർ | 73204/10.4.23<br>405 ടാപ്പുകൾ |
| പ്രാരംഭബാക്കി | 97400602/- |
| ഫൈൻ | 1870557/- |
| 4/23 ലെ ബിൽ | 737066 |
| ആകെ | 10,0008225/- |
| ബാലൻസ് | 10,0008225/- |

വെള്ളക്കരം അടവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) വൈക്കം നഗരസഭയിലെ 395 പൊതുടാപ്പുകളുടെ ലിസ്റ്റ് പരിശോധിച്ച് നിലനിർത്തേണ്ടവയുടെ വിവരങ്ങൾ ലഭ്യമാക്കാൻ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 4.3.20 ൽ അറിയിച്ചിരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഫയൽ നമ്പർ R4/(E1)/9385/03). എന്നാൽ വാട്ടർ അതോറിറ്റി ബില്ലിൽ ഡിമാന്റ് ചെയ്യുന്നത് 405 ടാപ്പുകളാണ്.

2) പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താൻ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 19.10.20 മുതൽ 21.10.20 വരെ സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3) 20.1.23 ലെ KWA/HO/RMC/R4/1167/2023 നമ്പർ കത്തിലൂടെ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തത് വൈക്കം നഗരസഭയ്ക്ക് 18,89,01,064 /- രൂപ വെള്ളക്കരം കുടിശ്ശികയുണ്ടെന്നാണ്. എന്നാൽ ഒടുവിൽ ലഭിച്ച 11/23 ലെ ബിൽ പ്രകാരം കുടിശ്ശിക 12,00,51,156/- രൂപയാണ്. നഗരസഭ ഇതിനിടയിൽ വലിയ തുകകളൊന്നും അടവാക്കിയിട്ടുമില്ല. ബാധ്യത കണക്കുകളിൽ കൃത്യത വരുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. നഗരസഭയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ സ്വന്തം വരുമാനം മാത്രം വിനിയോഗിച്ച് ടി ബാധ്യത തീർക്കുകയെന്നത് ഏറെക്കുറെ അസാധ്യമാണ്. ആയതിനാൽ ടി വിഷയത്തിൽ ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയും കൗൺസിലും അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണ്.

മേൽസൂചിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/22.01.24) മറുപടി ലഭ്യമായില്ല. ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കൃത്യമായി നിർണ്ണയിക്കേണ്ടതും ആവശ്യമില്ലാത്ത ടാപ്പുകൾ ഒഴിവാക്കി വലിയ സാമ്പത്തിക ബാദ്ധ്യത തുടർവർഷങ്ങളിൽ ഉണ്ടാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. പൊതുടാപ്പുകളുടെ കുടിശ്ശിക സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും വ്യക്തത വരുത്തേണ്ടതുമാണ്.

**1-38 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ്- തനത് ഫണ്ടിന് ഭീമമായ നഷ്ടം.**

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നത് സംബന്ധിച്ച ഫയൽ (നമ്പർ – R4/1752/16) പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജിന്മേൽ റവന്യൂ റിക്കവറി നടപടി

വൈക്കം നഗരസഭയിലെ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ് അടവാക്കുന്നതിൽ ഭീമമായ കുടിശ്ശിക

നിലനിൽക്കുന്നു. കുടിശ്ശിക തുകയായ 68,42,564/-രൂപ ഒടുക്കാത്തതിനാൽ കെ.എസ്.ഇ.ബി റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാൻ ഉത്തരവായതിന്റെ ഫലമായി 23.3.22 ന് റവന്യൂ (എസ്) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 2022/483/05/1/S1/(Rev) നമ്പർ കത്ത് പ്രകാരം കുടിശ്ശിക തുകയുടെ 20% (1300722/-) (മുതൽ + പലിശ + കളക്ഷൻ ചാർജ് + മറ്റ് ചാർജുകൾ) 23.3.22 മുതൽ 25 ദിവസത്തിനകം അടയ്ക്കാനും ബാക്കി തുക 19.4.22 മുതൽ 24 തുല്യ പ്രതിമാസ തവണകളായി അടയ്ക്കുവാനും ജില്ലാ കളക്ടർ മുഖാന്തിരം അനുവാദം നൽകി. 2022-23 സാമ്പത്തിക വർഷത്തിൽ റവന്യൂ റിക്കവറി നടപടി പ്രകാരം 5177706 രൂപ ഗഡുക്കളായി ഒടുക്കിയിട്ടുണ്ട്. ടി തുകകൾ കെ.എസ് ഇ.ബി കൈപ്പറ്റിയതിന്റെയോ വൈദ്യുത ചാർജ്ജിനത്തിൽ വരവ് വെച്ചതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ റവന്യൂ റിക്കവറിയുടെ ഡിമാന്റ് നോട്ടീസ് ഫീസിനത്തിൽ 376686 രൂപ അധിക ചെലവും തനത് ഫണ്ടിൽ നിന്നും ഉണ്ടായിട്ടുണ്ട്.

2. തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് സമയബന്ധിതമായി ഒടുക്കാത്തതിനാൽ സർചാർജ്ജിനത്തിൽ തനത് ഫണ്ടിന് അധിക ബാധ്യത.

05.12.23 ലെ കെ.എസ്.ഇ.ബിയുടെ ബി.ബി/വൈക്കം/ജനറൽ/2023-24/50 -ാം നമ്പർ കത്ത് പ്രകാരം മീറ്റർ രഹിത തെരുവ് വിളക്കുകളുടെയും ഹൈമാസ്റ്റ് ലൈറ്റുകളുടെയും നിരീക്ഷണക്യാമറകളുടെയും വൈദ്യുത ചാർജ്ജിനത്തിൽ 03/20 മുതൽ 12/2023 വരെ 18% സർചാർജ്ജ് സഹിതം 9894125 രൂപ (162298 രൂപ സർചാർജ്ജ് തുക ഉൾപ്പെടെ) കുടിശ്ശിക നിലനിൽക്കുന്നു. ഫയൽ പ്രകാരം 2023-24 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 56/24 പ്രകാരം 1000000 രൂപ വികസനഫണ്ടിൽ നിന്നും ഒടുക്കിയതായും 20.12.23 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 1000000 രൂപ തനതുഫണ്ടിൽ നിന്നും ഒടുക്കിയതായും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കെ.എസ്.ഇ.ബിയിൽ നിന്നുള്ള കൈപ്പറ്റ് രസീതും വൈദ്യുത ചാർജ്ജിനത്തിൽ ടി തുകകൾ വരവ് വെച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല പ്ലാൻ ഫണ്ട് ഉപയോഗിച്ച് വൈദ്യുത ചാർജ്ജ് കുടിശ്ശിക ഒടുക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നാളിതുവരെ ടി ഇനത്തിൽ ഒടുക്കിയ തുകയുടെയും നിലവിലെ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

3. തെരുവ് വിളക്കിന് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല.

നഗരസഭ പരിധിയിലുള്ള 1146435000891 കൺസ്യൂമർ നമ്പരായ തെരുവ് വിളക്കിന് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ 8A താരിഫിലാണ് നിലവിൽ വൈദ്യുതി ചാർജ്ജ് തിട്ടപ്പെടുത്തുന്നത്. സ്ഥാപിച്ചിരിക്കുന്ന ബൾബുകളുടെ എണ്ണവും ഇനവും 12 മണിക്കൂർ ഈ ബൾബുകൾ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുത ചാർജ്ജ് നിർണ്ണയിക്കുന്നത്. ഏകദേശം 2 ലക്ഷം രൂപയ്ക്ക് മുകളിലാണ് നിലവിലെ പ്രതിമാസ വൈദ്യുത ചാർജ്ജ്. തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ചിരിക്കുന്നതിന്റെ വിവരം പ്രവർത്തിക്കുന്ന ബൾബുകളുടെ എണ്ണവും ഇനവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വൈദ്യുത ചാർജ്ജിന്റെ ആധികാരികത പരിശോധിച്ചുറപ്പാക്കാൻ സാധിച്ചില്ല.

4. സർചാർജ്ജിനത്തിൽ അധികം തുക തനത് ഫണ്ടിൽ നിന്നും നഷ്ടമാകുന്നു.

തെരുവ് വിളക്കുകളുടെയും ഹൈമാസ്റ്റ് ലൈറ്റുകളുടെയും ക്യാമറകളുടേയും വൈദ്യുത ചാർജ്ജ് സമയബന്ധിതമായി ഒടുക്കാത്തതിനാൽ സർചാർജ്ജിനത്തിൽ അധികം തുക തനത് ഫണ്ടിൽ നിന്നും നഷ്ടപ്പെടുന്നു. എം.എൽ.എ യുടെ പ്രാദേശിക വികസനഫണ്ടിൽ സ്ഥാപിച്ചിട്ടുള്ള 65 ഹൈമാസ്റ്റ് ലൈറ്റുകളിൽ 34 എണ്ണം സ്ഥാപിച്ച തീയതി മുതലുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയാണ്. ഇതേ രീതിയിൽ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി വൈദ്യുത ചാർജ്ജുകളും കുടിശ്ശികയാണ്. പിഴ പലിശയിനത്തിൽ 162298 രൂപ വൈദ്യുതചാർജ്ജിനു പുറമേ അധികം ഒടുക്കേണ്ടതായി വരുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (02/ 16.01.24) മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് 09.01.24 ലെ കമ്മറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ടെന്നാണ് മറുപടി

ലഭ്യമാക്കിയത്. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും നഗരസഭയുടെ കീഴിലുള്ള എല്ലാ വൈദ്യുതി കണക്ഷനുകളുടേയും കൺസ്യൂമർ നമ്പറുകളും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും അവയുടെ വൈദ്യുതി ചാർജ്ജ് സമയബന്ധിതമായി ഒടുക്കി സർചാർജ്ജിനത്തിൽ അധികം തുക നഷ്ടമാകുന്നില്ലായെന്ന് അധികാരികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

**1-39 മുൻവർഷങ്ങളിൽ അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.**

മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ/ നൽകിയ തീയതി | ജീവനക്കാരന്റെ പേര് | ആവശ്യം | തുക | വൗച്ചർ നം/ തീയതി |
|---|---|---|---|---|---|
| 1 | G3-5962/19, 20.01.20 | കെ.സി.ഷാജി, ക്ലർക്ക് | മുനിസിപ്പൽ ഇലക്ഷൻ 2020 | 25000 | 21900636/ 30.01.20 |
| 2 | G3-5962/19, 05.12.20 | കെ.സി.ഷാജി, ക്ലർക്ക് | മുനിസിപ്പൽ ഇലക്ഷൻ 2020 | 50000 | 22000330/ 05.12.20 |
| 3 | H1 –539/19, | ബിനി.ബി, റവന്യൂ ഇൻസ്പെക്ടർ | അനധികൃത ബോർഡുകൾ നീക്കം ചെയ്യാൻ | 20000 | 22100414/ 18.12.21 |

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 31.03.23 ലെ അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്ത പ്രകാരം 2116930 രൂപയുടെ മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുകയോ, തിരിച്ചുപിടിക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (43/24.01.24) മുൻകൂറുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചത്. യഥാസമയം മുൻകൂറുകൾ ക്രമീകരിക്കാത്തവരിൽ നിന്നും തുക 18% പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-40 തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി അനുവദിച്ച തുക റീ ക്ലൂപ് ചെയ്യാനവശേഷിക്കുന്നു.**

ഫയൽ നമ്പർ - H1/5011/18

വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിയ്ക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലെ ചെലവ് ക്രമീകരിക്കുന്നതാണെന്ന

നിബന്ധനയിൽ ഹരിതകർമ്മസേന സെക്രട്ടറി ശ്രീമതി. അമ്പിളി അജിയ്ക്ക് 12.05.22 ലെ ചെക്ക് നമ്പർ 108857പ്രകാരം 7500 രൂപ വേതനമിനത്തിൽ നൽകിയിരുന്നു. വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനായി പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2 പ്രോജക്ടുകൾ (സ്പിൽ ഓവർ പ്രോജക്ട് നം - 72/23, 144/23) 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയിരുന്നു. ടി പ്രോജക്ട് തുക ഉപയോഗിച്ച് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണകുറിപ്പിന് (32/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട് വളരെ കുറവും ദൈനംദിന കാര്യങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്ന നഗരസഭ ഇത്തരത്തിൽ ചെലവഴിക്കുന്ന തുകകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ടി തുക റീക്കൂപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**1-41 സിസിടിവി ക്യാമറയുള്ള ഒ.എഫ്.സി കേബിളുകൾ വലിച്ച ഇലക്ട്രിക് പോസ്റ്റിന്റെ വാടക നഗരസഭ യഥാസമയം ഒടുക്കുന്നില്ല.**

ഫയൽ നമ്പർ- PW1- 986/2019

വൈക്കം നിയോജകമണ്ഡലത്തിൽ ശ്രീമതി.സി.കെ.ആശ എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ടി പ്രവൃത്തി നടത്തിപ്പിനായി 177 KSEB പോളുകളിൽ ൽ കൂടി OFC കേബിൾ വലിച്ചതിന് പോസ്റ്റ് വാടക അടവാക്കുന്നതിനും ഗ്യാരന്റി പിരീഡിനു ശേഷമുള്ള പരിപാലനം നഗരസഭ വഹിച്ചുകൊള്ളാമെന്നും 10.10.2018 ലെ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതാണ്. ടി ക്യാമറകൾ സ്ഥാപിച്ച കേരള ഇലക്ട്രിക്കൽസ് & അലൈഡ് എൻജിനീയറിങ്ങ് ലിമിറ്റഡ് (KEL) എന്ന സ്ഥാപനവുമായുള്ള ധാരണപ്രകാരം ആദ്യവർഷ വാടക തുക KEL അടവാക്കുന്നതാണെന്ന് 08.02.2019 ലെ GM(BDC)/ Camers/ 059/ 2019 നമ്പർ കത്ത് പ്രകാരം KEL അറിയിച്ചിരുന്നത് പ്രകാരം തുക ഒടുക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി ഇലക്ട്രിക് പോസ്റ്റ് വാടകയിനത്തിൽ തുക ഒടുക്കാനാവശ്യപ്പെട്ട് 20.08.22 ൽ RB/CTV/2022-23/647 നമ്പർ കത്ത് പ്രകാരം 243932 രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ടി ഡിമാന്റ് നോട്ടീസ് പ്രകാരം ഒടുക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **ഇലക്ട്രിക് പോളുകളുടെ വാർഷിക നിരക്ക്** | **ആകെ വാർഷിക വാടക** |
|---|---|---|
| 2020-21 | 177 @ 390 | 69030 |
| 2021-22 | 177 @ 300 | 53100 |
| 2022-23 | 177 @ 309 | 54693 |
| **ആകെ** | | **176823** |
| | പിഴ പലിശ | 29899 |
| | ജി.എസ്.ടി | 37210 |
| | **ആകെ** | **243932** |

KEL മായുള്ള ധാരണപ്രകാരമുള്ള ആദ്യ വർഷത്തെ ഇലക്ട്രിക് പോൾ വാടക KEL ഒടുക്കിയതിന്റെയും പോൾ വാടകയിനത്തിൽ നഗരസഭ തുക കെ.എസ്.ഇ.ബിയിൽ ഒടുക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.50/24.01.24) 02.02.19 ന് 84054 രൂപ Resonance Engineering എന്ന പേരിൽ KEL ഒടുക്കിയതായി കെ.എസ്.ഇ.ബി അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ നാളിതുവരെ വാടകയിനത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ല. സമയബന്ധിതമായി വാടക ഒടുക്കാത്തതിനാൽ നാളിതുവരെയുള്ള വാടകയ്ക്ക് 29899 രൂപ പിഴ പലിശയുൾപ്പെടെയുള്ള തുകയാണ് കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്തിരിക്കുന്നത്. തുക ഒടുക്കുന്നതിൽ കാലതാമസം വരും തോറും പിഴയിനത്തിലുള്ള തുകയും വർദ്ധിക്കുന്നതാണ്.

സമയബന്ധിതമായി തുക ഒടുക്കി പിഴ ഒടുക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം പിഴ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയാവുന്നതാണ്.

**1-42 മഴക്കാല പൂർവ്വ ശുചീകരണം- അനുബന്ധ രേഖകൾ ലഭ്യമായിട്ടില്ല.**

പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളോ അനുബന്ധ രേഖകളോ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല. വൈക്കം നഗരസഭയുടെ 2022-23 ഓഡിറ്റ് നിയമാനുസൃതമായി നൽകേണ്ട ഓഡിറ്റ് നോട്ടീസ് നൽകിയതിനുശേഷമാണ് ആരംഭിച്ചത് ( 24.12.2023 ലെ കെ.എസ്.എ.കെ.ടി.എം ഇ2-2104/23 നം കത്ത്) .ഓഡിറ്റ് വേളയിൽ ലഭ്യമാക്കേണ്ട രേഖകളുടേയും രജിസ്റ്ററുകളുടേയും വിവരം ഓഡിറ്റ്നോട്ടീസിനോനൊപ്പം അറിയിച്ചിരുന്നതുമാണ്. കൂടാതെ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടിയിരുന്ന പ്രസ്തുത രേഖകളും രജിസ്ററുകളും പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് ആരംഭിച്ച 15.01.2024 തീയതിലും ഓർമ്മക്കുറിപ്പ് എന്ന നിലയിൽ 18-1-24ലും ഓഡിറ്റ് റിക്വസിഷനുകൾ നൽകിയിരുന്നു. എങ്കിലും മഴക്കാല പൂർവ്വ ശുചീകരണം പദ്ധതിയുടെ (പ്രോജക്ട് - നം- 8- ചെലവ്- 773824 രൂപ, ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റ്പൂർത്തീകരണതീയതിവരെ പരിശോധനക്ക് ഹാജരാക്കിയില്ല . എ.സി.ആർ പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ വിശദാംശങ്ങൾ | തുക |
|---|---|
| 92/31.08.22 | 122814 |
| 132/25.10.22 | 37620 |
| 133/25.10.22 | 50513 |
| 192/19.1.22 | 140125 |
| 193/19.12.22 | 225060 |
| 320/17.03.22 | 13830 |
| 417/26.03.23 | 106260 |
| 422/26.03.23 | 55342 |
| 459/28.03.23 | 22260 |
| ആകെ | 773824 |

രേഖകളുടെ അഭാവത്തിൽ ചെലവിന്റെ നിജസ്ഥിതി പരിശോധിച്ച് ബോധ്യപ്പെടാൻ സാധിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ട് പ്രകാരമുള്ള 773824 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-43 പ്രവർത്തനം നിർത്തിയ കോലോത്തും കടവ് -ഐസ് പ്ലാന്റ് - നഗരസഭയ്ക്ക് ബാധ്യത**

നഗരസഭയുടെ ഉടമസ്ഥതയിൽ കോലോത്തുംകടവിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഐസ് പ്ലാന്റിന്റെ നടത്തിപ്പിനുള്ള അവകാശം 01/03/2018 മുതൽ 05/2020 വരെ കാലയളവിലേക്ക് ശ്രീ . സായിമോൻ , നട്ടാശ്ശേരിൽ , തലയോലപ്പറമ്പ് എന്ന വ്യക്തിക്കും , 01/06/2020 മുതൽ 22/03/2021 വരെയുള്ള കാലയളവിലേക്കും ശിവദാസ് നാരായണൻ , കോട്ടപ്പള്ളിൽ , പോളശ്ശേരി , വൈക്കം എന്ന വ്യക്തിക്കും കരാർപ്രകാരം ഉറപ്പിച്ചുനൽകിയിരുന്നു. ടി വിഷയം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഇവർ കരാർ ഏറ്റെടുത്തിരുന്ന കാലയളവിലെ , കെ എസ് ഇ ബി യിലേക്ക് അടയ്ക്കുവാനുള്ള വൈദ്യുതി ചാർജ് ( 523450 /- രൂപ ) വാട്ടർ അതോറിറ്റിക്ക് അടയ്ക്കുവാനുള്ള വെള്ളക്കരം ( 113824 /- രൂപ ) എന്നിവ യഥാസമയം അടയ്ക്കുന്നതിൽ പ്രസ്തുത കരാറുകാർ വീഴ്ച വരുത്തിയതായും തന്മൂലമുണ്ടായ ഭീമമായ കുടിശ്ശിക നഗരസഭയുടെ ബാധ്യതയായി കണക്കാക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത തുക അടയ്ക്കുന്നതിന്

കരാറുകാർക്ക് നഗരസഭ നോട്ടീസ് നൽകിയിട്ടുള്ളതായും കാണുന്നു ( നോട്ടീസ് നമ്പർ R-3/104-A/01 Vol II തീയതി 18/.12.2021 ) .എന്നാൽ കരാറുകാർ കുടിശ്ശിക അടച്ചതിന്റെ വിവരം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി വ്യക്തികളിൽ നിന്നും കുടിശ്ശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ, കരാർ പകർപ്പുകൾ എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-51/തീയതി:25.01.24) നൽകിയിരുന്നുവെങ്കിലും മറുപടിയും രേഖകളും ലഭ്യമാക്കിയിരുന്നില്ല.

നിലവിൽ ഐസ് പ്ലാന്റിന്റെ നടത്തിപ്പുമൂലം നഗരസഭയ്ക്ക് വലിയതോതിലുള്ള വരുമാനം ലഭിക്കാത്തതിനാലും ആവർത്തനച്ചെലവ് നിർവ്വഹിക്കേണ്ടിവരുന്നതിനാലും പ്ലാന്റിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് 21/11/2022 ലെ നഗരസഭാ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതാണ് . (തീരുമാനം നമ്പർ ( 1 A ) ). KSEB വൈക്കം സെക്ഷന്റെ 28/10/2021 ലെ DB-1/ESDYKM/21-22/123 നമ്പർ കത്ത് പ്രകാരം വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാലും , മീറ്റർ ബോക്സ് , ഫ്യൂസ് യൂണിറ്റ് , വയറുകൾ എന്നിവ ദ്രവിച്ച് അപകടകരമായ രീതിയിൽ ആയതിനാലും കൺസ്യൂമർ നമ്പർ 1146436014408 ന്റെ വൈദ്യുതികണക്ഷൻ 25/03/2021 ൽ തന്നെ വിച്ഛേദിച്ചിട്ടുള്ളതാണ്. ആയതിനു ശേഷം നഗരസഭാ പ്രതിമാസം 8615/- രൂപ നിരക്കിൽ മിനിമം ചാർജ് അടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ KSEB വൈക്കം സെക്ഷന്റെ മറ്റൊരു കത്ത് പ്രകാരം (നമ്പർ BB / G 1 / 2019- 20 തീയതി 13/02/2020 ) പ്രകാരം ടി കണക്ഷനായി നഗരസഭ 248890 /- രൂപ ഡിപ്പോസിറ്റ് തുകയായി നിലവിലുണ്ട്. കോലോത്തുംകടവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഐസ് പ്ലാന്റിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോയെന്നും , നിലവിൽ നഗരസഭ വൈദ്യുതി ചാർജ് അടയ്ക്കുന്നുണ്ടോയെന്നും , ടി കണക്ഷന്റെ നിക്ഷേപ തുകയായ 248890/- രൂപ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-53/തീയതി:25.01.24) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ നഗരസഭ തുടർ നടപടികൾ സ്വീകരിക്കാതിരുന്നാൽ നഗരസഭയ്ക്ക് കെ എസ് ഇ ബി യിൽ നിന്നും തിരികെ ലഭിക്കേണ്ട ഡിപ്പോസിറ്റ് തുക നഷ്ടമാകാനിടയാകുന്നതാണ്. കരാർ പ്രകാരം വെള്ളക്കരം , വൈദ്യുതി ചാർജ് എന്നിവ യഥാസമയം അടയ്ക്കാതെ കുടിശ്ശിക വരുത്തിയ ലേലക്കാർക്കെതിരെ നടപടി സ്വീകരിക്കാത്തതിനാൽ ടി തുക പലിശ സഹിതം നഗരസഭ ഒടുക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടാകുന്നതാണ് . ആയതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക ലേലക്കാരിൽ നിന്നും ഈടാക്കേണ്ടതും , ഡിപ്പോസിറ്റ് തുക കെ എസ് ഇ ബി യിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുമാണ് . ഇക്കാര്യത്തിൽ നഗരസഭയുടെ ഉത്തമസാമ്പത്തികതാൽപ്പര്യം പരിഗണിച്ച് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 ഫീസൊടുക്കിയെങ്കിലും മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ലഭ്യമായിട്ടില്ല.

ഫയൽ നമ്പർ – H1-2641/2010, H1-4028/16

വൈക്കം നഗരസഭയിലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സംവിധാനങ്ങൾ , ഗ്യാസ് ക്രിമറ്റോറിയം എന്നിവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അനുമതി പത്രം ലഭ്യമാക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡിനോട് നഗരസഭ ആവശ്യപ്പെട്ടിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വൈക്കം നഗരസഭയിലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റിന് മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ലഭ്യമാകുന്നതിനായി ഡി.ഡി നം.489343/ 22.09.22 പ്രകാരം 20000 രൂപ മലിനീകരണനിയന്ത്രണ ബോർഡിൽ ഒടുക്കിയിട്ടുണ്ട്.
2. ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനുള്ള മലിനീകരണനിയന്ത്രണ ബോർഡിന്റെ 04.06.2017 കൺസന്റ് നമ്പർ PCB/KTM/Co/329/10/ പ്രകാരമുള്ള അനുമതി 30.06.2019 ൽ അവസാനിക്കുന്നതിനാൽ അനുമതി പത്രം പുതുക്കി നൽകണമെന്ന് 06.05.21 ലെ എച്ച്1- 4028/2016 കത്ത് പ്രകാരം എൻവയോൺമെന്റ് എൻജിനീയർക്ക് അപേക്ഷ നൽകിയതായി കാണുന്നു. ആയതിന് തുക ഒടുക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ടി ആവശ്യങ്ങൾക്കുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം കിട്ടിയിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (36/23.01.24) മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി പത്രം ലഭിച്ചിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. അനുമതി പത്രം ലഭ്യമാകാതെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നത് ശരിയല്ല. അനുമതി പത്രം ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-45 ഖരമാലിന്യപരിപാലനപദ്ധതി വിജയകരമായില്ല- 23 ലക്ഷത്തിലധികം രൂപയുടെ ധനസഹായം നഷ്ടമായി.**

പ്രധാനനിരീക്ഷണങ്ങൾ

1. സമഗ്രമായ ഖരമാലിന്യപരിപാലനപദ്ധതിക്കായി സ്വച്ഛഭാരത മിഷൻ ( നഗരം)പദ്ധതിയിലൂടെ ലഭിച്ചത് **35.74**ലക്ഷം രൂപയിൽ വിനിയോഗിക്കാനവശേഷിക്കുന്നത് **23.77**ലക്ഷം രൂപ **(66.5%)** **.**പ്രസ്തുത തുക തിരികെ അടയ്ക്കേണ്ട സാഹചര്യം നിലനിൽക്കുന്നു**.**
2. ഡിപിആർ തയ്യാറാക്കുന്നതിന് നഗരസഭാഫണ്ടിൽനിന്നും ചെലവഴിച്ച **83,704/-**രൂപ തിരികെ ലഭിക്കാനുള്ള സാധ്യത നഷ്ടമായി**.**
3. ഫലപ്രദമായ ഭരണതലനടപടികളുടെ അഭാവംമൂലം ഖരമാലിന്യനിർമ്മാർജ്ജനം എന്ന അനിവാര്യചുമതലയ്ക്കായി ലഭിച്ച **23.77**ലക്ഷം രൂപ വിനിയോഗിക്കാൻ സാധിച്ചില്ല**.**
4. വിശദമായ ഓഡിറ്റ്നിരീക്ഷണം ചുവടെ ചേർക്കുന്നു**.**

| | |
|---|---|
| ഫയൽ നമ്പർ | H1-8830/17ഖരമാലിന്യപരിപാലനം |

സ്വച്ഛ ഭാരത മിഷൻ (നഗരം) പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണപദ്ധതിയ്ക്കുവേണ്ടി 2017-18വർഷം ഒന്നാംഗഡുവായി നഗരസഭയ്ക്ക് 35,74,175/-രൂപ അനുവദിച്ചുലഭിച്ചിരുന്നു . പദ്ധതിയുടെ ഭാഗമായി വിശദമായ പ്രോജക്ട് രൂപരേഖ തയ്യാറാക്കാൻ നഗരസഭ സോഷ്യോ എക്കണോമിക് യൂണിറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ലഭിച്ച 3574175 രൂപയിൽ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടയ്ക്കണമെന്ന ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1-1-22-ലെ 2120/D1/2016/Sm നം കത്തിന്റെ അടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടില്ലാത്ത 23,77,068/-രൂപ തിരിച്ചടയ്ക്കുന്നതിന് 4-2-22-ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്യുകയും 14-2-22-ലെ കൗൺസിൽ ആയത് അംഗീകരിക്കുകയും (അജണ്ട- 5) ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 18-2-22-ലെ എച്ച്1-8830/17 നടപടി ഉത്തരവു പ്രകാരം ബാലൻസ് തുകയായ 23,77,068/-രൂപ തിരികെ അടവാക്കുകയും (16-2-22-ലെ 000908 നം ചെക്ക് ) തുക അടവാക്കിയ വിവരം ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സഹിതം ബഹു.നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും കാണുന്നു. ഫയൽ പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന പ്രധാനപ്പെട്ട വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്.

1) സോഷ്യോ എക്കണോമിക് യൂണിറ്റ് തയ്യാറാക്കി നൽകിയ ഡി.പി.ആർ പ്രകാരം നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ (പ്രോജക്ടിന്റെ പേര്, ഓരോ പ്രോജക്ടുകൾക്കും കണക്കാക്കിയിരുന്ന പ്രോജക്ട് കോസ്റ്റ് മുതലായവ)

2) തുക അനുവദിച്ചുലഭിച്ചതിന്റെ വിശദാംശങ്ങൾ

3) ഡിപിആർ തയ്യാറാക്കിയ വകയിൽ കൺസൽട്ടൻസി ചാർജ്ജായ 104630/-രൂപയുടെ 80% തുകയായ 83704/-രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട് (ചെക്ക് നം- 00907/ 8-2-22 ). ഡിപിആർ തയ്യാറാക്കുന്നതിന് ചെലവാകുന്ന മുഴുവൻ തുകയും യൂണിറ്റ് കോസ്റ്റ്, നോംസ് എന്നിവ അനുസരിച്ച് തിരികെ നൽകുന്നതാണെന്ന് കേന്ദ്രസർക്കാർ സ്വച്ഛഭാരത മിഷൻ (നഗരം) മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ കേന്ദ്രഫണ്ട് അനുവദിച്ചുലഭിക്കുന്നതിന് അപേക്ഷിക്കാവുന്നതാണെന്ന് 15-12-22-ൽ സൂപ്രണ്ട് ഫയലിൽ കുറിച്ചിരുന്നുവെങ്കിലും തുക തിരികെ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

4) ഡിപിആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ടെൻഡർപരസ്യം പ്രസിദ്ധീകരിച്ച വകയിൽ മാതൃഭൂമി

പ്രിന്റിംഗ് & പബ്ലീഷിംഗ് ലിമിറ്റഡിന് ചെക്ക് നം 575498/30-8-22പ്രകാരം 4914/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലിൽ ഇതുസംബന്ധിച്ച് സ്ഥാപനം ലഭ്യമാക്കിയ ബിൽ ഫയലിൽ ലഭ്യമല്ല.

5) 23 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ തിരിച്ചടയ്ക്കേണ്ടിവന്നതിന്റെ കാരണം, ഡിപിആർ തയ്യാറാക്കിയതിന് കൺസൽട്ടൻസി ചാർജിനത്തിൽ ചെലവായ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കാതിരുന്നത്, 2018-19 ൽ ചെയ്ത പരസ്യത്തിന് 4 വർഷത്തിനുശേഷം പേമെന്റ് നടത്താനുണ്ടായ സാഹചര്യം തുടങ്ങിയ കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും കൂടാതെ സോഷ്യോ എക്കണോമിക് യൂണിറ്റ് തയ്യാറാക്കി ലഭ്യമാക്കിയ വിശദമായ പദ്ധതിരേഖ, 2018-19 ലെ ടെണ്ടർ പരസ്യചാർജിനത്തിലുള്ള ഡിമാന്റ്ബിൽ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം- 12/19.01.24) മറുപടി ലഭ്യമാക്കിയില്ല. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നഗരസഭയുടെ കാര്യക്ഷമതയില്ലായ്മയും അലംഭാവവും ആണ് മേൽ സാഹചര്യങ്ങളിൽ നിന്നും വ്യക്തമാകുന്നത്.

ഭരണപരമായ ദൈനംദിന ചെലവുകൾക്കുപോലും തനതുവരുമാനത്തിന്റെ അപര്യാപ്തത നിലനിൽക്കുന്ന സാഹചര്യത്തിൽ മാലിന്യനിർമ്മാർജ്ജനം പോലെ അനിവാര്യ ചുമതലയിൽപ്പെടുന്ന കാര്യങ്ങൾക്കായി ലഭ്യമാകുന്ന ധനസഹായങ്ങൾ നഷ്ടമാകുന്ന സാഹചര്യങ്ങൾ കർശനമായും ഒഴിവാക്കപ്പെടേണ്ടതാണ്. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കാവുന്ന വരുമാനം ലഭ്യമാക്കുന്നതിലും നഗരസഭ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കാതിരിക്കേണ്ടതും, കൺസൽട്ടൻസി ചാർജിനത്തിൽ ചെലവഴിച്ച തുക തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ 4914/- രൂപയുടെ ചെലവ് സാധൂകരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**1-46 അങ്കണവാടി ആരംഭിക്കാൻ അനുമതി ലഭിച്ചില്ല. അനുമതി ലഭിക്കാതെ നിർമ്മിച്ച അങ്കണവാടി കെട്ടിടം വനിതാശിശുക്ഷേമവകുപ്പിന് കൈമാറി.**

വൈക്കം നഗരസഭ 2019-20 സാമ്പത്തികവർഷം അങ്കണവാടിക്കായി 4-ാം വാർഡിൽ കെട്ടിടം പണികഴിപ്പിച്ചിരുന്നു (കെട്ടിടനമ്പർ 135/സി ) .എന്നാൽ സർക്കാർ അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത കെട്ടിടത്തിൽ അങ്കണവാടി ആരംഭിക്കാൻ സാധിച്ചില്ല. അങ്കണവാടിക്കായി നിർമ്മിച്ച കെട്ടിടം സ്ഥിതിചെയ്യുന്നത് 65 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട പോപ്പുലേഷൻ ഏരിയയുടെ പരിധിയിലുള്ളതാണ് എന്ന പരിഗണനയിൽ ഒരു പുതിയ അങ്കണവാടി അനുവദിച്ചുതരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് അഭ്യർത്ഥിച്ച് 25-5-22-ലെ നഗരസഭാകൗൺസിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ട് (പ്രമേയം നം-2). എന്നാൽ അങ്കണവാടിക്കായി പണിത പ്രസ്തുത കെട്ടിടം കൃഷിഭവനുവേണ്ടി നൽകണമെന്ന ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിൽ നിയമസാധുത പരിശോധിച്ച് അനുമതി നൽകുന്നതിന് തുടർന്ന് 10-6-22-ലെ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതായും കാണുന്നു. കൗൺസിൽശുപാർശയിൽ ഇപ്രകാരം ഒരു ഭേദഗതി വന്ന സാഹചര്യം വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.





ശരിയായ പ്രക്രിയയിലൂടെ ഉയർന്നുവന്ന പ്രോജക്റ്റ്നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലല്ല പ്രസ്തുത അങ്കണവാടി കെട്ടിടനിർമ്മാണം ഏറ്റെടുത്തത് .നഗരസഭയുടെ 3, 4 വാർഡുകൾക്കായി ചാലപ്പറമ്പിൽ സ്വന്തം കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിച്ചുവന്നിരുന്നു. ആയതിനാൽ പുതിയതായി അങ്കണവാടി ആരംഭിക്കുന്നതിന് മുന്നോടിയായി പ്രസ്തുത അങ്കണവാടിയുടെ അനിവാര്യത സംബന്ധിച്ച് ടി സ്ഥലത്തെ പൊതുജനങ്ങൾ ആവശ്യം ഉന്നയിക്കേണ്ടതും വാർഡുസഭയിൽ വിഷയം അവതരിപ്പിക്കപ്പെടേണ്ടതും ആയത് പരിശോധിച്ച് ചുമതലപ്പെട്ട ഐസിഡിഎസ് സൂപ്പർവൈസർ ഇത് റിപ്പോർട്ട് ചെയ്യേണ്ടിയിരുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ പരിഗണിച്ച് നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത് ഐസിഡിഎസ് സൂപ്പർവൈസറുടെ റിപ്പോർട്ട് സഹിതം ജില്ലാവനിതാശിശുവികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നതുമാണ്. കൂടാതെ അങ്കണവാടി പണിയുന്ന സ്ഥലത്തിന്റെ ഫീസിബിലിറ്റി , സ്ഥലത്തിന്റെ മറ്റ് അനുയോജ്യത, മുതലായ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖകളും അപേക്ഷയും സഹിതം ജില്ലാ വനിതാശിശുവികസന ഓഫീസർ സർക്കാരിന് റിപ്പോർട്ട് യഥാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടിയിരുന്നു. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സർക്കാർ അനുമതിക്ക് വിധേയമായി മാത്രം ഏറ്റെടുക്കേണ്ടിയിരുന്ന അങ്കണവാടി കെട്ടിടനിർമ്മാണം പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനാൽ ലക്ഷ്യമിട്ട പ്രകാരം അങ്കണവാടിക്കായി ഉപയോഗിക്കാൻ സാധിച്ചില്ല. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിക്കായി അഭ്യർത്ഥിച്ച് പ്രമേയം പാസ്സാക്കിയെങ്കിലും ആയിരം ജനസംഖ്യയ്ക്ക് ഒരു അങ്കണവാടി എന്ന മാനദണ്ഡം പാലിച്ചിട്ടില്ലാത്തതിനാൽ അനുമതി ലഭിച്ചിരുന്നില്ല എന്നും ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. സ്ഥലത്തിന്റെ അനുയോജ്യതാസാക്ഷ്യപത്രവും ലഭ്യമായിട്ടുള്ളതായി ഫയലിൽ രേഖകളില്ല. കെട്ടിടം ഒഴിഞ്ഞുകിടന്ന സാഹചര്യത്തിൽ വനിതാശിശുവികസനവകുപ്പിന് ക്രഷ് പ്രവർത്തിപ്പിക്കുന്നതിന് വിട്ടുനൽകുകയും ക്രഷ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായും ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വകുപ്പുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്. സ്ഥലപരിശോധനയിൽ കെട്ടിടം അടച്ചിട്ടിരിക്കുന്നതായിട്ടാണ് കണ്ടത് (ജീവനക്കാർ ഉച്ചഭക്ഷണം കഴിക്കാൻ പോയിരുന്നതിനാലാണ് കെട്ടിടം അടച്ചിട്ടിരുന്നതെന്ന് വാർഡ് കൗൺസിലർ വാക്കാൽ അറിയിച്ചു. ക്രഷിൽ നിലവിൽ ആറ് കുട്ടികൾ ഉള്ളതായി അറിയിച്ചുവെങ്കിലും നിലവിൽ ഇത്രയും കുട്ടികളെ പകൽസമയം സംരക്ഷിക്കുന്നുണ്ടോയെന്ന കാര്യത്തിൽ വ്യക്തതയില്ല. നിർമ്മിച്ച കെട്ടിടം ഉപയോഗക്ഷമമാക്കിയെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പ്രയോജനപ്പെട്ടിട്ടില്ലെന്നാണ് സ്ഥലപരിശോധനയിൽ വ്യക്തമാകുന്നത്.) കെട്ടിടം ശിശുവികസനവകുപ്പിന് കൈമാറി ക്രഷിന്റെ പ്രവർത്തനോത്ഘാടനം നടത്തിയിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ടുള്ള ബോർഡുകളൊന്നും കെട്ടിടത്തിൽ കാണാനായില്ല. പാടം ഉയർത്തി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ രണ്ട് വശവും രണ്ട് മീറ്ററോളം താഴ്ചയുള്ളതിനാലും ചുറ്റുമതിൽ ഇല്ലാത്തതിനാലും അപകടസാധ്യതയും കാണുന്നു. ചുറ്റുമതിലിനായി പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ടെന്ന് വാർഡ് കൗൺസിലർ അറിയിച്ചെങ്കിലും 23-24വാർഷികപദ്ധതിയിൽ ഇപ്രകാരമൊരു പ്രോജക്റ്റ് കാണപ്പെട്ടില്ല.

ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിക്ക് വിധേയമായി മാത്രം നടപ്പാക്കേണ്ടകാര്യങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും നടപ്പാക്കുകയാണുണ്ടായത്. ഇത് ക്രമവിരുദ്ധമായ നടപടിയാണ്. നഗരസഭയിലെ ആകെയുള്ള 23 അങ്കണവാടികളിൽ 16 എണ്ണവും സ്വന്തമായി കെട്ടിടമില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യം നിലനിൽക്കുമ്പോഴാണ് ഇല്ലാത്ത അങ്കണവാടിക്കുവേണ്ടി കെട്ടിടം നിർമ്മിച്ചതും സർക്കാർ അനുമതി കിട്ടാത്തതിനാൽ അങ്കണവാടി പ്രവർത്തിപ്പിക്കാതെ കെട്ടിടം വനിതാശിശുവികസനവകുപ്പിന് കൈമാറിയതും. നിയമവിധേയമായി സർക്കാർനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആവശ്യകതയുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുക ഇത്തരത്തിൽ ആസൂത്രണവും പഠനവും കൂടാതെ ചെലവഴിക്കുന്ന സാഹചര്യം

കർശനമായും ഒഴിവാക്കേണ്ടതാണ്. ആയതിന് ഭരണസമിതി ജാഗ്രതയും ശ്രദ്ധയും പുലർത്തേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

**1-47 തീയേറ്റർ കോംപ്ലക്സ് - അനുമതി ഇല്ലാതെയുള്ള നിർമ്മാണപ്രവർത്തനം-കരാർവ്യവസ്ഥകളിൽ അവ്യക്തത.**

വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള നടുവിലേ വില്ലേജ് കിഴക്കേ നടയിലെ പബ്ലിക് ആന്റ് സെമി പബ്ലിക് സോണിൽ സർവ്വേനമ്പർ 39/2-ൽ ഉൾപ്പെട്ട 80 സെന്റ് സ്ഥലം ബഹു.തദ്ദേശസ്വയംഭരണ ( ആർ.സി) വകുപ്പിന്റെ 5-11-21-ലെ സ.ഉ (കൈ) നം 257/തസ്വഭവ നം. ഉത്തരവുപ്രകാരം കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് തീയേറ്റർ പണിയുന്നതിനായി 11.03.2022 മുതൽ 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ അനുവദിക്കുകയും കെ.എസ്.എഫ്.ഡി.സിയുമായി ഇത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. തീയേറ്റർ നിർമ്മിക്കുന്നതിനുള്ള സ്ഥലം റവന്യൂ രേഖകൾ പ്രകാരം നിലമായിരുന്നതും നിലവിൽ നിയമാനുസൃത നടപടികളിലൂടെ തരം മാറ്റി കരഭൂമിയാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലം നഗരത്തിൽ നിന്ന് അകന്നു സ്ഥിതി ചെയ്യുന്നതും താരതമ്യേന അവികസിത മേഖലയുമാണ്. ഇവിടെ വൈക്കം ഫയർ സ്റ്റേഷനും സമീപത്തായി നഗര സഭ നിർമ്മിച്ച ടോയ് ലെറ്റ് സമുച്ചയവും മാത്രമാണുള്ളത്. **പ്രദേശത്തിന്റെ വികസനത്തിനും വൈക്കം നഗര സഭയുടെ സാമൂഹ്യ, സാമ്പത്തിക , സാംസ്കാരിക വികസനത്തിന് മൊത്തത്തിലും വഴി തെളിക്കാവുന്ന ഒരു പദ്ധതിയാണ് സംസ്ഥാന സർക്കാരിന്റെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള തീയേറ്റർ കോംപ്ലക്സ് നിർമ്മാണം.** എന്നാൽ തീയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും ഓഡിറ്റിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. കെട്ടിട നിർമ്മാണത്തിനാണത്തിന് ആവശ്യമായ എല്ലാ അനുമതി രേഖകളും ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ നിന്ന് ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) മാസ്റ്റർപ്ലാൻ പ്ലാൻപ്രകാരം ടി സ്ഥലം പബ്ലിക് &സെമിപബ്ലിക് സോണിൽപ്പെട്ടതാകയാൽ നിർമ്മാണപ്രവർത്തനത്തിനുള്ള ലേ ഔട്ടിന് ചീഫ് പ്ലാനറുടെ അനുമതി ആവശ്യമുള്ളതാണ്. എന്നാൽ ഫയലിൽ ആയത് ലഭ്യമായിട്ടുള്ളതായി രേഖകളില്ല.

ബി) തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് ഫയർ& സേഫ്റ്റി വിഭാഗത്തിൽനിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമായതായിട്ടില്ല.

സി) നഗര സഭ പാട്ടത്തിലൂടെ കൈമാറിയ ഭൂമിയിലെ കെട്ടിട നിർമ്മാണമായിട്ടു പോലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി വാങ്ങിയിട്ടില്ല.

ഡി) കെ.എസ്.എഫ്.ഡി.സിയുടെ ആവശ്യ പ്രകാരം വഴിക്കും പാർക്കിംഗിനുമായി അധികാമായി 10 സെന്റ് സ്ഥലം കൂടി തീയേറ്ററിന്റെ എഗ്രിമെന്റ് കാലാവധി തീരും വരെ നിലവിലുള്ള പാട്ട തുകയുടെ ആനുപാതിക നിരക്കിൽ അനുവദിക്കുന്നതിനും ടി ,സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടില്ലയെന്ന് 08.12.23 ലെ കൗൺസിൽ തീരുമാനിക്കുകയും ആയതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ തലത്തിലുള്ള നടപടികൾ പൂർത്തീകരിച്ച് അനുമതി ലഭ്യമായിട്ടുള്ളതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2) നഗരസഭയും കെ.എസ്.എഫ്ഡിസിയുമായുണ്ടാക്കിയ കരാർ സംബന്ധിച്ചും പാട്ടത്തുക വർദ്ധനവ് സംബന്ധിച്ച വ്യവസ്ഥയിലും ചുവടെ ചേർക്കും പ്രകാരമുള്ള അവ്യക്തത നിലനിൽക്കുന്നതായി കാണുന്നു.

എ) നഗരസഭ സ്ഥലം വിട്ടുനൽകിയതും അവിടെ കെ.എസ്.എഫ്.ഡി.സി നടത്തുന്ന നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ടും ഇരുസ്ഥാപനങ്ങളും തമ്മിലുണ്ടാക്കുന്ന കരാറുടമ്പടിയിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഗവ. പ്ലീഡറിൽ നിന്നും നഗരസഭ നിയമോപദേശം തേടുന്നതിന് കൗൺസിൽ തീരുമാനിച്ചിരുന്നെങ്കിലും (29/11/21 ലെ തീരുമാനം-1) നിയമോപദേശം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

ബി) വൈക്കം തഹസീൽദാർ( ഭൂരേഖ)-യുടെ 10-1-23-ലെ ഭൂമി തരംമാറ്റൽ നടപടി ഉത്തരവു പ്രകാരം 29.14ആർ വസ്തുവിനാണ് സ്വഭാവവ്യതിയാനം അനുവദിച്ച് പുരയിടമാക്കിയത്. 3.23 ആർ വസ്തു ജലസംരക്ഷണപ്രദേശമായി നിലനിർത്തണമെന്നാണ് ടി നടപടിക്രമത്തിലുള്ളത്. പ്രസ്തുത വിവരം കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സി) പ്രധാന കരാറിലെ 3-ാമത്തെ വ്യവസ്ഥയായി ഇപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു. പ്രതിവർഷ പാട്ടത്തുകയായ 360000/- രൂപ തീയേറ്റർ പ്രവർത്തനം തുടങ്ങുന്ന തീയതി മുതലോ അല്ലെങ്കിൽ കരാർതീയതി മുതൽ രണ്ട് വർഷം പൂർത്തിയാക്കുന്നതിന്റെ തൊട്ടടുത്ത തീയതിയായ 11-3-24 മുതലോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ടി തീയതി മുതൽ ഓരോ വർഷവും കേരള സംസ്ഥാന ചലച്ചിത്ര വികസനകോർപ്പറേഷൻ നഗരസഭയ്ക്ക് നൽകേണ്ടതാണ് .അടിസ്ഥാന പാട്ടസംഖ്യയുടെ 10% വീതം 3വർഷം കഴിയുമ്പോൾ വർദ്ധിപ്പിക്കുന്നതാണ്. വർദ്ധിപ്പിക്കുന്ന തുക സാമ്പത്തികവർഷം മാർച്ച് 31-ാം തീയതിക്കു മുൻപായി കെ.എസ്.എഫ്.ഡി.സി നഗരസഭയിൽ ഒടുക്കേണ്ടതാണ്. ഇവിടെ അടിസ്ഥാനപാട്ട സംഖ്യയുടെ 10% വീതം വർദ്ധനവ് 3 വർഷം കഴിഞ്ഞുവരുന്ന ഓരോ വർഷത്തിലും ഉണ്ടാകുമോ അഥവാ ഓരോ മൂന്നുവർഷം കഴിയുമ്പോൾ മാത്രമാണോ വർദ്ധന വരുത്തുന്നത് എന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു.

ഡി) കരാറിലെ രണ്ടാമത്തെ ഖണ്ഡികയിൽ " ഇതിൽ ഒന്നാംപട്ടികയിൽപ്രത്യേകം വിവരിച്ചിരിക്കുന്ന വസ്തു...." എന്നഭാഗത്തെ ഒന്നാം പട്ടികവസ്തുവിന്റെ വിവരണമായി നഗരസഭ വിട്ടുനൽകിയ സർവ്വേനമ്പർ 39/2-ൽപ്പെട്ട 80സെന്റ് വരുന്ന ഭൂമിയുടെ വിവരം മാത്രമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ പിന്നീട് വഴിക്കും പാർക്കിംഗ് സൗകര്യത്തിനുമായി അധികമായി വിട്ടുനൽകിയ 10 സെന്റ് ഭൂമിയുടെ വിവരവും, ഇപ്രകാരം അധിക ഭൂമി വിട്ടുനൽകിയതിന്റെ അടിസ്ഥാനത്തിൽ പാട്ടത്തുക വർദ്ധിപ്പിക്കുന്ന വിവരവും ഉൾപ്പെടുത്തി കരാർ പരിഷ്കരിച്ച് അന്തിമമാക്കുകയോ അഥവാ പ്രസ്തുത വസ്തു വിട്ടുനൽകിയിട്ടുള്ളത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തി അനുബന്ധകരാർ തയ്യാറാക്കി പ്രധാനകരാറിന്റെ ഭാഗമാക്കുകയോ ചെയ്തിട്ടില്ല.

മേൽനിരീക്ഷണങ്ങൾ സംബന്ധിച്ച് നഗരസഭയ്ക്കുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (46/24.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

**കെട്ടിട സമുച്ചയത്തിന്റെ രൂപരേഖ അംഗീകരിച്ച് ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസറുടെ അനുമതി, ഫയർ , എൻ.ഓ.സി തുടങ്ങി കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ അനുമതി പത്രങ്ങളും ബന്ധപ്പെട്ട വകുപ്പുകൾ / സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നും , നിയമങ്ങളും ചട്ടങ്ങളും പാലിച്ചിട്ടുണ്ടെന്ന് , പരിസ്ഥിതി സംരക്ഷണവും ജല സംരക്ഷണവും ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് നഗര സഭയുമായുള്ള കരാറിലെ വ്യവസ്ഥകളുടെ ലംഘനം നടന്നിട്ടില്ലയെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം നഗര സഭയ്ക്കുണ്ട്. ആയത് നിർമ്മാണ പ്രവർത്തനത്തിന് ഭാവിയിൽ ഉണ്ടായേക്കാവുന്ന നിയമ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ഏറ്റവും അനിവാര്യമാണ്.** നഗരസഭ പാട്ടത്തിലൂടെ വിട്ട് നൽകിയ ഭൂമിയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നഗരസഭയുടെ അനുമതി കൂടാതെ നിർമ്മാണ പ്രവർത്തനം നടക്കുന്നനത് ഉചിതമല്ല. **ഈ വിഷയത്തിൽ നഗര സഭയുടെ സാമ്പത്തിക താൽപര്യവും വികസന താൽപര്യവും സംരക്ഷിക്കപ്പെടേണ്ടതും അവ്യക്തകൾ നീക്കി എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ പൂർണ്ണമാക്കേണ്ടതും, ആവശ്യമായ എല്ലാ അനുമതി രേഖകളും, ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം നിയമ വിധേയമാക്കേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.**

പരിഹാര നടപടികൾക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകള്ക്കുമായി മേൽ വിവരങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ബഹു. കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-48 മടിയത്തറ വിഎച്ച്.എച്ച് എസ് - ൽ ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 32/22-23 |

| | |
|---|---|
| അടങ്കൽ | 600000/- ( സിഎഫ്.സി ടൈഡ് ഫണ്ട്) |
| ചെലവ് | 1,11458/- |
| ബിൽ/ ചെക്ക് നമ്പർ | 320/17-3-22 |



മടിയത്തറ ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം, മറ്റ് ടോയ് ലറ്റുകളുടെ മെയിന്റനൻസ് എന്ന പ്രോജക്റ്റിന്റെ ഭാഗമായി ടെൻഡർ റീടെൻഡർ നടപടികളിലൂടെ ശ്രീ. സന്ദീപ് എസ് നായർ എന്ന കരാറുകാരന്റെ കരാർ അംഗീകരിച്ച് (3-1-22-ലെ കൗൺസിൽ തീരുമാനം) ടിയാളുമായി 31-3-22-ൽ ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തിരുന്നു . ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ ഇതേദിവസംതന്നെ പ്രവൃത്തിനിർവ്വഹണത്തിനായി സ്ഥലം ഏറ്റെടുത്തിരുന്നെങ്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിഇനങ്ങൾ നടപ്പാക്കി പ്രോജക്ട്പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടു.. പ്രവൃത്തികൾ ഭാഗികമായി മാത്രം നടപ്പാക്കിയത് 16-3-23-ൽ മൂല്യനിർണ്ണയം നടത്തുകയും 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 1,11,458-രൂപ മൂല്യം നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതറിക്കവറികൾക്കുശേഷം 105357/-രൂപ കരാറുകാരന് അനുവദിച്ചുനൽകുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് 27-11-23,16-1-24തീയതികളിൽ കരാറുകാരന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുള്ളതായും ഫയലിൽനിന്നും ബോധ്യമാകുന്നു. സ്ഥലപരിശോധനയിൽ ഫൗണ്ടേഷനും ഭിത്തിയും മാത്രംനിർമ്മിച്ചിട്ടുള്ളതായാണ് കണ്ടത്. റൂഫിംഗും പെയിന്റിംഗും നടന്നിട്ടില്ലാത്തതിനാൽ നടപ്പാക്കിയ പ്രവൃത്തികൾ സംരക്ഷിക്കപ്പെടാതെ നശിച്ചുപോകാവുന്ന സാഹചര്യം നിലനിൽക്കുന്നു. വാഷ്ബേസിൻ സ്ഥാപിക്കാനുള്ള കോൺക്രീറ്റ് സ്ലാബിന്റെ കമ്പികളും, ജനാലകളുടെ കമ്പികളും തുരുമ്പിച്ച നിലയിലും സ്ലാബ് ചരിഞ്ഞ് അടർന്നുപോകാവുന്ന നിലയിലുമാണ്കാണുന്നത്. നിലവിൽ പ്രോജക്ട്നിർവ്വഹണം മുടങ്ങിയ നിലയിലാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം- 20/20-1-24) . ഭാഗികമായി നടപ്പാക്കിയ പ്രവൃത്തികൾക്ക് കരാറുകാരന്റെ അപേക്ഷപ്രകാരം പാർട്ട്ബിൽ അനുവദിക്കുകയും എന്നാൽ കരാറുകാരൻ തുടർന്നുള്ള പണികൾ നടത്താതിരുന്ന സാഹചര്യത്തിൽ ടിയാന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതായും ആയതിനുള്ള മറുപടിയായി സാമ്പത്തിക ബുദ്ധിമുട്ടും ശാരീരിക അസ്വസ്ഥതയും മൂലമാണ് പണി നടത്താതിരുന്നതെന്നും 31-3-24നു മുൻപായി പണി പൂർത്തീകരിച്ചുകൊള്ളാമെന്ന് കരാറുകാരൻ രേഖാമൂലം അറിയിച്ചിട്ടുള്ളതായും എൻക്വയറിക്കുള്ള മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകി.

എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തി ഇനങ്ങളും നടപ്പാക്കി പ്രോജക്ട് പൂർത്തീകരിക്കുന്നതിന്

കരാറുകാരന് നിർദ്ദേശം നൽകേണ്ടതും കരാറുകാരൻ പ്രവൃത്തി നടപ്പാക്കാത്തപക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി മറ്റ് തരത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-49 കോവിലകത്തുകടവ് മാർക്കറ്റിൽ ശുചിത്വസമുച്ചയം - പദ്ധതി പൂർത്തീകരിച്ചില്ല -**

| | |
|---|---|
| പ്രോജക്ട്നം | 115/23 ( ) |
| അടങ്കൽ | 700000/-(സി.എഫ്.സി. ടൈഡ് ഗ്രാന്റ്)<br>325338/-( സ്വച്ഛ ഭാരതമിഷൻ ഫണ്ട്)<br>174662/-( ശുചിത്വമിഷൻഫണ്ട്)<br>ആകെ- 1280000 |
| ചെലവ് | 780000/- |
| ബിൽനമ്പർ | 230/10-2-23 |

കോവിലകത്തുംകടവ് മാർക്കറ്റിൽ പൊതുശൗചാലയം നിർമ്മിക്കുന്നതിനായി 2021-22ൽ ആവിഷ്ക്കരിച്ചതാണ് മേൽപ്രോജക്ട്. ടെൻഡർ റീടെൻഡർ നടപടികളിലൂടെ ശ്രീ.ഗിരീശൻ എന്ന കരാറുകരൻ സമർപ്പിച്ച 1075813/-രൂപയുടെ ടെൻഡർ കൗൺസിൽ അംഗീകരിക്കുകയും (30-3-22-ലെ സപ്ലിമെന്ററി അജണ്ട നം-1)ടിയാളുമായി **4-4-22-ൽ** കരാർ വയ്ക്കുകയും പ്രവൃത്തിസ്ഥലം കൈമാറുകയും ചെയ്തു. വേമ്പനാട്ട് കായലിൽനിന്നും 30 മീറ്റർ ദൂരപരിധിയിലാണ് നിർദ്ദിഷ്ട പ്രവൃത്തി സ്ഥലം എന്നതിനാൽ നിർമ്മാണപ്രവർത്തനത്തിന് കേരള തീരദേശപരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. അതോറിറ്റിയിൽനിന്നും ക്ലിയറൻസ് വാങ്ങുന്നത് സംബന്ധിച്ച് ഫയലിൽ കുറിച്ചിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനത്തിന് അനുമതി ലഭിച്ചിട്ടുള്ളതായി ഫയലിൽ രേഖകളില്ല. എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിൽ ,നികത്ത് ഭൂമി ആയതിനാൽ പൈലിംഗ് ആവശ്യമാണെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനായി Column Footing എക്സ്ട്രാ ഇനമായിഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു. സ്ത്രീകൾക്കും പുരുഷൻമാർക്കും രണ്ട് ടോയ് ലറ്റ് യൂണിറ്റുകൾ വീതവും വെയിറ്റിംഗ് ഏരിയയും ഉൾപ്പെടുത്തി ആകെ 21.23m2 വിസ്തീർണ്ണത്തിലാണ് ടോയ്‌ലറ്റ് സമുച്ചയം നിർമ്മിച്ചിട്ടുള്ളത്. അളവുപുസ്തകം പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ എല്ലാ പ്രവൃത്തി ഇനങ്ങളും നടപ്പാക്കിയിട്ടില്ലായെന്ന് കാണുന്നു. 2023-24വർഷം പ്രോജക്ട്സ്സിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ബാക്കി പണികൾ ഒന്നും തന്നെ നടത്തിയിട്ടാല്ലാത്തതാണ്. സ്ഥലപരിശോധനയിലും സ്ട്രക്ച്ചർ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്ന് കണ്ടു. നിലവിൽ പണി നടക്കുന്നുമില്ല.



എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ നടപ്പാക്കി പ്രോജക്ട് പൂർത്തീകരിക്കാത്ത സാഹചര്യം

സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതൊടൊപ്പം പ്രസ്തുത സ്ഥലത്ത് പ്രവൃത്തി നടപ്പാക്കുന്നതിന് CRZ ക്ലിയറൻസ് ലഭ്യമായിട്ടുള്ളപക്ഷം ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം 37/24-1-2024) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി സ്ഥലം കായലിനോട് അടുത്താണെന്നതിനാലും വേസ്റ്റ് നിക്ഷേപിച്ചിട്ടുണ്ടായിരുന്നതിനാലും മണ്ണിന്റെ Bearing Capacity കുറവാണെന്നും ഫൗണ്ടേഷനായി എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്ന Rubble Masonary-യ്ക്ക് പകരം Coconut Pilingചെയ്ത് Footing Concrete Foundation സ്ഥാപിക്കണമെന്ന് ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നതിനാലാണ് ബാക്കിയുള്ള ഇനങ്ങൾ ഉൾപ്പെടുത്തുവാൻ സാധിക്കാതെവന്നതെന്നും വിശദീകരണം നൽകി. നിലവിൽ ടി പ്രവൃത്തി സ്പിൽഓവർ പ്രോജക്ടായി അംഗീകാരം വാങ്ങി ടെൻഡർ ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചു. ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് തീയതിവരെ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ലാ എന്ന് കാണുന്നു. റീടെൻഡറിലും ആരും പ്രവൃത്തി ഏറ്റെടുക്കുന്നില്ലാത്തപക്ഷം കൗൺസിൽ തീരുമാനത്തിനുവിധേയമായി ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ എല്ലായിനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏറ്റെടുത്തിരുന്നുവെങ്കിൽ ഭാഗീകമായി പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുടർ ടെണ്ടർ നടത്താൻ കഴിയാത്ത അവസ്ഥ ഒഴിവാക്കാമായിരുന്നു.എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തി ഇനങ്ങളും നടപ്പാക്കുന്നതിനും, ഇലക്ട്രിഫിക്കേൻ നടത്തി വൈദ്യുതിയും ജലലഭ്യതയും ഉറപ്പാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടലും പ്രവർത്തനങ്ങളും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

### 1-50 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തീകരിച്ചിട്ടില്ല

എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറിനിർമ്മാണത്തിനായി 2018-19-ൽ 10ലക്ഷം രൂപ വകയിരുത്തി ആവിഷ്ക്കരിച്ചതും സ്പിൽ ഓവറായി തുടർന്നുപോരുന്നതുമായ മേൽപ്രോജക്ടിന്റെ ഭാഗമായി ഓഡിറ്റ് വർഷം 2ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 26500/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 17-ാം വാർഡിലെ ഗുണഭോക്താവായിരുന്ന ശ്രീ പൊന്നപ്പൻ, പെരുമ്പള്ളിച്ചിറ എന്നയാൾ 29-1-2019ൽ കരാർവയ്ക്കുകയും 2019- 20-ൽ 50000/- രൂപ കൈപ്പറ്റുകയും ചെയ്തിരുന്നതല്ലാതെ പഠനമുറിനിർമ്മാണം പൂർത്തീകരിച്ച് തുടർന്നുള്ളഗഡുക്കൾ കൈപ്പറ്റിയിട്ടുള്ളതായി കാണുന്നില്ല. പണിപൂർത്തീകരിക്കണമെന്നറിയിച്ച് 8-2-22-ൽ ടിയാന് കത്ത് നൽകിയിരുന്നതായും കാണുന്നു. ഗുണഭോക്താവ് പഠനമുറി നിർമ്മിക്കാത്തതിന്റെ കാരണം സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-48/24-1-24) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവുമായി ബന്ധപ്പെട്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.പ്രത്യേക പരിരക്ഷ അർഹിക്കുന്ന വിഭാഗത്തിന് വേണ്ടിയുള്ള പ്രോജക്ടുകൾ ഗുണപരമായി നിർവ്വഹിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

### 1-51 താലൂക്ക് ആശുപത്രിയിൽ തുമ്പൂർമൂഴി യൂണിറ്റ് - തുടർ പരിപാലനം സബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | SO 45/23 - താലൂക്ക് ആശുപത്രിയിൽ തുമ്പൂർമൂഴി യൂണിറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | Rs.700000/- |

| | |
|---|---|
| ചെലവ് | 539750/- |

പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിൽ ടി യൂണിറ്റ് സ്ഥാപിച്ച് നൽകിയിട്ടുണ്ട്. 24.01.2024 ൽ നടത്തിയ ഭൗതിക പരിശോധനയിൽ യൂണിറ്റ് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചു. യൂണിറ്റിന്റെ തുടർ പരിപാലനം സബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 61/27.01.24) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. യൂണിറ്റിന്റെ തുടർ പ്രവർത്തനം, മെയിന്റനൻസ്, ജൈവവളം വിൽപ്പന തുടങ്ങിയ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആശുപത്രി അധികാരികളുമായി കരാറിൽ ഏർപ്പെട്ട് യൂണിറ്റിന്റെ പ്രവർത്തനം ഔദ്യോഗികമായി കൈമാറേണ്ടതും തുടർന്നുള്ള പ്രവർത്തനം ഉറപ്പാക്കേണ്ടതുമാണ് .

## 1-52 ലെഗസി വെയിസ്റ്റ് കൈമാറൽ- വെയിംഗ് ബ്രിഡ്ജ് രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് | ചെലവ് |
|---|---|
| പ്രോജക്ട് നം. 75 /23 ലെഗസി വെയിസ്റ്റ് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനുള്ള തുക വകയിരുത്തുന്നത് സംബന്ധിച്ച്- | ചെലവ് 194921 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| പ്രോജക്ട് നം 319/23 - ലെഗസി വെയിസ്റ്റ് നീക്കം ചെയ്യുന്നതിന് ക്ലീൻ കേരളകമ്പനിക്ക്ബാലൻസ് തുക അനുവദിക്കൽ- | ചെലവ് 31834 രൂപ (പൊതു വിഭാഗം) |
| ചെലവ് വിശദാംശങ്ങൾ | എ.സി. ആർ- ബിൽ നം 300/12.03.23 രൂപ 194921<br>ബിൽ നം 299/12.03.23 രൂപ 31834 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ |

ക്ലീൻ കേരള കമ്പനിയുടെ 13.10.2020 തീയതിയിലെ SER 0517 നമ്പർ ടാക്സ് ഇൻവോയിസ് മുഖേന 19055 കി.ഗ്രാം നോൺ ബയോ ഡീഗ്രേഡബിൾ വെയിസ്റ്റ് നീക്കം ചെയ്ത ഇനത്തിൽ 226755 രൂപ നൽകണമെന്ന് (ഒരു കിലോഗ്രാമിന് 10 രൂപ നിരക്കിൽ + ജി.എസ്.ടി) ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ടത് പ്രകാരം 2022-23 സാമ്പത്തിക വർഷം പരാമർശിത പ്രോജക്ടുകൾ മുഖേന പ്രസ്തുത തുക കമ്പനിക്ക് (അക്കൗണ്ട് നം 33622776812) നൽകിയിട്ടുണ്ട്. എന്നാൽ ശേഖരിച്ച അജൈവ മാലിന്യങ്ങളുടെ തൂക്കം രേഖപ്പെടുത്തിയ വെയിംഗ് ബ്രിഡ്ജ് രസീത് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ അജൈവ മാലിന്യങ്ങളുടെ ഭാരത്തിന്റെ ആധികാരികത വ്യക്തമല്ല. ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/21.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരമുള്ള 226755 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വെയിംഗ് ബ്രിഡ്ജ് രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-53 വീട് പുനരുദ്ധാരണം പദ്ധതി - അപേക്ഷകളും രേഖകളും ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് - | നം 135- വീട് പുനരുദ്ധാരണം (എസ്.സി) |
| ചെലവ് | 412300 (എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ |

| | |
|---|---|
| | നിർമ്മാർജ്ജന സെൽ |

പ്രസ്തുത പദ്ധതി പ്രകാരം വൈക്കം നഗര സഭയിലെ എസ്.സി വിഭാഗത്തിൽ ഉൾപ്പെടുന്ന വിവിധ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം നടത്തുന്നതിന് ധന സഹായം നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ താഴെ പറയുന്നവരുടെ അപേക്ഷകൾ, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് അടക്കമുള്ള മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക | ബിൽ വിശദാംശങ്ങൾ |
|---|---|---|---|
| 1 | പ്രസീത എം.ജെ | 19150 | ബിൽ നം 41/13.03.23 തുക 277300 രൂപ |
| 2 | തങ്കമ്മ കെ | 25000 | |
| 3 | പദ്മ രാജു | 16750 | |
| 4 | രമ രാധാകൃഷ്ണൻ | 25000 | |
| 5 | മിനി വിനോദ് | 25000 | |
| 6 | സുമ കെ | 25000 | |
| 7 | സതി ശിവൻ | 19750 | |
| 8 | ലീല | 21500 | ബിൽ നം 42/13.03.23 തുക 110000 രൂപ |
| 9 | അരവിന്ദാക്ഷൻ വി ടി | 25000 | |
| 10 | വാസു പി എ | 25000 | |
| 11 | സുമ അനിൽ | 25000 | |
| 12 | മോഹൻ കെ | 25000 | ബിൽ നം 54/29.03.23 തുക 25000 രൂപ |
| | ആകെ | 277150 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/24.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 277150 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് ഫയലിൽ ആവശ്യമായ എല്ലാ അനുബന്ധ രേഖകളും ഉൾപ്പെടുത്തി ഫയൽ മാനേജ്മെന്റിൽ ശ്രദ്ധിക്കാത്ത നടപടി ഉചിതമല്ല.പരാമർശിത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-54 റോഡ് കണക്റ്റിവിറ്റി മാപ്പ് - പദ്ധതി നടപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | SO 235/23 - റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | Rs. 120000 , CFC Grant |
| ചെലവ് | 0 |

റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി തൻവർഷം പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെങ്കിലും 2022-2023 വർഷം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതായി കാണുന്നില്ല. 2023-2024 വർഷം സ്പിൽ ഓവറായി പ്രോജക്ട് (നമ്പർ SO 262/ 24) ആവിഷ്കരിച്ചിട്ടുള്ളതായി കാണുന്നു. വീതി കുറഞ്ഞ ചെറിയ റോഡുകൾ ഉൾപ്പെടെ വളരെയധികം റോഡുകൾ ഉള്ള നഗരസഭയിൽ റോഡ് വികസന പദ്ധതികൾ നടപ്പാക്കുന്നതിനും, വസ്തു നികുതി, പെർമിറ്റ് തുടങ്ങിയ സേവനങ്ങളുമായി ബന്ധപ്പെട്ടും റോഡുകളുടെ കൃത്യമായ ഡാറ്റ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.11.2022 ലെ DB3/753/2013/CE/LID&EW നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് ഡാറ്റ എൻട്രി, ഇവയുടെ ഉദ്യോഗസ്ഥ തലത്തിലുള്ള

സൂക്ഷ്മ പരിശോധന, വെരിഫിക്കേഷൻ തുടങ്ങിയ നടപടികൾ പൂർത്തിയാക്കി റോഡ് കണക്ടിവിറ്റി മാപ്പ് അന്തിമമാക്കേണ്ടതും ആയത് വിവിധ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തിയും ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**1-55 വിനിയോഗവിവരം ലഭ്യമായില്ല.**

2022-23 വർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ വർക്കുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക, ഫണ്ടിനം | ബിൽ നമ്പർ/ വൗച്ചർ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 145/23 സാമൂഹ്യസുരക്ഷാമിഷൻ സംഭാവന | 800000/- വികസനഫണ്ട് (ജനറൽ) | 105/28.9.22 = 600000/- 285/9.3.23 = 200000/- | സാമൂഹ്യസുരക്ഷാമിഷൻ |
| 2 | 129/23 എസ്.എസ്.എ വിഹിതം നൽകൽ | 400000/- വികസനഫണ്ട് (ജനറൽ) | 108/28.9.22 | പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ |
| 3 | 241/23 വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | 15,67,388/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 467/29.3.23 = 700000/- 468/29.3.23 = 867388/- | കെ.എസ്.ഇ.ബി അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ വൈക്കം |
| 4 | 87/23 ,പ്ളാനിംഗ് ഓഫീസ് കെട്ടിടം നിർമ്മാണം വിഹിതം നൽകൽ | 100000/- വികസനഫണ്ട് (ജനറൽ) | 286/9.3.23 | മെമ്പർ സെക്രട്ടറി ആന്റ് ചെയർപേഴ്സൺ ജില്ലാ പാളാനിംഗ് ഓഫീസ് |
| 5 | 307/23 അന്താരാഷ്ട്ര ടെക്നിക്കൽ കോൺക്ളേവിന് ധനസഹായം | 100000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 284/9.3.23 | എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ |
| | **ആകെ** | **29,67,388/-** | | |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/22.01.24 ) മറുപടി ലഭ്യമായില്ല. മേൽ പ്രോജക്ടുകളുടെ മോണിറ്ററിങ് റിപ്പോർട്ട് , മൂല്യനിർണ്ണയ സാക്ഷ്യപത്രം (ബാധകമായവയ്ക്ക് ) വിനിയോഗസാക്ഷ്യപത്രം മുതലായവ ലഭ്യമാക്കുന്നതിലേക്കായി 29,67,388/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-56 മരണപെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപെടാത്തത് സംബന്ധിച്ച്**

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട്

ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ വൈക്കം

നഗരസഭയുടെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. . ആയതിനാൽ ഗുണഭോക്താവ് മരണമടഞ്ഞതിന് ശേഷവും ബാങ്ക് അക്കൌണ്ടിലേക്ക് പെൻഷൻ വിതരണത്തിനായി തുക ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളതായും കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം | പേര്/ | ആധാർ നം. | മരിച്ച തീയതി | പെൻഷൻ തരം /ഐ ഡി | പ്രതിമാസ പെൻഷൻ | പെൻഷൻ വിതരണം തുടങ്ങിയ മാസം | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 1 | സദാനന്ദൻ.കെ മറവൻ തുരുത്ത് ഗ്രാമപഞ്ചായത്ത് കോട്ടയം | .......1151 | 06/08/2022 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ........0556 | 1600 | മാർച്ച് 2014 | (പെൻഷൻ അവസാനം കൈപ്പ റ്റിയത് ജൂൺ 2023 വരെ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട് (ഡയറക്റ്റ് ഹോം |
| 2 | സുകുമാരി | ........ 4291 | 16/11/22 | ദേശീയ വാർദ്ധക്യകാല പെൻഷൻ ........1969 | 1600 | മെയ് 2015 | 2019 ജൂലൈ വരെ മാത്രമേ കൈപ്പറ്റിയിട്ടുള്ളു. എന്നാൽ മസ്റ്ററിംഗ് നടത്താതെയും സസ്പെൻഡ് ചെയ്യാതെയും 2022 നവംബർ വരെ ബാങ്കിലേയ്ക്ക് തുക നിക്ഷേപിച്ച് കൊണ്ടിരുന്നു. |
| 3 | എസ്. ജവന്തീശ്വര അയ്യർ | ........ 7906 | 09/12/21 | ........0910 ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | ജൂൺ 2014 | 2022 സെപ്റ്റംബർ വരെ കൈപ്പറ്റിയിട്ടുണ്ട്. അക്കൗണ്ട് ക്ലോസ് ആയി തുക നിക്ഷേപി ക്കാതിരിക്കാൻ കഴിഞ്ഞിട്ടും സസ്പെൻഡ് ചെയ്യാതെ നിലനിർത്തി 2023 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഏപ്രിൽ വരെ നിക്ഷേപിച്ചിട്ടുണ്ട്. |
| 4 | കുമാരൻ | ........ 3248 | 09/11/22 | ........0170 കർഷക തൊഴിലാളി പെൻഷൻ | 1600 | ജനവരി 2003 | Sep 2022 വരെ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട് എന്നാൽ മാർച്ച് 2023 വരെ തുക നിക്ഷേപിച്ചിട്ടുണ്ട്. (ഡയറക്ട് റ്റു ഹോം) |
| 5 | രുഗ്മിണി അമ്മ | ........ 1965 | 02/11/22 | കർഷക തൊഴിലാളി പെൻഷൻ ........2075 | 1600 | 2018 ഓഗസ്റ്റ്. | അവസാനം തുക കൈപ്പറ്റിയത് 2022 Sep വരെ തുക സഹകരണബാങ്കിൽ നിക്ഷേപിച്ചത് മാർച്ച് 2023 വരെ (ഡയറക്ട് റ്റു ഹോം) |
| 6 | കൗസല്യ | ....... 4549 | 16/09/22 | ........0546 വിധവാ പെൻഷൻ | 1600 | മാർച്ച് 2014 | തുക കൈമാറിയിട്ടില്ല. എന്നാൽ (ഡയറക്ട് റ്റു ഹോം ) സഹകരണബാങ്ക് തിരികെ ഒടുക്കിയിട്ടില്ല. |
| 7 | ലീലാഭായ് | ........ 6142 | 13/09/2022 | ........0943 വാർദ്ധക്യകാല പെൻഷൻ | 1600 | ജ്രൂൺ 2014 | മാർച്ച് 2023 വരെ തുക നിക്ഷേപിച്ചിട്ടുണ്ട്. |
| 8 | നളിനി ശങ്കരൻ | ........ 1391 | 15/08/22 | ഡിസെബിലിറ്റി പെൻഷൻ സ്കീം | 1600 | ജനവരി 2003 | ഏപ്രിൽ 2023 വരെ തുക നിക്ഷേപിച്ചിട്ടുണ്ട്. |
| 9 | രാധ | | 09/10/22 | കർഷക തൊഴിലാളി പെൻഷൻ .......0754 | 1600 | ഡിസംബർ 2014 | മാർച്ച് 2023 വരെ തുക നിക്ഷേപിച്ചിട്ടുണ്ട്. |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 23/01/2024ലെ 30–ാം നം. എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മരണപ്പെട്ട ഗുണഭോക്താക്കളുടെ പേരുവിവരം നിലവിലും ആക്ടീവ് സ്റ്റാറ്റസ് ആയി സേവന സോഫ്റ്റ് വെയറിൽ കാണപ്പെടുന്നു .ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/ | ആധാർ നം. | മരിച്ച തീയതി | പെൻഷൻ തരം / ഐ ഡി |
|---|---|---|---|---|
| 1 | മോഹനൻ.കെ.എസ് | 843424804695 | 22/10/22 | മോഹനദാസ് തലയോലപ്പറമ്പ് എന്ന പേരിൽ |

| | | | | |
|---|---|---|---|---|
| | | | | (പെൻഷൻ ഐ. ഡി നം105100202438) സസ്പെൻഡ് ചെയ്തിട്ടുണ്ട് എന്നാൽ പിന്നീട് 2043283649 എന്ന പെൻഷൻ ഐ.ഡി നമ്പറിൽ നിലവിൽ ആക്ടീവ് ആയി തുടരുന്നു. |

നഗരസഭയുടെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ , വൈക്കം ടൗൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി.നം.K349 ൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ, ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരണപ്പെട്ടവരും മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തവരുമായ ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ യഥാസമയം സേവന ഡേറ്റാ ബേസിൽനിന്നും നീക്കം ചെയ്തിട്ടില്ലാത്തത് പോലെ തന്നെ മരണമടഞ്ഞ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ കോ-ഓപ്പറേറ്റീവ് ബാങ്ക് ലഭ്യമാക്കിയിട്ടും യഥാസമയം നീക്കം ചെയ്യുന്നില്ല.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ, ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ, ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

ടി ഗുണഭോക്താക്കൾക്കായി അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഒടുക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 25/01/2024-ലെ 25-ാം നം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സേവന ഡേറ്റാബേസിലെ അപാകതകൾ പരിഹരിക്കുന്നതിനും അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-57 പി.എം.എ.വൈ - അവലോകനം.

പി.എം.എ.വൈ ഭവനപദ്ധതി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതിവിവരം ഓരോ ഡി.പി.ആർ പ്രകാരം വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.( ആകെ 7 ഡി പി ആർ)

| ഡി.പി.ആർ നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | കരാറിലേർപ്പെട്ടവർ | ആദ്യ ഗഡു കൈപ്പറ്റിയവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | മൂന്നാം ഗഡു കൈപ്പറ്റിയവര് | നാലാം ഗഡു കൈപ്പറ്റിയവര് | പൂർത്തിയാക്കിയവർ | ബാലൻസ് |
|---|---|---|---|---|---|---|---|---|
| 1 | 30 | 30 | 30 | 30 | 30 | 29 | 29 | 1 |
| 2 | 116 | 116 | 116 | 114 | 114 | 112 | 112 | 4 |
| 3 | 16 | 16 | 16 | 14 | 14 | 14 | 14 | 2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 149 | 149 | 149 | 141 | 138 | 120 | 120 | 29 |
| 5 | 20 | 19 | 19 | 11 | 5 | 0 | 0 | 19 |
| 6 | 91 | 49 | 41 | 15 | 3 | 0 | 0 | 41 |
| 7 | 51 | 33 | 30 | 13 | 2 | 0 | 0 | 30 |
| ആകെ | 473 | 412 | 401 | 338 | 306 | 275 | 275 | 126 |

നാളിതുവരെ 126 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാനുണ്ട്. 5,6,7 ഡി.പി.ആറുകളിലായി 101 ഗുണഭോക്താക്കളാണ് തൻവർഷം കരാറിലേർപ്പെട്ടത്. ടി ഗുണഭോക്താക്കളാരും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല . ആയതിൽ തന്നെ 51 ഗുണഭോക്താക്കൾ ആദ്യഗഡു മാത്രം കൈപ്പറ്റിയവരാണ്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

**നിർമ്മാണപുരോഗതി മന്ദഗതിയിൽ- വലിയ തുകകൾ നഷ്ടപ്പെടുത്തുന്നു.**

ഭവനനിർമ്മാണത്തിനായി തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളും ആയതിന്റെ ചെലവ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| 84/23 ലൈഫ് എസ്.സി | 2472538/- വികസനഫണ്ട് (എസ്.സി.പി) | 800000/- | 1672538/- |
| 149/23 പി.എം.എ.വൈ എസ്.സി | 2211782/- വികസനഫണ്ട് (എസ്.സി.പി) | 80000/- | 2131782/- |
| 254/23 പി.എം.എ.വൈ | 4200725/- വികസനഫണ്ട് (ജനറൽ) | 480000/- | 3720725/- |
| | | ആകെ | 75,25,045/- |

ഭവനനിർമ്മാണത്തിനായി വലിയതുകകൾ വകയിരുത്തുകയും ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ പൂർത്തിയാക്കാത്തതിനാൽ 75,25,045/- രൂപ നഷ്ടമാകുകയും ചെയ്ത അവസ്ഥ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**രജിസ്റ്റർ സൂക്ഷിപ്പ്**

**മുൻ**വർഷങ്ങളിലുൾപ്പെടെ വിവിധ ഡി.പി.ആറുകളിലായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തി വിവിധ സ്റ്റേജുകളിലായി നാളിതുവരെ കൈപ്പറ്റിയ തുകകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഗുണഭോക്താക്കളുടെ പേഴ്സണൽ ഫയലുകളിൽ മാത്രമാണ് തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകതകൾ പരിഹരിക്കേണ്ടതും രജിസ്റ്റർ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17/01/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം

2022-23 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.

തൻവർഷം പ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് |
|---|---|---|---|
| 241/22-23 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി വൈക്കം | 1567388/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു. ഇഎംഎസ് ഹൗസിംഗ് ലോൺ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വായ്പ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെയുആർഡിഎഫ് സി പിഎംഎവൈ ഹൗസിംഗ് ലോൺ | ജി.ഒ(എംഎസ്)നം. 68/18/ എൽഎസ്ജിഡി തീയതി 18/05/2018 | 40653333 | 36792239 | . | 3573334 | 33218905 |
| ഇഎംഎസ് ഹൗസിംഗ് ലോൺ | ജിഒ(പിഎസ്)നം. 129/2009/ടിഡി തീയതി 16/07/2009 | 867975 | 975 | - | | 975 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-26 | 2012-13 | അദ്ധ്യായം 2 ഖണ്ഡിക 2-5 | നഗരസഭകളും പരസ്യ നികുതിയും പരസ്യ നികുതി പിരിക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല | നിയസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2011-12 | 2-7 | 2013-14 | 4-6 | ടൗൺ ഹാൾ, റെസ്റ്റ് ഹൗസ് വാടക കുടിശിക ഈടാക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| -- | -- | 2015-16 | 4-2-2 | വിവിധ പദ്ധതികളുടെ അപേക്ഷ ഫോറത്തിൽ അർഹത/ മുൻഗണന മാനദണ്ഡങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (വിഷയാധിഷ്ഠിത അവലോകനം) | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2016-17 | 3-16 | 2017-18 | 1-5-3 | വെള്ളക്കര കുടിശിക - നഗരസഭയ്ക്ക് 4.8 കോടി രൂപയുടെ ബാദ്ധ്യത | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

തൻവർഷം ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 177075867.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139151604 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4245117 |

(ബി) മുൻസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-42 | 122814<br>651010 | അജിത്ത് വി.വി, പ്രോജക്ട് ഓഫീസർ<br>ബിനു ജോർജ്ജ്, പ്രോജക്ട് ഓഫീസർ, |
| 1-52 | 226755 | ബിനു ജോർജ്ജ്, പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-53 | 277150 | ബിനു ജോർജ്ജ്, പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-55 | 2967388 | രമ്യ കൃഷ്ണൻ , സെക്രട്ടറി |
| ആകെ | 4245117 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/ 11.12.2001 |
| 1997-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 1998-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/ 11.07.2008 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/ 4.1.10/6.2.2010 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ) 1497/07, 11.07.08/19.09.2008 |
| 2000-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/ 17.11.08/3.2.2009 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/ 20.04.16 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/ 6.7.09/8.9.09 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/ 30.12.09/30.3.10 |
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/ 11.7.09/8.9.09 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/ 29.03.16 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/ 2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/ 31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/ 09.10.09 |
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/09.09.09 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/ 19.3.10/10.1.11 |
| 2007-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/ 19.3.10/10.01.2011 |

| | |
|---|---|
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.2011 |
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/13/ 21.3.14 |
| 2012-13 | നം.എൽ.എഫ്.കെ.പി8-/832/2014/ 8.9.15 |
| 2013-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175 / 2015/18.03.16 |
| 2014-15 | കെഎസ്എകെടിഎം.പി.8/880/2016 3.10.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി. 17/1206/17/29.01.2018/2.3.2018 |
| 2016-17 | കെഎസ്എ.കെടിഎം.പി.17/2049/18/04.05.2019 |
| 2017-18 | കെഎസ്എ.കെടിഎം.പി.17/178/19/03.08.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി17/1342/20/22.12.20 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി17/185/21 01.04.2023 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി17/186/22 20.04.2023 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി17/303A/ 23/16.06.2023 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 24-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vaikom Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vaikom Municipality for the year 2022-2023

**Date: 19/03/2024**

**Senior Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Vaikom Municipality for the Year 2022-2023 .

**1.Major Observations**

1. Non maintenance of source documents in support of authenticity of General Fund(See para 1.1.1)
2. Non Disclosure of Assets-Assets not classified, evaluated and accounted-Asset Register has not been updated. Omission of Value of Various Assets-Busstands of Muncipality not included in Asset Register.
3. Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year are not available.(See para 1.1.14)

**2.Other Observations**

1.ACR is not properly maintained for recording allottment and utilisation of various Specific Purpose Grants. (B4 Schedule reflects a liability of Rs.25.06 Cr as on 31.03.2023 (See para 1.1.2)

2.Documents for verification of amount accounted as Unsecured loan (B-6 Schedule) not made availble for audit.(See para 1.1.3)
3. Prior Period items are not explained and disclosed by the Secretary through Specific Notes on Accounts.
4.Secured loan and prepaid expenses do not match with each other (B5 & B16 schedule). Secured loan as per B-5 Schedule not seen included in B 16 Schedule)
5.Advance register is not maintained in support of corresponding schedule in the balance sheet.
6.Deposit Register not maintained for Contractors retention Money(340100301) and Water Authority Deposit (340200300). B 18 schedule reflects 7.38 Cr Rupees as deposits made in various agencies to be adjusted and to be capitalized (See para 1.1.8)
7.Government and Other dues register not maintained in support of the concerned schedule. (B9 schedule reflects a total liablity of 2.73 Cr Rupees including government and other dues.
8.Documents for the verification of accuracy of amounts accounted in B 9 Schedule not produced.
9. Ratios on various financial performance as prescribed in accounting rules are not generated and submitted for audit. Notes on accounts not submitted along with Annual Financial Statement.(See para 1.1.4)
10. Net increase or decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
11.Monthly bank reconciliation statement not prepared for two treasury accounts of Muncipality
12.Value of Electric vehicle purchased during the year not included as an asset in Annual Financial Statement.
13.As the Pension Fund accounts are not kept separately and expenditure on account of Pensionary claims are directly charged, wrongly against ownfund, absolute pension expenditure is booked under the head for Pension Contribution remittance (See para 1.1.16).

Senior Deputy Director
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്